# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 മാർച്ച്, വോള്യം: 10 ലക്കം: 7

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

07

## നവകേരള ബജറ്റ്

25 വർഷത്തെ കേരള വികസനം മുന്നിൽ കണ്ടുള്ള ബജറ്റ്

## നവകേരള സൃഷ്ടിക്കായി കേരള ബജറ്റ് 12

പി. നന്ദകുമാർ എം.എൽ.എ

നിയമസഭയിൽ ധനമന്ത്രി ശ്രീ. ബാലഗോപാലൻ അവതരിപ്പിച്ച ബജറ്റിനെ പിന്തുണച്ച് സ. പി. നന്ദകുമാർ എംഎൽഎയുടെ പ്രസംഗം.




ദ്വിദിന ദേശീയ പണിമുടക്കിൽ രാജ്യം നിശ്ചലമാകും 15

നവകേരളം യാഥാർഥ്യമാക്കുന്ന നയപ്രഖ്യാപനം 17 ടി.പി. രാമകൃഷ്ണൻ എംഎൽഎ

ഉക്രൈൻ യുദ്ധം: അമേരിക്കയുടെ ആസൂത്രണം 20 റോജർ ഹാരിസ്

ഉക്രൈൻ യുദ്ധം : സാമ്പത്തിക പ്രത്യാഘാതങ്ങൾ 26 ജോസ് ടി എബ്രഹാം

സർഗ്ഗത്താളുകൾ 31

എൽഐസി സമരപ്രഖ്യാപന കൺവൻഷൻ 32

എൽഐസിയെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ട് 38 കെ.എൻ. ഗോപിനാഥ്

തൊഴിലാളിവർഗത്തിന്റെ പ്രത്യയശാസ്ത്ര പുരോഗതി 42 എൻ. പത്മലോചനൻ

ചുമട്ടുതൊഴിലാളികളുടെ ജോലിയും കൂലിയും 46 ആർ. രാമു

വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# ജനകീയ പ്രസ്ഥാനം ശക്തിപ്പെടുത്തുക

അഞ്ച് സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പുകളിൽ നാലിലും ബിജെപിക്കാണ് വിജയിക്കാനായത്. യു.പി, ഉത്തരാഖണ്ഡ്, മണിപ്പൂർ, ഗോവ എന്നീ സംസ്ഥാനങ്ങളിൽ ബിജെപി വിജയിച്ചത് വർഗീയ ചേരിതിരിവ് ശക്തിപ്പെടുത്തിയും, പണം വാരിയെറിഞ്ഞും, കോർപറേറ്റ് മാധ്യമങ്ങളുടെ വർദ്ധിച്ച പിന്തുണയോടെയുമാണ്. എന്നിട്ടും, വിജയം, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉണ്ടായതിനേക്കാൾ കുറഞ്ഞ ഭൂരിപക്ഷം നേടിയാണ്. പഞ്ചാബിൽ ഭരണത്തിലിരുന്ന കോൺഗ്രസ്സിനെ പരാജയപ്പെടുത്തി, എ.എ.പി വൻ വിജയം നേടി. തെരഞ്ഞെടുപ്പ് നടന്ന അഞ്ച് സംസ്ഥാനങ്ങളിലും, രാജ്യത്തെ പ്രധാന പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസ് വലിയ തകർച്ച നേരിട്ടു. ഈ അഞ്ച് സംസ്ഥാനങ്ങളിലും, താരതമ്യേന ദുർബലമായ ഇടതുപക്ഷത്തിന് നേട്ടമുണ്ടാക്കാനായില്ല.

ബിജെപിയുടെ കോർപറേറ്റ് അനുകൂല സാമ്പത്തിക നയങ്ങളാണ്, അവർക്ക് വർദ്ധിച്ച പിന്തുണ കോർപറേറ്റുകളിൽ നിന്ന് നേടാൻ ഇടയാക്കിയത്. കോർപറേറ്റ് ഉടമസ്ഥതയിലുള്ള മാധ്യമങ്ങൾ, ബിജെപിയെ പിന്തുണച്ചത്, കേന്ദ്രസർക്കാരിന്റെ കുത്തക പ്രീണനനയത്തിന്റെ അടിസ്ഥാനത്തിലാണ്. വർഗീയതക്കും, കോർപറേറ്റ് അനുകൂലനയങ്ങൾക്കുമെതിരെ, ഇടതുപക്ഷമതനിരപേക്ഷ ശക്തികളെ അണിനിരത്താനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നതാണ്, തെരഞ്ഞെടുപ്പ് ഫലം നൽകുന്ന പാഠം.

സ്വാതന്ത്ര്യാനന്തരം ദീർഘകാലം ഇന്ത്യ ഭരിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തകർച്ച അതിദയനീയമാണ്. ബിജെപിയുടെ നയങ്ങളിൽ നിന്ന് വ്യത്യസ്തമായ രാഷ്ട്രീയനയമോ, സാമ്പത്തികനയമോ കോൺഗ്രസ്സിന് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ബിജെപി ഉയർത്തുന്ന തീവ്രഹിന്ദുത്വ നയങ്ങളെ എതിർക്കുന്നതിന് പകരം, മൃദുഹിന്ദുത്വനയമാണ് കോൺഗ്രസ്സ് മുന്നോട്ട് വെച്ചത്. കർഷകരെയും, തൊഴിലാളികളെയും തകർക്കുന്ന ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽനയങ്ങൾ ഉയർത്താനും കോൺഗ്രസ്സിന് കഴിഞ്ഞില്ല. രാഹുൽ–പ്രിയങ്കമാർ നടത്തുന്ന റോഡ് ഷോ കാണാനെത്തുന്ന ജനക്കൂട്ടത്തെ കണ്ട് അവർ മതിമറന്നു. ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന ഒരു വിഷയവും അവർ സംസാരിച്ചില്ല.

ഇന്ത്യയിൽ 'ഹിന്ദുത്വ' വർഗീയതയുടെ പരീക്ഷണശാലയായ യുപിയിൽ, മതനിരപേക്ഷവോട്ടുകൾ ഒന്നിപ്പിക്കാൻ, പ്രധാന ദേശീയപാർട്ടിയായ കോൺഗ്രസ് യാതൊരു ശ്രമവും നടത്തിയില്ല. അവ ഒറ്റക്ക് മത്സരിച്ച മഹാഭൂരിപക്ഷം സീറ്റുകളി

ലും കെട്ടിവെച്ച പണം നഷ്ടപ്പെടുത്തി. കോൺഗ്രസ്സിന്റെ ശക്തി കേന്ദ്രങ്ങൾ എന്നറിയപ്പെടുന്ന റായ്ബറേലി, അമേത്തി മണ്ഡലങ്ങളിൽ പോലും അവർ തോറ്റമ്പി.

ദളിത് ജനതയുടെ പാർട്ടി എന്നവകാശപ്പെടുന്ന ബിഎസ്പി, ബിജെപിയുടെ ബി ടീമായിട്ടാണ് പ്രവർത്തിച്ചത്. അവരുടെ മുഖ്യശത്രു സമാജ്‌വാദിപാർട്ടിയായിരുന്നു. സ്വന്തം ശവക്കുഴി തോണ്ടുന്ന നിലപാടാണ് അവർ സ്വീകരിച്ചത്.

മുസഫർ നഗർകലാപം ഉൾപ്പെടെ, നിരവധി കലാപങ്ങളിലും, അക്രമങ്ങളിലും, വലിയ നഷ്ടം സംഭവിച്ച വിഭാഗമാണ് യു.പിയിലെ മുസ്ലീങ്ങൾ പൗരത്വനിയമഭേദഗതിക്കെതിരായ പ്രക്ഷോഭകാലത്തും മതന്യൂനപക്ഷങ്ങൾ, വലിയ ആക്രമണങ്ങൾക്കിരയായി. 'ഗോരക്ഷ', 'ലൗജിഹാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തി. സംഘപരിവാർ മുസ്ലീങ്ങളെ വേട്ടയാടി. അയോദ്ധ്യക്ക് ശേഷം, കൃഷ്ണജന്മ ഭൂമിയിലെ മുസ്ലീം പള്ളിക്ക് നേരെ അവകാശവാദം ഉന്നയിച്ചു. മുസ്ലീംജനതയെ മതനിരപേക്ഷ ചേരിയിൽ ഉറപ്പിച്ച് നിർത്തുന്നതിന് പകരം, അവരുടെ വോട്ടുകൾ ഭിന്നിപ്പിക്കുന്ന പ്രവർത്തനമാണ്, 'അസറുദ്ദീൻ ഉവൈസി'യുടെ മുസ്ലീംപാർട്ടി നടത്തിയത്. സമാജ്‌വാദി പാർട്ടി പരാജയപ്പെടാൻ കാരണം, ഈ വോട്ട് ഭിന്നിപ്പിക്കലാണ്.

യു.പിയിൽ 7 സീറ്റുകൾ ബിജെപി വിജയിച്ചത് 200ൽ താഴെ വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് 23 സീറ്റുകൾ ജയിച്ചത് 500 വരെ ഭൂരിപക്ഷത്തിനും 49 സീറ്റുകൾ ജയിച്ചത് 1000 വരെ ഭൂരിപക്ഷത്തിനും, 86 സീറ്റുകൾ ജയിച്ചത് 2000 വരെ വോട്ടുകളുടെ ഭൂരിപക്ഷത്തിനുമാണ്. ഈ സീറ്റുകളിലെല്ലാം, ഉവൈസിയുടെ പാർട്ടിയും, ബി.എസ്.പിയും കോൺഗ്രസും പിടിച്ച വോട്ടുകൾ, എസ്പിക്കനുകൂലമായി ചെയ്തിരുന്നുവെങ്കിൽ യുപി തെരഞ്ഞെടുപ്പ് ഫലം മറിച്ചാവുമായിരുന്നു. തെരഞ്ഞെടുപ്പ് കാലത്ത്, ഉവൈസിയുടെ കാറിന് നേരെ, ആരോ വെടിയുതിർത്തതായി വാർത്ത വന്നു. ഉടൻ തന്നെ ഉവൈസിയുടെ 'ജീവൻ' രക്ഷിക്കാൻ ബിജെപി വലിയ താൽപ്പര്യം പ്രകടിപ്പിച്ചത് ഏവരെയും അത്ഭുതപ്പെടുത്തി. ഉവൈസിക്ക് സർക്കാർ 'Z' കാറ്റഗറി സുരക്ഷ പ്രഖ്യാപിച്ചു. മാത്രമല്ല കേന്ദ്ര ആഭ്യന്തരമന്ത്രി, ഇക്കാര്യം ഒരു പ്രസ്താവനയിലൂടെ പാർലമെന്റിനെ അറിയിച്ചു. യുപിയിലാകെ കടുത്ത മുസ്ലീം വിരുദ്ധ പ്രചരണം നടത്തിവന്ന ബിജെപിക്ക്, മുസ്ലീംനേതാവായ ഉവൈസിയുടെ ജീവൻ രക്ഷിക്കാൻ എന്ത് വ്യഗ്രതയായിരുന്നു. ഉവൈസിയും, ബിജെപിയും തമ്മിലുള്ള ഒത്തുകളിക്ക് ഇതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്.

ഈ വെല്ലുവിളികളെ മുഴുവൻ നേരിട്ടാണ്, സമാജ്‌വാദിപാർട്ടി, 2017 നേക്കാൾ മൂന്നിരട്ടിയായി തങ്ങളുടെ സീറ്റ് വർദ്ധിപ്പിച്ചത്. 2017 ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ എസ്പിയുടെ വോട്ട് 21.82 ശതമാനമായിരുന്നത്, 2022 ൽ 32 ശതമാനമായി ഉയർന്നു. ബിജെപി, 2017 ലെ 39.67 ശതമാനത്തിൽനിന്ന് നേരിയ വർദ്ധനവ് മാത്രമാണ് നേടിയത് 41.59 ശതമാനം. ബിഎസ്പി 2017 ലെ 22.23 ശതമാനത്തിൽ നിന്ന് 2022 ൽ

12.75 ശതമാനത്തിലേക്ക് കൂപ്പ് കുത്തിയതാണ് ബി.ജെ.പിക്ക് നേട്ടമായത്. ഗോവയിൽ ബിജെപി 2017 ൽ നേടിയത് 32.48 ശതമാനം വോട്ടാണ് 2022 ൽ അത് 33.31 ശതമാനം ആയി. നേരിയ വർദ്ധനവ് മാത്രം. മണിപ്പൂരിൽ ബിജെപിയുടെ വോട്ടിൽ 2017 നെ അപേക്ഷിച്ചുണ്ടായ വർദ്ധനവ് 1 ശതമാനമാണ്. ഉത്തരാഖണ്ഡിൽ ബിജെപിക്ക് 2017 ൽ 46.51 ശതമാനം വോട്ടുകൾ ലഭിച്ചിരുന്നു. എന്നാൽ 2022ൽ ലഭിച്ചത് 44.3 ശതമാനം മാത്രമാണ് പഞ്ചാബിൽ ബിജെപിക്ക് നേട്ടമുണ്ടാക്കാനായില്ല.

സ്വന്തം നിലയിൽ കോൺഗ്രസ് ഒരു സംസ്ഥാനത്ത് ഭരണം പിടിച്ചിട്ട് മൂന്ന് വർഷവും മൂന്ന് മാസവും കഴിഞ്ഞു. 2018 ഡിസംബറിൽ രാജസ്ഥാനിലും, ഛത്തീസ്ഗഡിലും ഭരണത്തിലേറിയ ശേഷം 19 സംസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. ഒരിടത്ത് പോലും സ്വന്തം നിലയിൽ ഭരണം പിടിക്കാനായില്ല. നവഉദാരവൽക്കരണനയങ്ങൾ, ജനങ്ങളുടെ ജീവിതം തകർക്കുന്ന നിലയിലേക്ക് എത്തുമ്പോഴും അതിനെതിരായ ഒരു നിലപാട് കോൺഗ്രസ്സിനില്ല. രാജ്യത്തെ ഇളക്കിമറിച്ച കർഷകസമരത്തിൽ കോൺഗ്രസ്സിന് ഒരു പങ്കും ഉണ്ടായിരുന്നില്ല. തൊഴിലാളിവിരുദ്ധ തൊഴിൽനിയമഭേദഗതികളെ കോൺഗ്രസ് എതിർത്തില്ല. രാഹുൽഗാന്ധി തന്റെ യാത്രക്കിടെ ഏതെങ്കിലും ചായക്കടകളിൽ കയറി പഴം പൊരിച്ചത് കഴിക്കുന്നതും, കടലിൽ ചാടി ഫോട്ടോക്ക് പോസ് ചെയ്യുന്നതും, ഒരു ദിവസത്തെ വാർത്തക്ക് വകയാവുമെന്നല്ലാതെ, ജനമനസ്സുകളെ സ്വാധീനിക്കാനാവില്ല. രാഷ്ട്രം നേരിടുന്ന, ഗൗരവതരമായ രാഷ്ട്രീയ പ്രശ്നങ്ങളിൽ, വ്യക്തമായ ഒരു നിലപാടും സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. ഒരു കുടുംബത്തിന്റെ പേരിൽ മാത്രം അറിയപ്പെടുന്ന കോൺഗ്രസ്സിന്റെ, സംഘടനാപ്രവർത്തനങ്ങളിൽ ജനാധിപത്യം തൊട്ടുതീണ്ടിട്ടില്ല. ഇത്തരമൊരുപാർട്ടിക്ക്, ബിജെപിക്ക് ബദലാവാൻ കഴിയില്ല.

അസംബ്ലി തെരഞ്ഞെടുപ്പ് നടന്ന 5 സംസ്ഥാനങ്ങളിൽ വലിയ സംസ്ഥാനങ്ങൾ രണ്ടെണ്ണം മാത്രമാണ്. യുപിയും പഞ്ചാബും അതിൽ ഒന്നിലേ ബിജെപി ജയിച്ചുള്ളൂ. അതും പ്രതിപക്ഷത്ത് ഐക്യമില്ലാത്തതുകൊണ്ടുമാത്രം. 2018 ൽ മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് ജയിച്ചിരുന്നു. എന്നാൽ 2019 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ, അതിന്റെ യാതൊരു പ്രതിഫലനവും കണ്ടില്ല. അതുപോലെ, 2022 ലെ നിയമസഭാ തെരഞ്ഞെടുപ്പ് വിജയം കൊണ്ട് മാത്രം, 2024 ൽ നടക്കാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബിജെപി ജയിക്കണമെന്നില്ല.

തൊഴിലാളികൾ, കർഷകർ ഉൾപ്പെടെയുള്ള അദ്ധ്വാനിക്കുന്ന ജനത നേരിടുന്ന ജീവിതപ്രശ്നങ്ങളെ ആസ്പദമാക്കിയും, വർഗീയതക്കെതിരായും അതിശക്തമായ പ്രസ്ഥാനം ഉയർത്തിക്കൊണ്ട് വന്നാൽ മാത്രമെ ബി.ജെ.പികോർപറേറ്റ് സഖ്യത്തെ തോൽപ്പിക്കാനാവൂ. ജനങ്ങളുടെ പ്രസ്ഥാനം ശക്തിപ്പെടുത്താൻ തൊഴിലാളിവർഗ്ഗം ഒറ്റക്കെട്ടായി മുന്നോട്ട് വരണം.






# നവകേരള ബജറ്റ്

**25 വർഷത്തെ വികസനം മുന്നിൽക്കണ്ടു കൊണ്ടുള്ള ബജറ്റാണ് കേരള ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. വരുംകാലത്തേക്കുള്ള വികസന കാഴ്ചപ്പാടും ബദൽ നയങ്ങളും പ്രതിഫലിപ്പിക്കുന്നതാണ് കേരള ബജറ്റ്. നവകേരള സൃഷ്ടിക്കായി അനേകം വികസനോന്മുഖ നടപടികൾ ബജറ്റ് വിഭാവനം ചെയ്യുന്നു. അടിസ്ഥാന സൗകര്യ വികസനം, തൊഴിലവസരം ഉയർത്തുക, വിജ്ഞാന ഉൽപ്പാദനവുമായി ബന്ധിപ്പിച്ചുള്ള നടപടികൾ, വിലക്കയറ്റം നേരിടുക, കാർഷിക വ്യാവസായിക രംഗത്ത് കുതിച്ചുചാട്ടം, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ മുന്നേറ്റം തുടങ്ങിയവ കേരള ബജറ്റിലെ മുഖ്യ ലക്ഷ്യങ്ങളാണ്.**

- 1.34 ലക്ഷം കോടി വരവും 1.57 ലക്ഷം കോടി ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്.
- മൂലധന ചെലവിനായി 14891 കോടി രൂപ
- സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.3 ശതമാനം റവന്യൂ കമ്മി, 3.91 ശതമാനം ധനക്കമ്മി, 37.18 ശതമാനം പൊതുകടം.



- അൻപതിനായിരം മുതൽ രണ്ട് ലക്ഷം വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള 20 പുതിയ മൈക്രോ ഐ.ടി പാർക്കുകൾ.



- 50 കോടി രൂപ ചെലവിൽ അഭ്യസ്തവിദ്യരായ വീട്ടമ്മമാരുൾപ്പടെ ഐ.ടി തൊഴിലുകളുടെ ഭാഗമാകാൻ കഴിയുന്ന ഐ.ടി അധിഷ്ടിത സൗകര്യങ്ങളുള്ള 'വർക്ക് നിയർ ഹോം' പദ്ധതി
- വ്യാവസായിക വളർച്ച ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകളും സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കും.



## വിജ്ഞാനത്തെ ഉൽപ്പാദനവുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ

1. 1000 കോടി രൂപ ചെലവിൽ 4 സയൻസ് പാർക്കുകൾ.
2. നോളജ് എക്കോണമി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി 350 കോടി രൂപ ചെലവിൽ ഡിസ്ട്രിക്ട് സ്കിൽ പാർക്കുകൾ. ഈ പാർക്കുകളിൽ ഭാവി സംരംഭകർക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യ അഞ്ച് വർഷത്തേക്ക് സബ്സിഡിയും മറ്റ് സൗകര്യങ്ങളും.
3. 140 കോടി രൂപ ചെലവിൽ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സ്കിൽ കോഴ്സുകൾ ആരംഭിക്കും.



4. മെഡിക്കൽ സംരംഭക എക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിനായി മെഡിക്കൽ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ കോർത്തിണക്കി 100 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് മെഡിക്കൽ ടെക് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കും.
5. ആരോഗ്യ സംരക്ഷണം, ജനിതക വൈകല്യങ്ങളുടെ പഠനം, പ്രാഥമിക മേഖലയുടെ ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തൽ, മെഡിക്കൽ, കാർഷിക, കന്നുകാലി മേഖലയുമായി ബന്ധപ്പെട്ട് 500 കോടി രൂപ ചെലവിൽ കേരള ജനോമിക് ഡേറ്റാ സെന്റർ
6. ന്യൂട്രാസ്യൂട്ടിക്കൽസിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് തുടക്കം കുറിയ്ക്കും.
7. കൊല്ലത്തും കണ്ണൂരും പുതിയ ഐ.ടി പാർക്കുകൾ, കൂടാതെ ദേശീയ പാത 66ന് സമാന്തരമായി 4 ഐ.ടി ഇടനാഴികൾ.

- കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ മൂല്യവർദ്ധിത കാർഷിക മിഷൻ.




- മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾക്കുള്ള ബൾക്ക് ടെട്രാ പാക്കിംഗ്, പരിശോധനാ സർട്ടിഫിക്കേഷൻ മുതലായവയ്ക്ക് 175 കോടി രൂപ ചെലവിൽ അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ



- കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 100 കോടി രൂപ ചെലവിൽ 10 മിനി ഫുഡ് പാർക്കുകൾ.
- കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താൻ സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനത്തിൽ മാർക്കറ്റിംഗ് കമ്പനി.
- റഷ്യ–യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേക്ക് തിരികെ വന്ന വിദ്യാർത്ഥികളുടെ തുടർപഠനം സാധ്യമാക്കാനും സർട്ടിഫിക്കറ്റുകളും രേഖകളും കൈമോശം വന്നവർക്ക് അത് വീണ്ടെടുക്കാനും വിദേശത്ത് പഠിക്കുന്ന മലയാളികളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കാനുമായി നോർക്ക വകുപ്പിന് 10 കോടി രൂപ.
- 2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- ആദിത്യ മാതൃകയിൽ അടുത്ത 5 വർഷം കൊണ്ട് 50 ശതമാനം ഫെറി ബോട്ടുകളും സോളാർ എനർജിയിലാക്കും.
- കേരളത്തിലെ വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കൾക്ക് 500 കോടി രൂപയുടെ വായ്പ.



- നെല്ലിന്റെ താങ്ങുവില 28.2 രൂപയായി ഉയർത്തും.
- മനുഷ്യവന്യമൃഗ സംഘർഷങ്ങളിൽ പരിക്കേൽക്കുന്നവർക്കും ജീവഹാനി സംഭവിക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിനായി 7 കോടി രൂപ.



- കേരള ഗ്രാമീൺ ബാങ്കിന്റെ അധിക മൂലധന നിക്ഷേപം നടത്തുന്നതിനായി 91.75 കോടി രൂപ
- സിയാലിനെ പൊതുമേഖലയിൽ നിലനിർത്താൻ 186 കോടി രൂപയുടെ മൂലധന നിക്ഷേപം.
- രണ്ടാം കുട്ടനാട് പാക്കേജിനായി 140 കോടി രൂപ



- ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജുകൾക്കായി 75 കോടി രൂപ വീതം
- ശബരിമല മാസ്റ്റർ പ്ലാനിനായി 30 കോടി രൂപ
- വഴിയോര കച്ചവടക്കാർക്ക് വെളിച്ചത്തിനും വൈദ്യുതോ പകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും സോളാർ പുഷ് കാർട്ടുകൾ
- 28 കോടി രൂപ ചെലവിൽ ഇലക്ട്രോണിക്സ് ഹാർഡ് വെയർ ടെക്നോളജി ഹബ്
- കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കാനുമായി 30 കോടി രൂപ



- കയർ മേഖലയ്ക്ക് 117 കോടി രൂപ, കയറുൽപ്പന്നങ്ങളുടെ വിലസ്ഥിരത ഫണ്ടിനായി 38 കോടി
- സ്കൂൾ യൂണിഫോമിന് 140 കോടി രൂപ
- കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പാദനം സാങ്കേതികവിദ്യാ നവീകരണം എന്നിവ സാധ്യമാക്കാൻ 40.56 കോടി രൂപയുടെ മാർക്കറ്റിംഗ് ഇൻസെന്റീവ്.



- ഐ.ടി മേഖലയ്ക്ക് 559 കോടി രൂപ
- കെ.എസ്.ഐ.ഡി.സിയുടെ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ 100 സ്റ്റാർട്ടപ്പുകൾക്കും MSMEകൾക്കും 2 കോടി രൂപ സാമ്പത്തിക സഹായം



- കെറെയിൽ പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി വഴി 2000 കോടി രൂപ.

- സർക്കാർ സേവനങ്ങൾ വേഗത്തിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് വേണ്ടി സംസ്ഥാനത്തുടനീളം 2000 വൈഫൈ ഹോട്ട് സ്പോട്ടുകൾ
- ദേശീയ പാത അതോറിറ്റിയുടെ കീഴിൽ 1.31 ലക്ഷം കോടിയുടെ വിവിധ റോഡു നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ സ്ഥലമേറ്റെടുക്കലിന്റെ 2550 ശതമാനം തുക സർക്കാർ വഹിക്കുന്നു.
- തിരുവനന്തപുരം അങ്കമാലി എം.സി റോഡിന്റെയും, കൊല്ലം–ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി വഴി 1500 കോടി
- റോഡുകൾക്കും പാലങ്ങൾക്കുമായി 1207 കോടി രൂപ.






- കെ.എസ്.ആർ.ടി.സിയ്ക്ക് 1106 കോടി രൂപ

- റോഡ് നിർമ്മാണത്തിൽ റബ്ബർ മിശ്രിതം കൂടി ചേർക്കുന്ന പദ്ധതിയ്ക്കായി 50 കോടി രൂപ
- സ്ത്രീ സുരക്ഷ മുൻനിർത്തി പൊതുഗതാഗത സംവിധാനങ്ങളിൽ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം
- കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ
- പട്ടിക വിഭാഗങ്ങളിൽപ്പെട്ടവരും മത്സ്യ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ വാതിൽപ്പടി റേഷൻ കട.
- കെ–ഡിസ്കിന് 200 കോടി രൂപ
- നവോത്ഥാന നായകനും സ്വാതന്ത്ര്യസമര സേനാനിയുമായ സഖാവ് പി.കൃഷ്ണപിള്ളയുടെ ജന്മസ്ഥലമായ വൈക്കത്ത് 2 കോടി രൂപ ചെലവിൽ പി.കൃഷ്ണപിള്ള നവോത്ഥാന പഠന കേന്ദ്രം സ്ഥാപിക്കും.
- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 342.64 കോടി രൂപ.



- കഥകളിയുടെ ജന്മദേശമായ കൊട്ടാരക്കരയിൽ കൊട്ടാരക്കര തമ്പുരാന്റെ നാമധേയത്തിൽ 2 കോടി രൂപ ചെലവിൽ കഥകളി പഠന കേന്ദ്രം.
- അതി ദാരിദ്ര്യ ലഘൂകരണ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 100 കോടി രൂപ.
- ട്രാൻസ് ജൻഡറുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമൂഹിക പരിരക്ഷ നൽകാനുമുള്ള മഴവിൽ പദ്ധതിയ്ക്ക് 5 കോടി രൂപ.
- കോവിഡിന് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് ലോട്ടറികളുടെ ഘടനയും പ്രവർത്തനങ്ങളും എത്തിക്കും.
- കെ.എസ്.എഫ്.ഇ അടുത്ത സാമ്പത്തിക വർഷത്തിൽ 3 മേഖലാ ഓഫീസുകളും 50 പുതിയ ശാഖകളും 15 മൈക്രോ ശാഖകളും ആരംഭിക്കും.



- കിഫ്ബി വഴി 2134.5 കോടി രൂപയുടെ ട്വിൻ ടണൽ പദ്ധതിയ്ക്കും തലപ്പാടി–കാരോട് ദേശീയപാതയുടെ സ്ഥലമേറ്റെടുക്കലിനുമായി 6769 കോടി രൂപയും അനുവദിക്കുന്നു.
- കെ.എഫ്.സിയുടെ വായ്പാ ആസ്തി അടുത്ത 2 വർഷത്തിനകം പതിനായിരം കോടി രൂപയായി വർദ്ധിപ്പിക്കും.
- കെ.എഫ്.സിയുടെ സ്റ്റാർട്ടപ്പ് കേരള പദ്ധതി വഴി അടുത്ത വർഷം 250 കോടി രൂപയുടെ ലോണുകൾ
- കെ.എഫ്.സിയുടെ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി യുടെ വായ്പാ പരിധി 2 കോടി രൂപയായി വർദ്ധിപ്പിക്കും.
- ചെറുകിട ഇടത്തരം സംരംഭകരുടെ ബിൽ ഡിസ്കൗണ്ട് പദ്ധതിയ്ക്കായി 1000 കോടി

# നവകേരള സൃഷ്ടിക്കായി കേരള ബജറ്റ്



പി.നന്ദകുമാർ എംഎൽഎ

**നിയമസഭയിൽ ധനമന്ത്രി ശ്രീ. ബാലഗോപാലൻ അവതരിപ്പിച്ച ബജറ്റിനെ പിന്തുണച്ച് സ. പി. നന്ദകുമാർ എംഎൽഎയുടെ പ്രസംഗം.**

സർ

ധനവകുപ്പ് മന്ത്രി അവതരിപ്പിച്ച 2022–23 വർഷത്തെ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

ബജറ്റ് എന്നത് സർക്കാരിന്റെ കേവലം ഒരു വരവ്ചെലവ് കണക്കല്ല. സർക്കാരിന്റെ നയസമീപനങ്ങൾ വ്യക്തമാക്കുന്ന രേഖ കൂടിയാണ്. 25 വർഷത്തെ സംസ്ഥാനത്തിന്റെ വളർച്ച –നവകേരള സൃഷ്ടി എന്നത് – എങ്ങനെ എന്നത് വ്യക്തമാക്കുന്ന ബജറ്റാണിത്.

വിജ്ഞാനമേഖലയെ ഉൽപ്പാദന മേഖലയുമായി ബന്ധപ്പെടുത്തി വളർച്ച നേടിയെടുക്കുക എന്ന കാഴ്ചപ്പാട് ബജറ്റിൽ പ്രകടിതമാണ്. അതിനായി വൈജ്ഞാനിക മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള ഇടപെടൽ ശ്ലാഘനീയമാണ്.

കാർഷിക മേഖലക്ക് നല്ല ഊന്നലാണ് ബജറ്റിൽ ഉള്ളത്. കൃഷി ചെയ്യണം, പ്രോത്സാഹിപ്പിക്കണം എന്നത് സാമൂഹ്യബോധമായി വരുന്നുണ്ട്.

സ്പൈസസ് മേഖലയിൽ നല്ല സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ ഇടപെടൽ വേണം. തിനകൾക്ക് ഇപ്പോൾ നല്ല മാർക്കറ്റാണ്. ചാമ, രാഗി കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ ഉണ്ടാകണം. നമ്മുടെ നാട്ടിൽ ഒരുകാലത്ത് നല്ല വണ്ണം മേൽപ്പറഞ്ഞ കൃഷികൾ ഉണ്ടായിരുന്നു.

വ്യവസായിക മേഖലയിൽ കുറച്ചുകൂടി നിക്ഷേപം വേണം. 2018ൽ നീതി അയോഗ് പോലും കേരളത്തിന്റെ വ്യവസായിക വളർച്ചയെ പുകഴ്ത്തിയതാണ്. വ്യവസായ വകുപ്പിനുള്ള വിഹിതം – പ്രത്യേകിച്ച് ഉൽപ്പാദന മേഖലയിൽ കൂടുതൽ തുക നീക്കിവെക്കണം. എംഎസ്എംഇയെ കൂടുതൽ സഹായിക്കേണ്ടിയിരിക്കുന്നു.

സാംസ്കാരിക മേഖലയിൽ സർക്കാർ കാണിക്കുന്ന ശ്രദ്ധ എടുത്തു പറയേണ്ടതാണ്. നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നവലിബറൽ നയത്തിന്റെ സ്വാധീന ഫലമായി സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്ന വിനാശകരമായ സാംസ്കാരികാന്തരീക്ഷം മാറ്റിയെടുത്ത് പുരോഗമനാത്മകമായ മണ്ഡലം ശക്തിപ്പെടുത്തുന്നതിന് നല്ല ഇടപെടൽ നടത്തേണ്ടിയിരിക്കുന്നു. അതിന് ഈ ബജറ്റ് കരുത്ത് നൽകും.

ഇന്നത്തെ ആഗോള ദേശീയ രാഷ്ട്രീയ സാഹചര്യവും പരിശോധിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വരുത്തിവെച്ച ആഘാതത്തിൽ നിന്ന് ഇപ്പോഴും നിവർന്ന് ഇരിക്കാൻ കഴിയാത്ത സമയത്താണ് റഷ്യൻ –ഉക്രയിൻ യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളും വന്നത്. കമ്മോഡിറ്റി പ്രൈസുകൾ കണ്ടമാനം വർധിക്കുകയാണ്. പെട്രോൾ ഉൽപ്പന്നങ്ങളുടെ വിലവർധനവ് താങ്ങാൻ കഴിയുന്നില്ല. കൃഷിക്കാർക്ക് സഹിക്കാൻ കഴിയാത്ത വണ്ണം വളത്തിന്റെ വില വർധിക്കുന്നു. ഭക്ഷ്യ എണ്ണയുടെ വില കൂടിക്കൊണ്ടിരിക്കുന്നു. ലോഹങ്ങൾക്ക് – നിക്കൽ, അലുമിനിയം, കോബോൾട്ട് വിലവർധനവ് ഇന്ത്യൻ വ്യവസായങ്ങളെ ബാധിച്ചു തുടങ്ങി.

മോദി സർക്കാർ പകച്ചുനിൽക്കുകയാണ്. നമ്മുടെ സമ്പദ് ഘടനയെ സംരക്ഷിക്കാൻ ഒരു നടപടിയും കൈക്കൊള്ളുന്നില്ല. ഉക്രയിനിൽ നിന്നും മടങ്ങിവന്ന വിദ്യാർഥികളെ സംരക്ഷിക്കാൻ ബജറ്റിൽ 10 കോടി വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കോവിഡാനന്തര കാലം – റഷ്യ –ഉക്രയിൻ യുദ്ധസാഹചര്യങ്ങൾ പുതിയൊരു ലോകക്രമത്തിലേക്ക് നിങ്ങുകയാണ്. അമേരിക്കൻ സാമ്രാജ്യത്തത്തിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും നടക്കാത്ത ഒരു സാഹചര്യത്തിലേക്കാണ് നീങ്ങുന്നത്.

സർ, ഇന്ത്യയുടെ ഉൽപ്പാദന മേഖല ഇപ്പോഴും മരവിച്ചു നിൽക്കുകയാണ്. ഇതിന് പ്രായോഗിക പരിഹാരം കാണാൻ ബിജെപി സർക്കാർ തയ്യാറാകുന്നില്ല. കോർപറേറ്റുകൾക്ക് ആനുകൂല്യങ്ങൾ വാരി വിതറുകയാണ്. രാജ്യത്തിന്റെ സമ്പത്ത് കുത്തകകൾക്ക് വീതിച്ചു കൊടുക്കുന്നു. ഒരു നിലയ്ക്കും പൊതുമേഖല നിലനിന്നു കൂടാ എന്ന കാഴ്ചപ്പാടാണ് കേന്ദ്ര സർക്കാരിന്റേത്. എച്ച്.എൽ.എൽ സംസ്ഥാന പൊതുമേഖലയിൽ പോലും നിലനിർത്തില്ലെന്ന വാശിയാണല്ലോ കേന്ദ്രത്തിനുള്ളത്. അസമത്വം ഭയാനകമാണ്. ഓക്സ്ഫോം ഇന്റർനാഷണലിന്റെ റിപ്പോർട്ട് തലക്കെട്ട് തന്നെ അസമത്വം കൊല്ലുന്നു (inequality killing) എന്നാണ്.

സർ, കോവിഡ് മഹാമാരിയുടെ കാലത്ത് ദാരിദ്ര്യവൽക്കരിക്കപ്പെട്ടവരുടെ ലോക ജനസംഖ്യയിൽ പകുതി ഇന്ത്യയിലാണ്. 84 ശതമാനം വീട്ടുകാരുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് വന്നിട്ടുണ്ട്. 4.6 കോടി ജനങ്ങൾ അതിദരിദ്രരായി. അതേസമയം 14 വൻപണക്കാരുടെ വരുമാനം വർധിച്ചത് 53 ലക്ഷം കോടിയാണ്.

സർ,

നമ്മുടെ പ്രധാനമന്ത്രി പറഞ്ഞത് "75 വർഷം നാം അവകാശങ്ങളിലായിരുന്നു കേന്ദ്രീകരിച്ചത്. ഇനി 25 വർഷം കടമയിലേക്ക് കേന്ദ്രീകരിക്കണം" എന്നാണ്.

എന്താണ് സർ കടമ ?

ആർഎസ്എസ്സിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുക, അതിലേക്കുള്ള പ്രവർത്തിയിലാണ് ബിജെപി സർക്കാർ.

സർ,

നമ്മുടെ രാജ്യത്ത് വിഭവസമാഹരണത്തിന് ഒരു കുറവും ഇല്ല. ശത–സഹസ്ര കോടീശ്വരന്മാരുടെ സമ്പത്തിൽ 142 പേരുടെ വരുമാനത്തിൽ മാത്രം 30 ലക്ഷം കോടിയുടെ വരുമാനമാണ് ഉണ്ടായത്. ഓക്സ് ഫോം റിപ്പോർട്ടിൽ പറയുന്നത് ഇവരുടെ മേൽ 2% നികുതി ചുമത്തിയാൽ 6 ലക്ഷം കോടി സ്വരൂപിക്കാൻ കഴിയും. ഇതിന് പുറമെ കണക്കിൽപ്പെടാത്ത കള്ളപ്പണവും വിലസുകയാണ്. ഇപ്പോഴും വൻകിടകാർക്ക് നികുതി ഇളവ് നൽകുകയും അവരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുകയുമാണ്.

സംസ്ഥാനത്തിന്റെ വരുമാനസ്രോതസ്സുകൾ എല്ലാം തടയുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രവിഹിതം വർഷംതോറും കുറക്കുന്നു. ജിഎസ്ടി കോമ്പൻസേഷൻ ഇല്ലാതാവാൻ പോവുകയാണ്. ഇതിനകത്തും സംസ്ഥാന നിക്ഷേപം കൂടുകയാണ്. വികസനക്കുതിപ്പ് പ്രകടിപ്പിക്കുകയാണ്. ഇവിടെ കടത്തിന്റെയും കമ്മിയുടെയും കണക്കുകൾ പറയുന്നത് കേട്ടു. ഇന്ത്യയുടെ ധനകമ്മിയെത്രയാണ് ? 16,61,196 കോടി രൂപ, ജിഡിപിയുടെ 6.9 ശതമാനം. കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാൻ 58212 കോടി ജിഡിപിയുടെ 5.1% കേരളമാകട്ടെ ജിഡിപിയുടെ 3.91%–വും. എഴുന്നേറ്റു നിൽക്കാൻ കഴിയാത്തവരാണ് അൽപ്പമെങ്കിലും ആരോഗ്യമുള്ളവരെ വിമർശിക്കുന്നത്. കേന്ദ്രത്തിന്റെ പലിശബാധ്യത 2021–22 ൽ ജിഡിപിയുടെ 3.3% ആയിരുന്ന 22–23–ൽ 3.6% ആയി ഉയരുമെന്നാണ് കണക്ക്. ഈ ബാദ്ധ്യത നികത്തുന്നത്



> **ബജറ്റ് കുറച്ചുകൂടി തൊഴിൽമേഖലാ സൗഹാർദമാകണം. വളർന്നുവരുന്ന ഗിഗ് സമ്പദ് വ്യവസ്ഥയുടെ കാലത്ത് അസംഘടിത തൊഴിലാളികളെ സംരക്ഷിക്കാൻ നടപടികൾ വേണം. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ അംഗനവാടിക്കാരുടെ ആനുകൂല്യ ങ്ങൾ നൽകണം. ആശ വർക്കർ മാരുടെ വിഷയങ്ങളോട് മുഖം തിരി ഞ്ഞുനിൽക്കരുത്. അവരുടെ ആവശ്യങ്ങൾ പരിഗണിക്കണം.**

റവന്യൂവരുമാനത്തിൽ നിന്നല്ല. രാജസ്ഥാനിൽ അടക്കം അങ്ങനെയല്ലേ നടക്കുന്നത്. കേന്ദ്രത്തിന്റെ പലിശച്ചിലവ് റവന്യൂ വരുമാനത്തിന്റെ 42.7% ആണ്. ഓയിൽ ബോണ്ടിന്റെ പലിശ 3 ശതമാനത്തിൽ താഴെയാണ്. എക്സൈസ് നികുതിയും സെസ്സും കൂടുന്നത് ഓയിൽ ബോണ്ടിന്റെ പലിശ തീർക്കാനാണെന്നാണല്ലോ നിർമ്മല സീതാരാമൻ പറയുന്നത്. ഇവിടെ പ്രതിപക്ഷം സുരേന്ദ്രാദികളുടെ പ്രചരണം ഏറ്റുപറയുകയാണ്. കേരളം എഫ്ആർബിഎം നിയമപരിധി കർശനമായി നടപ്പിലാക്കണമെന്നാണ് കേന്ദ്രം പറയുന്നത്. അതാണിവിടെ പ്രതിപക്ഷവും ഏറ്റുപിടിക്കുന്നത്. കിഫ്ബിയാണ് മറ്റൊരു പ്രചരണായുധം. കിഫ്ബി ബജറ്റിന് പുറത്ത് കടം എടുക്കുന്നത് മഹാഅപരാധമായിട്ടാണ് ചില സാമ്പത്തിക വിദഗ്ധരും പ്രതിപക്ഷവും പറയുന്നത്. കോൺഗ്രസ്സ് സർക്കാർ തുടങ്ങിവെച്ച ആഗോളവൽക്കരണനയത്തിന്റെ ഭാഗമായി പൊതുനിക്ഷേപത്തിനും പശ്ചാത്തലസൗകര്യവികസനത്തിനും സഹായിച്ചിരുന്ന ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് – ഐഡിബിഐ – ഐഎഫ്സിഐ, ഐസിഐസിഐ എല്ലാം ഇല്ലാതായി. മോദി സർക്കാർ കിഫ്ബി മോഡൽ സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇവിടെ കോൺഗ്രസ്സ് എംഎൽഎ ധനമന്ത്രിയെ പാർട്ടിനയം പഠിപ്പിക്കുന്നത് കേട്ടു. പാർട്ടി സമ്മേളനത്തിൽ അദ്ദേഹം പ്രതിനിധിയായിരുന്ന മട്ടിലാണ് പ്രസംഗിച്ചത്. മോദി രൂപം നൽകിയ സ്ഥാപനത്തെ അദ്ദേഹം കേട്ടതായി പറയുന്നില്ല. നാഷണൽ ബാങ്ക് ഫോർ ഫിനാൻഷ്യൽ ഇൻഫ്രാസ്ട്രക്ചർ ആന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനം ഇന്ത്യക്കകത്തു നിന്നും പുറത്തു നിന്നും ഫണ്ട് സ്വരൂപിക്കുന്നുണ്ട്. കടം എടുക്കുന്നുണ്ട്. ഈ വിഷയം പ്രതിപക്ഷം കാണുന്നില്ല. മോദി നല്ലത്പിണറായി മോശം. 5 സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പു പരാജയത്തിന്റെ പശ്ചാത്തലത്തിൽ യോഗം ചേർന്ന് കോൺഗ്രസ്സ് നേതൃത്വം പറഞ്ഞത്  ബിജെപിയുടെ തെറ്റായ നയങ്ങൾ തുറന്ന് കാണിക്കുന്നതിൽ പരാജയപ്പെട്ടു എന്നാണ്. കോൺഗ്രസ്സുകാരുടെ പണി ഇടതുപക്ഷത്തെ പഴിക്കലല്ലേ. ഇടതുപക്ഷത്തെ എതിർക്കാനല്ലേ രാഹുൽഗാന്ധിയെ ഇവിടെ മത്സരിപ്പിച്ചത്. കോൺഗ്രസ്സ് നേരെയാകാൻ പോകുന്നില്ല എന്നതിന്റെ തെളിവാണ് അസംബ്ലിയിൽ കാട്ടിക്കൂട്ടുന്നത്.

സർ,

ബജറ്റുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. തൊഴിലാളികളുടെ പ്രശ്നം, ബജറ്റ് കുറച്ചുകൂടി തൊഴിൽമേഖല സൗഹാർദമാകണം. വളർന്നുവരുന്ന ഗിഗ് സമ്പദ് വ്യവസ്ഥയുടെ കാലത്ത് അസംഘടിത തൊഴിലാളികളെ സംരക്ഷിക്കാൻ നടപടികൾ വേണം. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ അംഗനവാടിക്കാരുടെ ആനുകൂല്യങ്ങൾ നൽകണം. ആശ വർക്കർമാരുടെ വിഷയങ്ങളോട് മുഖം തിരിഞ്ഞുനിൽക്കരുത്. അവരുടെ ആവശ്യങ്ങൾ പരിഗണിക്കണം.

പുതിയ നികുതിനിർദ്ദേശത്തിൽ ഹരിതിനികുതി എന്ന നിലയിൽ മോട്ടോർ മേഖലയിൽ ചുമത്തിയ നികുതി പുന:പരിശോധിക്കണം. 15 വർഷം കഴിഞ്ഞ വാഹനങ്ങൾ എല്ലാം പൊളിച്ച് മാറ്റണം എന്ന കേന്ദ്രനയം എൽഡിഎഫ് സർക്കാർ അംഗീകരിക്കാൻ പാടില്ലാത്തതാണ്. ഉപജീവനത്തിനുവേണ്ടി പൊതുവാഹനങ്ങളായി ഓടിക്കുന്ന വാഹനങ്ങൾക്ക് ഓട്ടോ മുതൽ ലോറി വരെ 50 ശതമാനം നികുതി കൂട്ടുന്നത് കഷ്ടമാണ്. കേന്ദ്രനയത്തിനെതിരെ മോട്ടോർ തൊഴിലാളികൾ പ്രക്ഷോഭത്തിലാണ്. കേരളത്തിലെ മോട്ടോർ വകുപ്പിലെ ചില ഉദ്യോഗസ്ഥർ രാജാവിനെക്കാൾ രാജഭക്തി കാണിക്കുന്നവരാണ്. അവരെ നിയന്ത്രിക്കണം.

ഈ പാവങ്ങളെ രക്ഷിക്കാൻ പുതുതായി ചുമത്തിയ നികുതി ഒഴിവാക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ബജറ്റിനെ പിന്തുണക്കുന്നു.●

# ദ്വിദിന ദേശീയ പണിമുടക്കിൽ രാജ്യം നിശ്ചലമാകും

മാസങ്ങളോളം നീണ്ടുനിന്ന മതിയായ പ്രചരണം സംഘടിപ്പിച്ചുകൊണ്ടുള്ള മാർച്ച് 28, 29 തീയതികളിൽ 48 മണിക്കൂർ പൊതുപണിമുടക്കം ബിജെപി സർക്കാർ പടുത്തുയർത്തുന്ന ദന്തഗോപുരത്തിന് വിള്ളലേൽപ്പിക്കുവാൻ പോന്ന രാഷ്ട്രീയശക്തയായി മാറിക്കഴിഞ്ഞു. ബിജെപി സർക്കാരിന്റെ തുടർഭരണം രാജ്യത്തിന്റെ സമ്പദ്ഘടനക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. 2021 നവംബർ 11 ന് ന്യൂഡൽഹിയിൽ ചേർന്ന ട്രേഡ് യൂണിയനുകളുടെ ദേശീയ കൺവെൻഷൻ പ്രഖ്യാപിച്ച 12 ആവശ്യങ്ങളുടെ പ്രസക്തി ഈ പണിമുടക്കിലേക്കെത്തുമ്പോൾ കൂടുതൽ പ്രസക്തമാവുകയാണ്. ഫെബ്രുവരി 1 ന് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച കേന്ദ്രബജറ്റ് നിർദ്ദേശങ്ങൾ തൊഴിലാളികളുടെയോ, കൃഷിക്കാരുടെയോ, മറ്റിതര ജനവിഭാഗങ്ങളുടെയോ ജീവിത പരിതസ്ഥിതികൾ മെച്ചപ്പെടുത്താനുള്ള ഒരു നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുന്നതല്ല എന്നാൽ ജനങ്ങളുടെ നികുതിപ്പണം ഉപയോഗപ്പെടുത്തി രാജ്യം പടുത്തുയർത്തിയിട്ടുള്ള, പൊതുമേഖല, തുറമുഖം, പ്രകൃതിവാതകം, ദേശീയപാത, റെയിൽവെ, ടെലികോം, എൽഐസി, ബാങ്കുകൾ ഉൾപ്പെടെയുള്ള ഉൽപ്പാദന, സാമ്പത്തിക, വാണിജ്യവ്യാപാരമേഖലകളെയും, ഊർജമേഖലയെയും വിറ്റുതുലക്കാനുള്ള നിർദ്ദേശങ്ങൾ വാരിക്കോരി പ്രഖ്യാപിക്കുകയാണ്. ലാഭകരമായ പൊതുമേഖലാ വ്യവസായങ്ങളെ വിൽപ്പനയ്ക്ക് വയ്ക്കില്ല എന്ന് രാജ്യം അംഗീകരിച്ച പ്രഖ്യാപിത നിലപാടിനെ ബിജെപി സർക്കാർ കൈയ്യൊഴിഞ്ഞു. പ്രതിരോധമേഖലയെ സ്വകാര്യവൽക്കരിക്കാൻ എതിർപ്പുകൾ ഒഴിവാക്കാൻ നിരോധനം ഏർപ്പെടുത്തുവാനും നരേന്ദ്രമോദി സർക്കാർ മറന്നിട്ടില്ല. തൊഴിൽ നിയമങ്ങൾ ഉടമകൾക്കനുകൂലമായി പൊളിച്ചെഴുതിയ ബിജെപി തങ്ങൾ തൊഴിലാളികൾക്കനുകൂലമാണ് എന്ന് പറയാൻ കഴിയാത്ത സ്ഥിതിയാണ്. പ്രധാനമന്ത്രി ഗതിശക്തി പദ്ധതിയിലൂടെ ദേശീയ ആസ്തി വില്പന, പശ്ചാത്തല മേഖലയുടെ നിർമ്മാണ ഘട്ടത്തിൽ തന്നെയാകാം എന്ന പ്രഖ്യാപിച്ച ബിജെപിക്ക് തങ്ങൾ ദേശീയതക്ക് വേണ്ടി നിലകൊള്ളുന്നു എന്ന് പറയാൻ കഴിയില്ല. 35 കോടി കർഷകരും, തൊഴിലാളികളും അണിനിരന്ന ഭാരതബന്ദിലൂടെ ബിജെപിയുടെ കർഷകദ്രോഹനിലപാടുകളെ തുറന്നുകാണിച്ച ഇന്ത്യൻ കർഷകജനസാമാന്യത്തിന്റെ തോഴന്മാരാണ് തങ്ങൾ എന്ന് ബിജെപിക്ക് ഇനിയും പറയാൻ അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്.




യുപി, ഛത്തീസ്ഘട്ട്, ഗോവ ഉൾപ്പെടെ നടന്ന കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പുകളിൽ സീറ്റ് കുറഞ്ഞു എങ്കിലും 4 സംസ്ഥാനങ്ങളിൽ വിജയിച്ച ബിജെപിക്ക് ലഭിച്ച പിന്തുണ ജാതിയും മതവും, പണവും, വിഭാഗീയതയും കൂട്ടിക്കുഴച്ചു. രാഷ്ട്രീയ അരാജകത്വത്തിന്റേത് മാത്രമായിരുന്നു എന്ന് തിരിച്ചറിയാൻ ഇനി അധികകാലം വേണ്ടിവരില്ല. കർഷകന്റെയും തൊഴിലാളികളുടെയും അടിസ്ഥാന ജനവിഭാഗങ്ങളുടെയും മനസ് തൊട്ടറിയുന്ന രാഷ്ട്രീയ

നിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന ധ്രുവീകരണത്തിലൂടെ ആ മാറ്റം ആസന്നമാവുന്നതാണ് ഭാരതത്തിന്റെ ഇന്നത്തെ സാമൂഹ്യതലം.

ആ സാമൂഹ്യതലം വെട്ടിതെളിക്കുന്നതിൽ തൊഴിലാളിവർഗ രാഷ്ട്രീയത്തിന് വലിയ പങ്ക് നിർവഹിക്കുവാനുണ്ട്. ട്രേഡ് യൂണിയനുകളുടെ ദേശീയരാഷ്ട്രീയത്തിലെ മഹത്തായ ഐക്യനിരക്ക് ആ മാറ്റത്തിന് വേണ്ടി പോരാടാതെ മുന്നോട്ട് പോകാനാകില്ല. ഈ തിരിച്ചറിവാണ്. രാജ്യത്തെ 220മത് ദേശീയ പണിമുടക്കിലൂടെ തൊഴിലാളി വർഗം പ്രഖ്യാപിക്കുന്നത്. വ്യത്യസ്തമേഖലകളിൽ സംഘടിത–അസംഘടിത തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്ത് സൃഷ്ടിക്കുന്ന സമ്പത്തിന്റെ പുറത്ത് അടയിരിക്കുന്നവരെ അവർ തിരിച്ചറിയുന്നകാലം. ആനയ്ക്ക് ആനയുടെ ശക്തി തിരിച്ചറിയുന്ന കാലം.

ദ്വിദിന ദേശീയ പണിമുടക്ക് പതിവുപോലെ കേരളം പരിപൂർണമായി നിശ്ചലമാകും. പതിനായിരക്കണക്കിന് ചുവരുകൾ പണിമുടക്കിന്റെ പ്രാധാന്യം വിളിച്ചറിയിച്ചു. കാസർകോഡ് മുതൽ പാറശ്ശാല വരെ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. ബാനറുകളും, ബോർഡുകളുംപോസ്റ്ററുകളും കൊണ്ട് പണിമുടക്ക് സന്ദേശം ജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. വ്യാപാര വാണിജ്യമേഖലയുടെ സഹകരണവും കടകളിൽ പണിയെടുക്കുന്നവർ പണിമുടക്കുകയും ചെയ്യുമ്പോൾ രാജ്യമാകെ നിശ്ചലമാകും. സ്വകാര്യ വാഹന ഉടമകളുടെ സഹകരണവും മോട്ടോർ മേഖലയിലെ പണിമുടക്കും ചേരുമ്പോൾ വാഹനങ്ങൾ നിരത്തിലിറങ്ങില്ല. വ്യവാസായശാലകളിലും ബാങ്കിംഗ്ധനകാര്യ സ്ഥാപനങ്ങളിലും, ഓഫീസുകളിലും സർക്കാർ സ്ഥാപനങ്ങളിലും പണിമുടക്ക് നോട്ടീസുകൾ മാർച്ച് 11 ന് തന്നെ മാനേജ്മെന്റിന് നൽകിയതോടെ എല്ലാ തൊഴിൽകേന്ദ്രങ്ങളും നിശ്ചലമാകും. തൊഴിലാളികൾ പണിമുടക്കിയാൽ കോടികളുടെ നഷ്ടമുണ്ടാകും എന്ന് പണിമുടക്ക് കഴിഞ്ഞ് വിലപിക്കുന്നവർ എന്തുകൊണ്ട് ഈ നഷ്ടം ഒഴിവാക്കാൻ സർക്കാരിനോട് ആവശ്യപ്പെടുന്നില്ല. തൊഴിലാളികൾ പണിമുടക്കിയാൽ ഒരു ചുക്കും സംഭവിക്കില്ല എന്ന പ്രചരണം അതുകൊണ്ട് തന്നെ ഇക്കൂട്ടർ അവസാനിപ്പിക്കണം. യൂണിയനുകൾ കേന്ദ്രസർക്കാരിന് നൽകിയ 12 ആവശ്യങ്ങളിന്മേൽ കേവല ജനാധിപത്യമര്യാദ കണക്കിലെടുത്ത് ഒരു ചർച്ചക്ക് പോലും നരേന്ദ്രമോദി സർക്കാർ തയ്യാറായില്ല. മുഖ്യധാര മാധ്യമങ്ങൾ പണിമുടക്ക് പോലുള്ള പ്രക്ഷോഭസമരങ്ങൾക്ക് മതിയായ പ്രധാന്യം നൽകുന്നില്ല. ഒരു ചാനൽ ചർച്ചയും ട്രേഡ് യൂണിയൻ നേതാവിനെ ഇരുത്തി ചർച്ച ചെയ്യാൻ തയ്യാറാവുന്നില്ല. തൊഴിൽ പ്രശ്നങ്ങൾ അവർക്ക് സെൻസേഷന്ൽ ആവുന്നില്ല. കിറ്റക്സ്, മുത്തൂറ്റ് പോലുള്ള മുതലാളിമാർ ഗർജിച്ചാൽ ഉടൻ തന്നെ റണ്ണിംഗ് കമന്ററികളുമായി മാധ്യമങ്ങൾ അരങ്ങ് തകർക്കും. മാധ്യമമുതലാളിമാരുടെ ഈ അജണ്ട തിരിച്ചറിയുന്ന ട്രേഡ് യൂണിയനുകൾ സോഷ്യമീഡിയയിൽ സജീവമാകുന്നു.

മാർച്ച് 4 മുതൽ 25 വരെ പ്രഭാഷണപരിപാടികളും കലാപരിപാടികളും കോർത്തിണക്കി സമര സർഗോത്സവപന്തലൊരുക്കുവാൻ സംയുക്ത ട്രേഡ് യൂണിയൻ സോഷ്യൽ മീഡിയ സബ്കമ്മിറ്റി സജീവമായി കേരളത്തിൽ പ്രവർത്തിക്കുന്നു. കോവിഡ് കാലത്തും ദുരിതം കൂടുതൽ പേറേണ്ടിവന്ന സ്ത്രീതൊഴിലാളികൾ ദ്വിദിന ദേശീയ പണിമുടക്കിൽ വനിത കൂട്ടായ്മകൾ 14 ജില്ലകളിലും വ്യത്യസ്തമായി സംഘടിപ്പിച്ചു. സ്ത്രീകളുടെ സ്ക്വാഡുകൾ ചുവരെഴുതിയും, പോസ്റ്റർ ഒട്ടിച്ചും, പ്രസംഗസ്ക്വാഡുകൾ സംഘടിപ്പിച്ചും അവസരസമത്വം അരക്കെട്ടുറപ്പിച്ചിരിക്കുന്നു.

28, 29 തീയതികളിൽ അനിതര സാധാരണമായ നൂറുകണക്കിന് സമരകേന്ദ്രങ്ങൾ കേരളത്തിലെ നഗരകേന്ദ്രങ്ങളിലും, ഗ്രാമകേന്ദ്രങ്ങളിലും തുറക്കാൻ പോവുകയാണ്. മൂന്ന് ഷിഫ്റ്റുകൾ കേന്ദ്രീകരിച്ച് തൊഴിലാളികളെ സമരം കേന്ദ്രത്തിൽ എത്തിക്കുവാൻ സംഘാടക സമതികൾ രൂപീകരിച്ചു കഴിഞ്ഞു.

ഉഷ്ണകാലത്തും വിശ്രമമില്ലാതെ പണിമുടക്ക് സമ്പൂർണമാക്കുവാൻ മാർച്ച് 15 മുതൽ ഒരാഴ്ചക്കാലം കേരളത്തിൽ 25 വാഹനപ്രചരണജാഥകൾ പര്യടനം നടത്തുകയാണ്. ആയിരക്കണക്കിന് പൊതുസമ്മേളനങ്ങൾ പണിമുടക്കിനെക്കുറിച്ച് വിശദീകരിച്ച് മുന്നോട്ട് പോകുന്നു. റെയിൽവേ സ്റ്റേഷനുകളിലും, ബസ് സ്റ്റാൻഡുകളിലും കമ്പോളങ്ങളിലും മൂന്ന് ദിവസം തുടർച്ചയായി ചെറുവിശദീകരണയോഗങ്ങളാണ് സംഘടിപ്പിക്കുന്നത്. കടകൾ അടയ്ക്കുക, യാത്ര ഒഴിവാക്കുക, പണിമുടക്കുക എന്ന ആഹ്വാനം എല്ലാവരിലും എത്തിക്കാനാണ് പരിശ്രമം ആശുപത്രിപാൽ, ആംബുലൻസ് ഉൾപ്പെടെ അവശ്യസർവീസുകൾ അനുവദിക്കുന്ന മുറക്ക് പൊതുജനങ്ങൾക്ക് അസൗകര്യങ്ങൾ ലഭ്യമാകും. ആയതിനാൽ പണിമുടക്കിന്റെ തള്ളിപ്പറയുന്ന കാലം കേരള ജനത ഉപേക്ഷിച്ച്, അനിവാര്യമായ ഈ പണിമുടക്ക് ചരിത്രവിജയമാകും എന്നതിൽ യാതൊരു സംശയവുമില്ല.

(മാർച്ച് 17 വരെയുള്ള സമരപരിപാടികൾ)



# സുസ്ഥിര വികസനത്തിലൂടെ നവകേരളം യാഥാർത്ഥ്യമാക്കുന്ന

## നയപ്രഖ്യാപനം

**നന്ദിപ്രമേയം അവതരിപ്പിച്ച് ടി.പി. രാമകൃഷ്ണൻ എം.എൽ.എ**

- സാമൂഹ്യനീതിയിൽ അധിഷ്ഠിതവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുകയും ചെയ്യുന്ന സുസ്ഥിരവികസന പ്രക്രിയയിലൂടെ നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മുന്നേറ്റത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നാണ് നയപ്രഖ്യാപനം.
- വാഗ്ദാനങ്ങൾ പാലിച്ച് നവകേരള നിർമ്മാണത്തിന്റെ പുതിയ ഘട്ടത്തിലേക്ക് കടക്കുന്നതിനും സഖാവ് പിണറായിയുടെ നേതൃത്വത്തിലുള്ള ഒന്നാം എൽഡിഎഫ് സർക്കാർ സൃഷ്ടിച്ച സ്ഥായിയായ വികസനമാതൃക യാഥാർത്ഥ്യമാക്കുന്നതിനും ഭരണത്തുടർച്ച അനിവാര്യമാണെന്നു തിരിച്ചറിഞ്ഞാണ് കേരളജനത എൽഡിഎഫ് സർക്കാരിനെ വീണ്ടും അധികാരമേൽപ്പിച്ചത്.
- കോർപ്പറേറ്റ് താൽപ്പര്യസംരക്ഷണം മുഖ്യചുമതലയായി ഏറ്റെടുത്ത കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധതൊഴിലാളികർഷകവിരുദ്ധ നയങ്ങൾ സൃഷ്ടിച്ച കടുത്ത പ്രതിസന്ധികളുടെ നടുവിലാണ് നമ്മുടെ രാജ്യം.
- രാജ്യത്തിന്റെ വിലമതിക്കാനാവാത്ത സമ്പത്ത് കേന്ദ്രഭരണാധികാരികൾ കോർപ്പറേറ്റുകൾക്ക് അടിയറവെച്ചുകൊണ്ടിരിക്കുകയാണ്.
- കേന്ദ്രത്തിന്റെ വർഗീയനിലപാടുകൾ ഇന്ത്യയെ ഭീതിജനകമായ അന്തരീക്ഷത്തിൽ എത്തിച്ചിരിക്കുന്നു.
- ജനങ്ങളെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുകയും മതന്യൂനപക്ഷങ്ങളെ വേട്ടയാടുകയും ചെയ്യുന്നു. ഭരണഘടനാദത്തമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു.



ടി.പി. രാമകൃഷ്ണൻ

- ഭരണഘടനാസ്ഥാപനങ്ങളുടെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടുകയാണ്. ആശങ്കാജനകമായ ഈ ദേശീയസാഹചര്യത്തിലാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ജനപക്ഷതൊഴിലാളി ക്ഷേമബദൽ നയങ്ങൾ നടപ്പാക്കിയും മതനിരപേക്ഷത കാത്തുസൂക്ഷിച്ചും ഇന്ത്യക്കാകെ മാതൃകയാകുന്നത്.

- ക്ഷേമവികസനസാമൂഹ്യസുരക്ഷാമേഖല കളിൽ രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർ ത്തുകയാണ് കേരളം.
- നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ നമ്മുടെ സംസ്ഥാനം തുടർച്ച യായി മൂന്നാം തവണയും രാജ്യത്ത് ഒന്നാമ തെത്തിയിരിക്കുകയാണ്.
- നീതി ആയോഗിന്റെ 2021 ലെ ആരോഗ്യ സൂ ചികയിലും കേരളം മുന്നിൽ നിൽക്കുന്നു. രാജ്യത്ത് ഏറ്റവും കുറഞ്ഞ ശിശുമരണനിര ക്കുള്ള സംസ്ഥാനമാണ് കേരളം.
- നീതി ആയോഗിന്റെ ദാരിദ്ര്യസൂചികയനുസ രിച്ച് രാജ്യത്ത് ഏറ്റവും കുറവ് ദരിദ്രർ ഉള്ള സംസ്ഥാനം കേരളമാണ്.
- 2021 ലെ പബ്ലിക് അഫയേഴ്സ് ഇൻഡ ക്സ് പ്രകാരം ഇന്ത്യയിൽ ഏറ്റവും മികച്ച രീതിയിൽ ഭരണനിർവഹണം നടപ്പാക്കുന്ന സംസ്ഥാനമായി കേരളം തെരഞ്ഞെടുക്ക പ്പെട്ടു.
- 1957 ൽ സഖാവ് ഇഎംഎസിന്റെ നേതൃത്വ ത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സൃഷ്ടിച്ച ക്ഷേമവികസന അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് കേരളം മുന്നോട്ടുപോവുകയാണ്.
- ഒരാൾ പോലും പട്ടിണി കിടക്കാത്ത, എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിടമു ള്ള, എല്ലാവർക്കും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസവും മികച്ച ആരോഗ്യപരിരക്ഷ യും അടിസ്ഥാനസൗകര്യങ്ങളും തൊഴിലവ സരവും ഉറപ്പുവരുത്തുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്.
- ലോകത്തിന് തന്നെ മാതൃകയായി മാറിയ പ്രതിരോധആശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ മൂന്നു ഘട്ടങ്ങളി ലും എൽഡിഎഫ് ഗവൺമെന്റ് നടപ്പാക്കി യത്.
- ആരോഗ്യപരിരക്ഷാസംവിധാനങ്ങൾ സുശക്തമാക്കിയും സൗജന്യചികിത്സ ഉറ പ്പാക്കിയും രോഗവ്യാപനം നിയന്ത്രിക്കാനും മരണനിരക്ക് കുറച്ചുനിർത്താനും നമുക്കു കഴിഞ്ഞു.
- വരുമാനം നിലച്ചുപോയവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ധനസഹായം നൽകി.
- എല്ലാവർക്കും ആഹാരം ഉറപ്പുവരുത്തി. സംസ്ഥാനത്തെ മുഴുവൻ റേഷൻകാർ ഡുടമകൾക്കും സൗജന്യമായി ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.
- കോവിഡിനിരയായി മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു.
- കുടുംബനാഥനെ നഷ്ടമായ ദാരിദ്യരേഖ ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാ സം അയ്യായിരം രൂപ വീതം മൂന്നുവർഷം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി. കോവിഡ് ബാധിച്ചു മരിച്ചവരുടെ അവകാ ശികൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിവരികയാണ്.
- എല്ലാവർക്കും സൗജന്യവാക്സിൻ എന്ന നയമാണ് സർക്കാർ സ്വീകരിച്ചത്.
- 18 നു മുകളിൽ പ്രായമുള്ളവരിൽ ആദ്യഡോ സ് വാക്സിനേഷൻ നൂറ് ശതമാനം എന്ന നേട്ടം നാം കൈവരിച്ചു.
- ദേശീയപാത വികസനവും ഗെയ്ൽ വാത കപൈപ്പ് ലൈൻ യാഥാർത്ഥ്യമാക്കിയതും കേരളത്തെ ഡിജിറ്റൽ ലോകത്തിന്റെ നെറുകയിലെത്തിക്കുന്ന കെഫോൺ പദ്ധ തിയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെ തെളിവായി എക്കാലവും കേരളം ഓർമ്മി ക്കും.
- മലയോര ഹൈവേ നിർമ്മാണത്തിനും തീരദേശപാത നിർമ്മാണത്തിനും തുടക്കം കുറിച്ചിരിക്കുകയാണ്. ദേശീയജലപാതയും യാഥാർഥ്യമാകുന്നു.
- സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കരുത്ത് പകരുന്നതിനും വ്യവസായവാണിജ്യവളർ ച്ച ത്വരിതപ്പെടുത്തുന്നതിനും ഉൽപ്പാദനം വർധിപ്പിക്കുന്നതിനും പശ്ചാത്തല സൗകര്യ ങ്ങൾ വികസിപ്പിച്ചേ മതിയാവൂ.
- പതിനൊന്ന് ജില്ലകളിലൂടെ കടന്നുപോ കുന്ന സിൽവർലൈൻ സെമി ഹൈസ്പീഡ് റെയിൽവെ കേരളത്തിന്റെ അഭിമാനപദ്ധ തിയാണ്.
- കാസർകോട് മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർ ലൈൻ യാത്രാസമയം നാലു മണിക്കൂറായി ചുരുക്കുന്നു.
- യാത്രാസൗകര്യത്തോടൊപ്പം ചരക്ക് ഗതാ ഗതസൗകര്യങ്ങളും വർധിക്കും.
- സിൽവർലൈൻ യാഥാർത്ഥ്യമാകുന്നതോ ടെ കേരളം മുമ്പെങ്ങുമില്ലാത്ത വികസന ക്കുതിപ്പിന് സാക്ഷ്യം വഹിക്കും.

- വലിയതോതിൽ നിക്ഷേപത്തിനും സാമ്പത്തികവളർച്ചക്കും തൊഴിലവസരങ്ങൾ സാധ്യമാക്കുന്നതിനും സിൽവർലൈൻ വഴിയൊരുക്കും.
- ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ടിന്റെ 25 ശതമാനം നൽകുന്ന ഏക സംസ്ഥാനമാണ് കേരളം.
- 57,878 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് കാസർകോട്തിരുവനന്തപുരം ദേശീയപാതയിൽ നടക്കാൻ പോകുന്നത്.
- ദിവാസ്വപ്നം മാത്രമെന്ന് പരിഹസിച്ചവർക്കു മുമ്പിൽ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായി കെഫോൺ പദ്ധതി യാഥാർത്ഥ്യമായി കഴിഞ്ഞു.
- രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും ദാരിദ്ര്യരേഖക്കു താഴെയുള്ള നൂറു കുടുംബങ്ങൾക്കു വീതം പതിനാലായിരം കണക്ഷനുകൾ നൽകാൻ പോവുകയാണ്.
- ഇന്റർനെറ്റ് പൗരന്റെ അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം.
- ലൈഫ് പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടുള്ള രാജ്യത്തെ ആദ്യസംസ്ഥാനം എന്ന പദവിയിലേക്ക് കേരളം കുതിക്കുകയാണ്.
- 2.78 ലക്ഷം കുടുംബങ്ങൾക്ക് ഒന്നാം ഘട്ടത്തിൽ വീട് നൽകിക്കഴിഞ്ഞു.
- ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അഞ്ചരലക്ഷത്തോളം കുടുംബങ്ങൾക്ക് സ്വന്തമായ പാർപ്പിടം ലഭിക്കും.
- കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിയ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലെയും കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഉന്നതനിലവാരത്തിലുള്ള പഠനസൗകര്യം ഉറപ്പുവരുത്തിയത് അഭിമാനത്തോടെ എടുത്തുപറയട്ടെ.
- കോവിഡിനെ തുടർന്ന് നടപ്പാക്കിയ ഓൺലൈൻ പഠനരീതിയിലും കേരളം രാജ്യത്ത് ഒന്നാം സ്ഥാനം നേടി.
- ആർദ്രം പദ്ധതിയിലൂടെ പൊതുജനാരോഗ്യരംഗത്ത് വലിയ മാറ്റങ്ങളാണുണ്ടായത്. ഏറ്റവും മികച്ച ചികിത്സാസൗകര്യങ്ങളുമായി സർക്കാർ ആശുപത്രികൾ ഉന്നതനിലവാരത്തിലെത്തി.
- ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിച്ചാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് തുടർഭരണമെന്ന ചരിത്രനേട്ടം കൈവരിച്ചത്.
- 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ നടപ്പാക്കിയ നൂറുദിന പരിപാടിയും കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പാക്കിയ നൂറുദിന പരിപാടികളും കേരളത്തിന്റെ സാമൂഹ്യസാമ്പത്തികതൊഴിൽ പശ്ചാത്തല വികസന മേഖലകളിൽ വലിയ ഉണർവ് സൃഷ്ടിച്ചു.
- കേരളത്തെ സാമ്പത്തികമായി ഞെരുക്കാനാണ് കേന്ദ്രസർക്കാരിന്റെ ശ്രമം.
- എയിംസ്, റെയിൽവെ സോൺ, പുതിയ പാതകൾ ഉൾപ്പെടെയുള്ള റെയിൽവെ വികസനം തുടങ്ങി കേരളത്തിന്റെ ആവശ്യങ്ങളൊന്നും കേന്ദ്രസർക്കാർ അംഗീകരിക്കുന്നില്ല.
- വികസന പദ്ധതികൾക്ക് പ്രതിപക്ഷം ഇടങ്കോലിടുന്നു എന്നുമാത്രമല്ല. പദ്ധതികൾ തടയണമെന്ന് അവർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.
- പ്രളയദുരിതാശ്വാസ നിധിയിലേക്കുള്ള സഹായം നിരുത്സാഹപ്പെടുത്തി.
- ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 64,348 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചുകഴിഞ്ഞു.
- പൊതുമരാമത്ത്, ആരോഗ്യം, വ്യവസായം എന്നീ മേഖലകളിലായി 6943.37 കോടി രൂപയുടെ 44 പദ്ധതികൾക്ക് കഴിഞ്ഞ ദിവസമാണ് കിഫ്ബി ഡയറക്ടർ ബോർഡ് അനുമതി നൽകിയത്.
- വികസനപദ്ധതികൾക്കെതിരായ വിനാശകരമായ സമീപനം ജനങ്ങൾ അംഗീകരിക്കില്ല.
- ഒരു വിഭാഗം സർക്കാർ വിരുദ്ധ മാധ്യമങ്ങളുടെ പിന്തുണയോടെ സർക്കാരിനും വികസന പദ്ധതികൾക്കും എതിരായി നടത്തുന്ന പ്രചാരണകോലാഹലങ്ങളുടെ നിജസ്ഥിതി അറിയാൻ ഇന്ന് മാർഗങ്ങളുണ്ട്.
- പദ്ധതികൾ സുഗമമായി നടപ്പാക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കുന്നതിനു പകരം എല്ലാത്തിനും തടസ്സം സൃഷ്ടിക്കുക എന്ന സമീപനമാണ് ഉത്തരവാദപ്പെട്ട ചില കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്നത്.
- ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ച് അവരുടെ ആഗ്രഹം സഫലീകരിച്ച് നവകേരളസൃഷ്ടിക്കായി ഈ ഗവൺമെന്റ് ധീരമായി മുന്നോട്ടുപോവുകതന്നെ ചെയ്യും.

ഉക്രൈൻ യുദ്ധം

# അമേരിക്ക ആസൂത്രണം ചെയ്ത അട്ടിമറി

**റോജർ ഹാരിസ്**
(ടാസ്ക് ഫോഴ്സ് ഓൺ ദി  അമേരിക്കാസ് എന്ന
സാമ്രാജ്യത്വവിരുദ്ധ മനുഷ്യാവകാശ സംഘടനയിലെ അംഗമാ ണ് ലേഖകൻ.)



**2014ലെ അട്ടിമറിക്ക് മുൻപുതന്നെ 2006ൽ ഉക്രൈനിനെ നാറ്റോയിൽ  ഉൾപ്പെടുത്തുന്നതിനായി   അമേരിക്ക എടുത്ത നിർണായകമായ തീരുമാനം റഷ്യയുടെ നിലനിൽപ്പിന് ഭീഷണി ഉയർത്തിയിരുന്നു. 2021 ഡിസംബറോടെ  അമേരിക്കയാൽ ആയുധവൽക്കരിക്കപ്പെട്ട ഉക്രൈൻ റഷ്യയെ സംബന്ധിച്ചിടത്തോളം സുരക്ഷയുടെ അപകടരേഖകടന്ന് നാറ്റോ സഖ്യത്തിലെ ഒരു അംഗത്തെപ്പോലെ വെല്ലുവിളിയുയർത്താൻ  തുടങ്ങിയിരുന്നു. ഇക്കാരണങ്ങളാൽ ഇന്ന് ഉക്രൈനിൽ നടക്കുന്ന സംഭവവികാസങ്ങളുടെ  പ്രാഥമിക ഉത്തരവാദിത്വം പാശ്ചാത്യരാജ്യങ്ങൾക്കാണെന്നാണ് വിദഗ്ധാഭിപ്രായം**




**റഷ്യയുടെ** ഇപ്പോഴത്തെ കടന്നാക്രമണമാണ് ഉക്രൈൻ യുദ്ധത്തിന് വഴിയൊരുക്കിയതെന്ന് ധരിക്കുന്നത് 2014ൽ അമേരിക്ക ഉക്രൈനിൽ ആസൂത്രണം ചെയ്ത അട്ടിമറിയാണ് യുദ്ധത്തിന് വിത്തുപാകിയതെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വിലയിരുത്തുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു നിഗമനത്തിലായിരിക്കും നമ്മെ കൊണ്ടു ചെന്നെത്തിക്കുക. ഒരു യഥാർത്ഥ ജനകീയ വിപ്ലവത്തിന്റെ സവിശേഷതകൾ ഉണ്ടായിരുന്നു എന്ന പ്രതീതി ജനിപ്പിച്ച ആ അട്ടിമറിയെ ബാഹ്യശക്തികൾ ഭൗമ രാഷ്ട്രീയ(geopolitical) ലക്ഷ്യങ്ങൾ നേടുന്നതിനായി ഉപയോഗിക്കുകയായിരുന്നു.

## അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൈന്യം

അമേരിക്കൻ സാമ്രാജ്യത്വത്തെ സഹായിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സൈന്യമാണ് നാറ്റോ എന്നത് നാം വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമാണ്. അതിനെ ഒരു കൂട്ടം പരമാധികാര രാഷ്ട്രങ്ങളുടെ സഖ്യമായി ലളിതവൽക്കരിച്ചുകാണുന്നത് ലോകത്താകെ ആധിപത്യം കൈവരിക്കുക എന്ന അമേരിക്കൻ വിദേശനയത്തിന്റ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഒരു ആയുധമായിട്ടാണ് അത് ഉപയോഗിക്കപ്പെടുന്നത് എന്ന യാഥാർഥ്യത്തെ നമ്മളിൽ നിന്ന് മറച്ചുവയ്ക്കുവാനിടയാക്കും. അമേരിക്കയുടെ ഈ ലക്ഷ്യം നേടുന്നതിനായി 'സഖ്യത്തിലെ' അംഗരാജ്യങ്ങൾ അവയുടെ സൈന്യങ്ങളെ സമർപ്പിക്കുകയും അമേരിക്കയിൽ നിന്ന് ആയുധങ്ങൾ വാങ്ങുകയും സ്വന്തം പൗരന്മാരെ സൈനികരായി ബലിയർപ്പിക്കുകയും ചെയ്യാൻ നിർബന്ധിക്കപ്പെടുകയാണ്.

സോവിയറ്റ് യൂണിയന്റെ തകർച്ചക്കും ശീതയുദ്ധത്തിന്റെ അവസാനത്തിനും ശേഷം നാറ്റോയെ പിരിച്ചുവിടുന്നതിനു പകരം അതിന്റെ എതിർദിശയിലാണ് കാര്യങ്ങൾ നീങ്ങിയത്. ശീതയുദ്ധാനന്തരം വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന 'സമാധാനത്തിന്റെ വിഹിത' ത്തിനായി ലോകത്തിന്റെ കാത്തിരിപ്പു തുടരുകയാണ്. നാറ്റോയുടെ വ്യാപനമുണ്ടാകില്ല എന്ന ഉറപ്പും പാലിക്കപ്പെട്ടില്ല. ഇതിന് വിപരീതമായി മുൻപ് സോവിയറ്റ് യൂണിയന്റെ ഭാഗമോ ചേരിയിലോ ആയിരുന്ന 14 രാജ്യങ്ങളെ കൂടി പുതിയ അംഗങ്ങളാക്കിക്കൊണ്ട് റഷ്യൻ ഫെഡറേഷന്റെ അതിർത്തി ലക്ഷ്യംവെച്ച് കിഴക്കോട്ട് നാറ്റോ കൂടുതൽ വ്യാപിക്കുകയാണുണ്ടായത്.

2014ലെ അട്ടിമറിക്ക് മുൻപുതന്നെ 2006ൽ ഉക്രൈനിനെ നാറ്റോയിൽ ഉൾപ്പെടുത്തുന്നതിനായി അമേരിക്ക എടുത്ത നിർണായകമായ തീരുമാനം റഷ്യയുടെ നിലനിൽപ്പിന് ഭീഷണി ഉയർത്തിയിരുന്നു. 2021 ഡിസംബറോടെ അമേരിക്കയാൽ ആയുധവൽക്കരിക്കപ്പെട്ട ഉക്രൈൻ റഷ്യയെ സംബന്ധിച്ചിടത്തോളം സുരക്ഷയുടെ അപകടരേഖകടന്ന് നാറ്റോ സഖ്യത്തിലെ ഒരു അംഗത്തെപ്പോലെ വെല്ലുവിളിയുയർത്താൻ തുടങ്ങിയിരുന്നു. ഇക്കാരണങ്ങളാൽ ഇന്ന് ഉക്രൈനിൽ




**ജനസമ്മിതിയിൽ ഉണ്ടായിട്ടുള്ള ഇടിവിൽ നിന്ന് പൊതുശ്രദ്ധ തിരിച്ചു വി ടുന്നതിനുള്ള നല്ലൊരു അവസരമാണ് ജോ ബൈഡനെ സംബന്ധിച്ചിടത്തോളം ഉക്രൈനിലെ യുദ്ധം. അമേരിക്കൻ മേധാവിത്വത്തിനു കീഴിൽ നാറ്റോയെ ഒന്നുകൂടി വിപുലീകരിക്കുക, യൂറോപ്യൻ ഊർജ്ജ വിപണിയിൽ റഷ്യയുടെ മത്സരക്ഷമതയെ ദുർബലപ്പെടുത്തുക, അമേരിക്കയുടെ യുദ്ധ ചെലവുകൾ വർധിപ്പിക്കുന്നതിന് ന്യായീകരണം കണ്ടെത്തുക, നാറ്റോയിലെ സഖ്യ രാജ്യങ്ങൾക്ക് ആയുധങ്ങൾ വിൽക്കുന്നത് സുഗമമാക്കുക, തുടങ്ങിയ സാമ്രാജ്യത്വ അമേരിക്ക യുടെ അജണ്ടകൾ നടപ്പിലാക്കുന്നതിനും യുദ്ധത്തിലൂടെ കഴിയുന്നു.**

നടക്കുന്ന സംഭവവികാസങ്ങളുടെ പ്രാഥമിക ഉത്തരവാദിത്വം പാശ്ചാത്യരാജ്യങ്ങൾക്കാണെന്നാണ് പല വിദഗ്ധരുടെയും അഭിപ്രായം.

### സമാധാന ചർച്ചകളുടെ പരാജയം.

അമേരിക്കയുടെ പ്രോത്സാഹനത്തോടു കൂടിയുള്ള മിൻസ്ക് പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണ് ഉക്രൈനിലെ ഇന്നത്തെ പ്രതിസന്ധിയ്ക്കുപിന്നിലെ കാരണമെന്ന് വെനിസ്വേലയുടെ പ്രതിനിധി 2022 മാർച്ച് മാസം ഐക്യരാഷ്ട്രസഭയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

2014ൽ ഉക്രൈനിൽ നടന്ന അട്ടിമറിക്കുശേഷം വെടിനിറുത്തൽ, പോർ മുഖത്തുനിന്നും ഉഗ്രശേഷിയുള്ള ആയുധങ്ങളെ പിൻവലിക്കൽ, യുദ്ധത്തടവുകാരുടെ മോചനം, ഡോൺബാസിലെ ചില പ്രദേശങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി ഉക്രൈനിന്റെ ഭരണഘടന പരിഷ്ക്കരിക്കൽ, ഉക്രൈനിന്റെ അതിർത്തിയുടെ നിയന്ത്രണം അവിടത്തെ ഭരണകൂടത്തിന് കൈമാറൽ, തുടങ്ങിയ നടപടികളിലൂടെ ഒരു സമാധാന ഉടമ്പടിയിലേക്കെത്തുന്നതിനായുള്ള ശ്രമമായിരുന്നു മിൻസ് പെരുമാറ്റ ചട്ടങ്ങൾ. മോസ്കോയും, കീവും, ഉക്രൈനിന്റെ കിഴക്കു ഭാഗത്തെ വിഘടനവാദികളും ഈ ഉടമ്പടിയുടെ ഭാഗമായിരുന്നു.

റഷ്യക്കുമേലെ അമേരിക്ക കടുത്ത ഉപരോധങ്ങൾ അടിച്ചേൽപ്പിച്ചതിനോട് പ്രതികരിച്ചുകൊണ്ട് 'ഇവ ഒരിക്കലും തിരിച്ചുവരുവാനാകാത്ത ഒരവസ്ഥയിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കു കയാണ്' എന്ന പ്രതികരണമാണ് റഷ്യൻ വിദേശകാര്യ മന്ത്രാലയത്തിൽ നിന്ന് വന്നത്. വിനാശകരമായ ബോംബുകൾ വർഷിക്കുന്നതുപോലെ മാരകമായ മറ്റൊരു രൂപത്തിലുള്ള യുദ്ധം തന്നെയാണ് ഇത്തരം നിരോധനങ്ങളും .

### അമേരിക്കയ്ക്ക് ഗുണകരവും മറ്റു രാജ്യങ്ങൾക്ക് ദോഷകരവുമായ യുദ്ധം

അമേരിക്കയിലെ ജനങ്ങൾക്കിടയിൽ സ്വന്തം ഭരണം സൃഷ്ടിച്ചിരിക്കുന്ന അസംതൃപ്തിയുടെ ഫലമായി ജനസമ്മിതിയിൽ ഉണ്ടായിട്ടുള്ള ഇടിവിൽ നിന്ന് പൊതുശ്രദ്ധ തിരിച്ചു വി ടുന്നതിനുള്ള നല്ലൊരു അവസരമാണ് ജോ ബൈഡനെ സംബന്ധിച്ചിടത്തോളം ഉക്രൈനിലെ യുദ്ധം. അമേരിക്കൻ മേധാവിത്വത്തിനു കീഴിൽ നാറ്റോയെ ഒന്നുകൂടി വിപുലീകരിക്കുക, യൂറോപ്യൻ ഊർജ്ജ വിപണിയിൽ റഷ്യയുടെ മത്സരക്ഷമതയെ ദുർബലപ്പെടുത്തുക, അമേരിക്കയുടെ യുദ്ധ ചെലവുകൾ വർധിപ്പിക്കുന്നതിന് ന്യായീകരണം കണ്ടെത്തുക, നാറ്റോയിലെ സഖ്യ രാജ്യങ്ങൾക്ക് ആയുധങ്ങൾ വിൽക്കുന്നത് സുഗമമാക്കുക, തുടങ്ങിയ സാമ്രാജ്യ

ത്വ അമേരിക്കയുടെ അജണ്ടകൾ നടപ്പിലാക്കുന്നതിനും യുദ്ധത്തിലൂടെ കഴിയുന്നു.

റഷ്യയുടെ അതിർത്തി രാജ്യങ്ങളിൽ ട്രില്യൻ ഡോളർ കണക്കിന് ആയുധങ്ങളും ഉപകരണങ്ങളും നാറ്റോ കുന്നുകൂട്ടിയിരിക്കുകയാണ്. ഉക്രൈനിന് മാരകായുധങ്ങൾ എത്തിച്ചുകൊടുക്കുന്നത് തുടരുകയും ചെയ്യുന്നു.

C14 എന്ന ഉക്രൈനിലെ നവനാസി സംഘടനയുടെ നേതാവ് അടുത്തിടെ ധിക്കാരത്തോടെ പ്രഖ്യാപിച്ചത് 'ചിലർ പറയുന്നതു പോലെ ഞങ്ങളെ സഹായിക്കുന്നതിനുവേണ്ടിയൊ അല്ലെങ്കിൽ ഞങ്ങൾക്ക് ഏറ്റവും ഗുണകരമായതിനാലോ അല്ല മറിച്ച് പടിഞ്ഞാറൻ രാജ്യങ്ങൾ ഏൽപിക്കുന്ന ചുമതലകൾ പൂർത്തിയാക്കുന്നതിനാ ണ് ഞങ്ങൾക്ക് ഇത്രയുമധികം ആയുധങ്ങൾ നൽകുന്നത് എന്നാണ്.

2014ലെ അട്ടിമറിക്കു ശേഷമുള്ള 8 വർഷങ്ങളിൽ കിഴക്കൻ ഉക്രൈനിലെ ഡോൺബാസ് മേഖലയിൽ റഷ്യൻ വംശജരും ഉക്രൈൻ സൈന്യവും അവിടുത്തെ വലതുപക്ഷ തീവ്രവാദ സംഘടനയിലെ അർദ്ധസൈനിക വിഭാഗവും ഉൾപ്പെടുന്ന സായുധ സംഘവും തമ്മിൽ നടന്ന ഏറ്റുമുട്ടലുകളിൽ 14,000ത്തോളം ഓളം ആളുകൾ കൊല്ലപ്പെടുകയുണ്ടായി.

ജനസംഖ്യയിൽ മഹാഭൂരിപക്ഷവും റഷ്യൻ വംശജരായ Donbasലെ Donetsk, Luhansk എന്നീ പ്രദേശങ്ങൾ ഉക്രൈനിൽ നിന്ന് വേർപിരിഞ്ഞ് സ്വയംഭരണ ജനകീയ റിപ്പബ്ലിക്കുകളായി സ്വയം പ്രഖ്യാപിക്കുകയും റഷ്യ ഇവയെ 2021 ഫെബ്രുവരിയിൽ അംഗീകരിക്കുകയും ചെയ്തിരുന്നു.

80% പ്രവർത്തന ഫണ്ട് അമേരിക്കൻ സർക്കാരിൽ നിന്ന് ലഭിക്കുന്ന റാൻഡ് കോർപ്പറേഷൻ അമേരിക്കയ്ക്കും അതിന്റെ സഖ്യ രാജ്യങ്ങൾക്കും വേണ്ടി തയ്യാറാക്കിയ പദ്ധതിയിൽ സാമ്പത്തിക/ രാഷ്ട്രീയ/ സൈനിക മേഖലകളിൽ റഷ്യക്കെതിരെയുള്ള നീക്കങ്ങൾ ശക്തമാക്കി കൊണ്ട് ആ രാജ്യത്തിന്റെ സമ്പദ്ഘടനയേയും സൈനിക ശക്തിയേയും രാജ്യത്തിനകത്തും പുറത്തുമുള്ള അതിന്റ രാഷ്ട്രീയ പ്രതിച്ഛായയെയും സമ്മർദ്ദത്തിലാക്കുന്നതിനും അസന്തുലിതാവസ്ഥയിലേക്ക് തള്ളിവിടുന്നതിനും എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്

യുദ്ധം കാരണം റഷ്യയ്ക്ക് വിനാശകരങ്ങ ളായ അനന്തരഫലങ്ങളെ നേരിടേണ്ടി വരുമെന്നാണ് പടിഞ്ഞാറൻ രാജ്യങ്ങളിലെ വിദഗ്ധരും റഷ്യയിലെ ഇടതുപക്ഷ സഹയാത്രികരിൽ ചിലർ പോലും അഭിപ്രായപ്പെടുന്നത്. റഷ്യക്കെതിരെയുള്ള ഉപരോധം അമേരിക്ക ഭരണമാറ്റം ആഗ്രഹിക്കുന്ന ക്യൂബ, വെനസ്വേല, നിക്വരാഗ എന്നീ രാജ്യങ്ങൾക്കും ക്ഷതമുണ്ടാക്കുമെന്നത് അമേരിക്കയെ സംബന്ധിച്ചിടത്തോളം അധികനേട്ടമായിരിക്കുമെന്നും ചിലർ ആഹ്ലാദം പ്രകടിപ്പിക്കുന്നുണ്ട്. അവരുടെ വംശീയത ഏതുതന്നെയായാലും ഉക്രൈൻ ജനതയെ സംബന്ധിച്ചിടത്തോളം യുദ്ധം അവർക്ക് വിജയമൊന്നും സമ്മാനിക്കുവാൻ പോകുന്നില്ല.

സ്വയം പ്രതിരോധിക്കുന്നതിനായി റഷ്യയ്ക്ക് ഫലപ്രദമായ മറ്റ് പോംവഴികൾ ലഭ്യമായിരുന്നു എന്ന് തെളിയിക്കുന്നതിന് നമുക്ക് വളരെയേറെ ബുദ്ധിമുട്ടേണ്ടിവരും. റഷ്യയുടെ പ്രതികരണത്തെ ചിലർ അംഗീകരിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട് എങ്കിൽക്കൂടിയും അമേരിക്ക ഒരു അക്രമകാരിയായിപ്പോലെയാണ് നിരന്തരം പെരുമാറിവരുന്നതെന്ന വസ്തുതയ്ക്കു നേരെയും നമുക്ക് കണ്ണടക്കുവാനാകില്ല. അമേരിക്കയുടെ പ്രകോപനംതന്നെയാണ് ഉക്രൈൻ യുദ്ധത്തിനു പിന്നിലെ പ്രേരകഘടകം.

## യൂറോപ്യൻ മേഖലയിൽ റഷ്യയിലെ ഒറ്റപ്പെടുത്തുന്നതിനുള്ള നീക്കങ്ങൾ

യൂറോപ്പുമായുള്ള റഷ്യയുടെ സമാധാനപരമായ സംയോജനം അമേരിക്കൻ സാമ്രാജ്യത്വത്തിന് വലിയ ഭീഷണി ഉയർത്തും. ഒത്തൊരുമയോടുകൂടിയോ പരസ്പര സൗഹാർദ്ദത്തിന്റെ അടിസ്ഥാനത്തിലോ നിലനിൽക്കുന്ന യൂറോപ്പ് അമേരിക്കൻ ആധിപത്യത്തിന് അന്ത്യം കുറിക്കുന്നതിലേക്ക് വഴിയൊരുക്കും. യൂറോപ്പിന്റെ ഏകീകരണം തടയുക എന്ന ദീർഘകാല ഭൗമ രാഷ്ട്രീയ ലക്ഷ്യം അമേരിക്കൻ വിദേശ നയത്തിന്റെ അടിസ്ഥാനപരമായ അജണ്ടകളിൽ ഒന്നാണ്.

യൂറോപ്പിൽ സമാധാനം പൂത്തുലയുകയും റഷ്യ ജർമനിയുടെയും ഫ്രാൻസിനെയും ഇറ്റലിയുടെയും പങ്കാളിയാവുകയും ചെയ്യുകയാണെങ്കിൽ അമേരിക്കയുടെ 'തന്ത്രപരമായ താത്പര്യങ്ങൾക്ക്' എന്താണ് സംഭവിക്കുക? റഷ്യ കൂടി ഉൾപ്പെടുന്നതും കൂടുതൽ സ്വതന്ത്രവുമാ യ യൂറോപ്പ് അമേരിക്കയ്ക്ക് മേധാവിത്വമുള്ള അതിന്റ യൂറോപ്യൻ യൂണിയനുമായുള്ള ബന്ധത്തിന് വലിയ വെല്ലുവിളികൾ ഉയർത്തും.

റഷ്യയിൽ നിന്ന് പ്രകൃതിവാതകം ബാൾട്ടിക് കടലിലൂടെ നേരിട്ട് ജർമനിയിലേക്ക് എത്തിക്കുന്നതിന് വഴിയൊരുക്കുന്ന നോർഡ്2 പൈപ്പ് ലൈൻ പദ്ധതിയോട് അമേരിക്കയ്ക്കുള്ള രൂക്ഷമായ എതിർപ്പിന് പിന്നിൽ അമേരിക്കയിലെ ദ്രവീകരിച്ച പ്രകൃതി വാതക (LNG) വിതരണക്കാരുടെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന

**വിദേശരാജ്യങ്ങളിൽ നൂറുകണക്കിന് സൈനിക താവളങ്ങളും, ലോകത്തിന്റെ കരുതൽ നാണയത്തിന്റെ ഉടമസ്ഥതയും, ആഗോളതലത്തിൽ പണത്തിന്റെ കൈമാറ്റങ്ങളും ഇടപാടുകളും നടത്തുന്നതിനുള്ള സംവിധാനമായ SWIFTന്റെ നിയന്ത്രണവുമുള്ള ഏക വൻശക്തിയാണ് അമേരിക്ക. അതുകൊണ്ട് ഉക്രൈനിലെ യുദ്ധത്തെ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലായി ലളിതവൽക്കരിക്കുന്നത് സാമ്രാജ്യത്വത്തിന്റെ യഥാർത്ഥ മുഖത്തെ മറയ്ക്കുന്നതിലേക്കായിരിക്കും നയിക്കുക. ഉക്രൈനിലെ യുദ്ധത്തിൽ നിന്ന് എന്തെങ്കിലും പാഠം പഠിക്കുവാൻ ഉണ്ടെങ്കിൽ അത് അവിടെ പ്രതിസന്ധി സൃഷ്ടിച്ച അമേരിക്കൻ സാമ്രാജ്യത്വ പദ്ധതിക്ക് അന്ത്യം കുറിക്കാതെ ലോകത്ത് യുദ്ധത്തിന് പര്യവസാനമുണ്ടാകില്ല എന്നതാണ്.**



സങ്കുചിതമായ അജണ്ട മാത്രമല്ല ഉള്ളത്. റഷ്യയും യൂറോപ്പിലെ രാജ്യങ്ങളും തമ്മിൽ യുക്തിസഹവും സഹകരണത്തിൽ അധിഷ്ഠിതവുമായ ഒരു ബന്ധം ഉണ്ടാകുന്നതിനെ അമേരിക്ക എല്ലായ്പ്പോഴും നിരുത്സാഹപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു. ഈ ശ്രമങ്ങൾക്ക് അനുകൂലമായ ഒരു സാഹചര്യം കൂടി ഉക്രൈനിലെ യുദ്ധം സൃഷ്ടിക്കുകയാണ്.

റഷ്യയെ യൂറോപ്യൻ രാജ്യങ്ങൾക്കിടയിൽ ഒറ്റപ്പെടുത്തുവാനായി എന്നത് അമേരിക്കൻ സാമ്രാജ്യത്വ പദ്ധതിയുടെ വലിയൊരു വിജയം തന്നെയാണ്. റഷ്യയും മറ്റ് യൂറോപ്യൻ രാജ്യങ്ങളും തമ്മിൽ സാമ്പത്തിക/ സാംസ്കാരിക/ രാഷ്ട്രീയ രംഗങ്ങളിൽ സഹകരിക്കുന്നതിനുള്ള നീക്കങ്ങൾ അടുത്തിടെ ആരംഭിച്ച പശ്ചാത്തലത്തിൽ പ്രത്യേകിച്ചും.

### സ്വാധീന മേഖലകളും സാമ്രാജ്യത്വങ്ങൾക്കിടയിലെ ശത്രുതയും.

ഉക്രൈനുമായി പങ്കുവെക്കുന്ന 2300 കിലോമീറ്ററുകളോളം വരുന്ന അതിർത്തി പ്രദേശം റഷ്യയെ സംബന്ധിച്ചിടത്തോളം അതിന്റെ ദേശീയ സുരക്ഷയ്ക്ക് നിർണായകമായ മേഖലയാണ്. ഈ മേഖലയെ ഏകദേശം 9200 കിലോമീറ്റർ അകലെയുള്ള അമേരിക്ക സ്വാധീനിക്കാൻ ശ്രമിക്കുന്നതിൽ തീർച്ചയായും നിക്ഷിപ്ത താൽപര്യമുണ്ട്.

സമകാലീന ഭൗമ രാഷ്ട്രീയ ബലാബലങ്ങൾ ലെനിൻ 1916ൽ ചൂണ്ടിക്കാട്ടിയതുപോലെ മുതലാളിത്തത്തിന്റെ മൂർത്തരൂപമായ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള സ്പർദ്ധയിൽനിന്നാണ് ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. ഒരു വൻ ശക്തി ( അതിന്റെ ജൂനിയർ പങ്കാളികളായ യൂറോപ്യൻ യൂണിയൻ, ബ്രിട്ടൻ, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ചേർന്നുകൊണ്ട്) മേധാവിത്വം പുലർത്തുന്ന ഇന്നത്തെ ലോകക്രമത്തെ മനസ്സിലാക്കുന്നതിന് ഈ സിദ്ധാന്തം പൂർണ്ണമായും പര്യാപ്തമാണെന്ന് പറയുവാനാകില്ല. മുതലാളിത്ത രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരം ഇന്നും തുടരുന്നുണ്ട്. എന്നാൽ ഈ മത്സരങ്ങൾക്കെല്ലാം ഉപരിയായി ആക്രമോത്സുകമായി അടിച്ചേൽപ്പിക്കപ്പെടുന്ന അമേരിക്കയുടെ മേധാവിത്വം ലോകത്താകെ പിടിമുറുക്കിയിട്ടുണ്ട്.

വിദേശരാജ്യങ്ങളിൽ നൂറുകണക്കിന് സൈനിക താവളങ്ങളും, ലോകത്തിന്റെ കരുതൽ നാണയത്തിന്റെ ഉടമസ്ഥതയും, ആഗോളതലത്തിൽ പണത്തിന്റെ കൈമാറ്റങ്ങളും ഇടപാടുകളും നടത്തുന്നതിനുള്ള സംവിധാനമായ SWIFTന്റെ നിയന്ത്രണവുമുള്ള ഏക വൻശക്തിയാണിന്ന് അമേരിക്ക. അതുകൊണ്ട് ഉക്രൈനിലെ യുദ്ധത്തെ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലായി ലളിതവൽക്കരിക്കുന്നത് സാമ്രാജ്യത്വത്തിന്റെ യഥാർത്ഥ മുഖത്തെ മറയ്ക്കുന്നതിലേക്കായിരിക്കും നയിക്കുക.

ഉക്രൈനിലെ യുദ്ധത്തെ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലായിട്ടാണ് നാം മനസ്സിലാക്കുന്നത് എങ്കിൽക്കൂടിയും അത്തരം ധാരണ ഒരു പക്ഷത്തെ അനുകൂലിക്കുന്നതിൽ നിന്ന് നമ്മെ തടയേണ്ടതില്ല. സാമ്രാജ്യത്ത ശക്തികൾ തമ്മിലുള്ള പോരാട്ടമായിരുന്ന രണ്ടാംലോകമഹായുദ്ധത്തിൽ നാസി ജർമനിയെ തോൽപ്പിക്കുന്നതിനായി സോഷ്യലിസ്റ്റുകൾ അമേരിക്കൻ സാമ്രാജ്യത്വം നയിക്കുന്ന സഖ്യത്തെ പിന്തുണയ്ക്കുകയുണ്ടായല്ലോ. ഉക്രൈനിൽ മാത്രമല്ല തായ്വാനും ആഫ്രിക്കയും

ഉൾപ്പെടെയുള്ള നിരവധി പ്രദേശങ്ങളിൽ അമേരിക്ക ആക്ര മണോത്സുകമായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്.

## സൈനിക ശക്തിയിലെ അസന്തുലാവസ്ഥ.

ആണവ ആയുധങ്ങളുടെ കാര്യമൊഴിച്ചാൽ റഷ്യയും അമേരിക്കയും തമ്മിൽ സൈനിക ശേഷിയിൽ വലിയ അന്തരം നിലനിൽ ക്കുന്നുണ്ട്. അമേരിക്കയ്ക്ക് ആണവ ആയുധങ്ങൾ വ്യന്യസിച്ചിട്ടുള്ള 5 താവളങ്ങൾ ഉൾപ്പെടെ നിരവധി സൈനിക ആസ്ഥാനങ്ങൾ യൂറോപ്പിൽ ഉള്ളപ്പോൾ വടക്കേ അമേരിക്കയിൽ റഷ്യയ്ക്ക് ഒരു സൈനിക കേന്ദ്രം പോലുമില്ല. റഷ്യയുടെതിനേക്കാൾ 11.9 മടങ്ങാണ് അമേരിക്കയുടെ വാർഷിക ആയുധ ബഡ്ജറ്റ്. ഇതുകൂടാതെ അമേരിക്കയുടെ നാറ്റോ സഖ്യരാജ്യങ്ങളും ഭീമമായ തുകകൾ ആയുധങ്ങൾക്കായി ചിലവിടുന്നുണ്ട്. റഷ്യയുമായി താരതമ്യം ചെയ്യുമ്പോൾ അമേരിക്കയ്ക്ക് 12.5 മടങ്ങ് വലുപ്പമുള്ള സമ്പത്ഘടനയാനുള്ളത്. ഫോർച്യൂൺ 500ന്റെ പട്ടികയിൽ വരുന്ന ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റുകളിൽ 122 എണ്ണം അമേരിക്കയിൽ നിന്നുള്ളതാണ്. അതേസമയം പട്ടികയിലുള്ള റഷ്യൻ കമ്പനികളുടെ എണ്ണം 4 മാത്രമാണ്. ആഗോളതല ത്തിലെ 100 വമ്പൻ ബാങ്കുകളിൽ അമേരിക്കയിലെ 11 ബാങ്കുകൾ ഇടംപിടിക്കുമ്പോൾ റഷ്യയുടെ സംഭാവന കേവലം ഒരു ബാങ്കാണ്. ചുരുക്കത്തിൽ വികസ്വര രാജ്യങ്ങളിലേയ്ക്ക് മൂലധനം കയറ്റിഅയച്ച് അവിടത്തെ തൊഴിലാളികളെയും വിഭവങ്ങളെയും ചൂഷണത്തിന് വിധേയമാക്കി ലാഭം ഊറ്റിഎടുക്കുക എന്ന സാമ്രാജ്വത്വത്തിന്റെ അജണ്ട ലോകമാകെ നടപ്പിലാക്കുന്നതിൽ റഷ്യയ്ക്ക് വലിയ പങ്കൊന്നുമില്ല എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. റഷ്യയെ ലക്ഷ്യമിട്ടുള്ള അമേരിക്കൻ ആക്രമണത്തിന്റെ ഇടയിൽ പെട്ടുപോയിരിക്കുകയാണ് വാസ്തവത്തിൽ ഉക്രൈൻ.

## 'അന്താരാഷ്ട്ര സമൂഹത്തിന്റെ' കാപട്യം.

നൈതികതയുടെ യാതൊരു പിൻബലവുമില്ലാതെയാണ് 'അന്താരാഷ്ട്ര സമൂഹം' എന്ന് വിളിക്കപ്പെടുന്ന ഒരു കൂട്ടർ റഷ്യയെ ആക്രമണകാരി എന്ന് മുദ്രകുത്തുന്നത്. എന്നാൽ യഥാർത്ഥ ആക്രമണകാരികൾ അമേരിക്കയും സഖ്യരാജ്യങ്ങളുമാണ്

നിയമത്തിൽ അധിഷ്ഠിതമായ വ്യവസ്ഥ' എന്ന പ്രഖ്യാപനം കൊണ്ട് ബൈഡൻ ഉദ്ദേശിക്കുന്നത് ഐക്യ രാഷ്ട്ര സഭയുടെ ചട്ടങ്ങളെയും അംഗീകരിക്കപ്പെട്ട അന്താരാഷ്ട്ര നിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് അമേരിക്ക രൂപം നൽകുന്ന നിയമങ്ങൾക്ക് മറ്റു രാജ്യങ്ങളെല്ലാം വഴങ്ങുന്ന ഒരു ലോകക്രമത്തെയാണ്.

ഗ്വാട്ടിമാല, ക്യൂബ, ഡൊമിനിക്കൻ റിപ്പബ്ലിക്ക്, ഗ്രെനേഡ, പനാമ എന്നീ രാജ്യങ്ങളിൽ അന്താരാഷ്ട്ര നിയമങ്ങളുടെ നഗ്നമായ ലംഘനമാണ് അമേരിക്ക നടത്തിയത് എന്ന് Ángel Guerra എന്ന ക്യൂബൻ പത്രപ്രവർത്തകൻ ചൂണ്ടികാട്ടുകയുണ്ടായി.

'ഐക്യരാഷ്ട്രസഭയുടെ ചട്ടങ്ങൾക്ക് പുല്ലുവില കല്പ്പിച്ചുകൊണ്ട് അമേരിക്ക ലോകത്താകെ നടത്തുന്ന അതിക്രമങ്ങളെ അംഗീകരിക്കുന്ന ഒരു മനസ്സ് 'അന്താരാഷ്ട്ര സമൂഹത്തിന്' കൈവന്നിരിക്കുന്നു' എന്ന് അന്താരാഷ്ട്ര നിയമ വിദഗ്ധൻ Alfred de Zayasനമ്മെ ഓർമ്മിപ്പിക്കുന്നുമുണ്ട്.

## ഈ യുദ്ധം എങ്ങനെയായിരിക്കും പര്യവസാനിക്കുക

ഇന്നത്തെ പുതിയ ശീതയുദ്ധത്തിന്റെ സാഹചര്യത്തിൽ ഒരു പക്ഷം ചേരുന്നതിനും നിഷ്പക്ഷത പുലർത്തുന്നതിനും ഒക്കെ ഉപരിയായി ഉക്രൈനിലെ ഏറ്റുമുട്ടലിന്റെ പശ്ചാത്തലത്തെകുറിച്ച് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. യുദ്ധത്തെക്കുറിച്ചുള്ള ഏറെ പ്രചരണം ലഭിക്കുന്ന അമേരിക്കയുടെതല്ലാത്ത, റഷ്യയുടെ Sputnic, R T തുടങ്ങിയവ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ നൽകുന്ന വിശദീകരണങ്ങൾക്ക് ഒട്ടുംതന്നെ പരിഗണന ലഭിക്കാതെ പോകുന്ന പശ്ചാത്തലാത്തിൽ പ്രത്യേകിച്ചും.

ഈ യുദ്ധം എങ്ങനെയാണ് ആരംഭിച്ചത് എന്നതിനെക്കുറിച്ച് പ്രതിപാദിക്കാനാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിച്ചത്. യുദ്ധം എങ്ങനെ അവസാനിക്കും അല്ലെങ്കിൽ അതിന് ഒരു പര്യവസാനം ഉണ്ടാകുമോ എന്നത് മറ്റൊരു കാര്യമാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കു കീഴിൽ മുൻപ് സമാധാനം നിലനിന്നിരുന്ന ഒരു മേഖലയിൽനിന്ന് പുതിയൊരു ശീതയുദ്ധത്തിന് തുടക്കം കുറിക്കപ്പെടുകയാണ്.

'ഞങ്ങൾ ആരുടെയും ശത്രുക്കൾ ആകാൻ താത്പര്യപെടുന്നില്ല. മാനവരാശിയെ അപകടത്തിലാക്കുന്ന ഏറ്റുമുട്ടലുകളിലേക്ക് നയിക്കുന്ന പുതിയൊരു ശീത യുദ്ധത്തിലും ഞങ്ങൾക്കോ ഈ ലോകത്തിനോ താല്പര്യവുമില്ല.' എന്നാണ് മുൻ ബ്രസീൽ പ്രസിഡൻറ് ലുല സിൽവ പറഞ്ഞത്. ഉക്രൈനിലെ യുദ്ധത്തിൽ നിന്ന് എന്തെങ്കിലും പാഠം പഠിക്കുവാൻ ഉണ്ടെങ്കിൽ അത് അവിടെ പ്രതിസന്ധി സൃഷ്ടിച്ച അമേരിക്കൻ സാമ്രാജ്യത്വ പദ്ധതിക്ക് അന്ത്യം കുറിക്കാതെ ലോകത്ത് യുദ്ധത്തിന് പര്യവസാനമുണ്ടാകില്ല എന്നതാണ്. •



## ഉക്രൈൻ യുദ്ധം
# സാമ്പത്തിക പ്രത്യാഘാതങ്ങൾ

**റഷ്യ-ഉക്രൈൻ സംഘർഷങ്ങളും, റഷ്യ ഉക്രൈനെ ആക്രമിച്ചതും ആഗോള രാഷ്ട്രീയ സാമൂഹികസാമ്പത്തിക രംഗങ്ങളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. 1945നു ശേഷം യൂറോപ്പിൽ നടക്കുന്ന ഏറ്റവും ഗുരുതരമായ യുദ്ധമായാണ് റഷ്യ ഉക്രൈൻ സംഘർഷം വിലയിരുത്തപ്പെടുന്നത്. ആഗോള സാമ്പത്തിക രംഗത്ത് ഈ യുദ്ധം വലിയ പ്രതിസന്ധി സൃഷ്ടിക്കും എന്നത് തീർച്ചയാണ്.**



ജോസ്.റ്റി.എബ്രഹാം

റഷ്യ–ഉക്രൈൻ സംഘർഷങ്ങളും, റഷ്യ ഉക്രൈനെ ആക്രമിച്ചതും ആഗോള രാഷ്ട്രീയസാമൂഹികസാമ്പത്തിക രംഗങ്ങളിൽ ദൂരപവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. 1945നു ശേഷം യൂറോപ്പിൽ നടക്കുന്ന ഏറ്റവും ഗുരുതരമായ യുദ്ധമായാണ് റഷ്യ ഉക്രൈൻ സംഘർഷം വിലയിരുത്തപ്പെടുന്നത്. ആഗോള സാമ്പത്തികരംഗത്ത് ഈ യുദ്ധം വലിയ പ്രതിസന്ധി സൃഷ്ടിക്കും എന്നത് തീർച്ചയാണ്.

2008 ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും പൂർണമായി കരകയറുന്നതിനു മുൻപു തന്നെ ലോകം മഹാമാരിയുടെ പിടിയിലമർന്നു. 2019 അവസാനത്തോടെആരംഭിച്ച മഹാമാരി ഏറിയും കുറഞ്ഞും ലോകത്തെ പല രാജ്യങ്ങളിലും ഇപ്പോഴും അലയടിച്ചുകൊണ്ടിരിക്കുകയാണ്. ആഗോള സമ്പദ്‌വ്യവസ്ഥയിൽ ചെറിയ തോതിൽ പുരോഗതി ദൃശ്യമായി തുടങ്ങിയ സമയത്താണ് റഷ്യഉക്രൈൻ സംഘർഷത്തിന്റെ ചുഴിയിലേക്ക് ലോകം വീണത്. യുദ്ധത്തിന്റെ പ്രത്യാഘാതം ഇന്ത്യയുൾപ്പെടെയുള്ള ലോകത്തെ എല്ലാ രാജ്യങ്ങൾക്കും ഉണ്ടാകും.

## എണ്ണവില

അസംസ്കൃത എണ്ണയുടെ മൂന്നാമത്തെ വലിയ ഉത്പാദകരാണ് റഷ്യ. ആഗോള എണ്ണയുടെ ആവശ്യത്തിന്റെ 10% റഷ്യയുടെ വിഹിതമാണ്. റഷ്യയിൽ നിന്നുള്ള എണ്ണയുടെ കയറ്റുമതിയിലുണ്ടാകുന്ന തടസം ആഗോള എണ്ണ വിലയിൽ പ്രതിഫലിച്ചു കഴിഞ്ഞു. ബ്രന്റ് ക്രൂഡിന്റെ അവധി വില 105 യു.എസ് ഡോളർ നിലവാരത്തിലേക്കുയരുകയുണ്ടായി. അത് 115 ഡോളറിനും മേലെയാകാം എന്നാണ് ഇൻവെസ്റ്റ്മെന്റ് ബാങ്കായ ഗോൾഡ്മാൻ സാക്സിന്റെ പ്രവചനം. എണ്ണവില വർദ്ധന മറ്റു വസ്തുക്കളുടെ വിലവർദ്ധനവിനും കാരണമാകും.

## പ്രകൃതിവാതകം

ലോകത്ത് പ്രകൃതി വാതകത്തിന്റെ ഏറ്റവും വലിയ ശേഖരമുള്ളത് റഷ്യയിലാണ്. ലോകത്തെ പ്രകൃതിവാതക ശേഖരത്തിന്റെ 24% റഷ്യയിലാണ്. റഷ്യയുടെ ഗ്യാസ് ഉത്പാദനത്തിന്റെ 26% കയറ്റുമതി ചെയ്യുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ പ്രകൃതിവാതകം ഇറക്കുമതി ചെയ്യുന്നത് യൂറോപ്പാണ്. യൂറോപ്പ് ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകത്തിന്റെ 41% റഷ്യയിൽ നിന്നാണ്.

ഉക്രൈൻ യുദ്ധം ആംഭിച്ചതോടെ യൂറോപ്പിൽ പ്രകൃതി വാതകവില 65% ഉയർന്നു. ഏതാണ്ട് പണി പൂർത്തിയായ നോർഡ് സ്ട്രീം 2 ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി തൽക്കാലത്തേക്ക് ഉപേക്ഷിക്കുന്നതായി ജർമ്മനി പ്രഖ്യാപിക്കുകയും ചെയ്തു. ഈ സ്ഥിതിയിലും യൂറോപ്പിന് ഇന്നത്തെ അവസ്ഥയിൽ റഷ്യയിൽ നിന്നുള്ള വാതകം അതിപ്രധാനമാണ്, അതിനാലാണ് രാജ്യാന്തര സാമ്പത്തിക സംവിധാനമായ സ്വിഫ്റ്റിൽ (SWIFT) നിന്ന് റഷ്യയെ ഒഴിവാക്കിയെങ്കിൽ പോലും പ്രകൃതിവാതകം വാങ്ങാനുള്ള അവസരം നിലനിർത്തുമെന്ന് ജർമ്മനി പറഞ്ഞത്. ഗ്യാസിന്റെ വിലവർദ്ധനവും ദൗർലഭ്യവും യൂറോപ്പിനെ മാത്രമല്ല ലോകത്തെ എല്ലാ രാജ്യങ്ങളെയും ബാധിക്കും.

## ഗോതമ്പും സൂര്യകാന്തി എണ്ണയും

ഗോതമ്പ് ഉൽപ്പാദനത്തിലും, കയറ്റുമതിയിലും ഉക്രൈയിനും റഷ്യക്കും വലിയ പങ്കുണ്ട്. സൂര്യകാന്തി എണ്ണയുടെ ഉൽപ്പാദനത്തിലും റഷ്യയും ഉക്രൈയിനും മുൻപന്തിയിലാണ്. കോവിഡ് മൂലമുണ്ടായ വിതരണശൃംഖലകളിലെ (supply chain) പ്രശ്നങ്ങൾ കാരണം ലോകമാകെ ഭക്ഷ്യവില ഉയർന്നുകൊണ്ടിരിക്കുകയായിരുന്നു. ലോകത്ത് കയറ്റുമതി ചെയ്യുന്ന ഗോതമ്പിന്റെ 25% വും റഷ്യയിലും ഉക്രൈനിൽ നിന്നുമാണ്.

ലോകത്തിന്റെ ഗോതമ്പ് കലവറയെന്നാണ് ഉക്രൈൻ അറിയപ്പെടുന്നത്. ഈജിപ്റ്റ്, ടർക്കി എന്നീ രാജ്യങ്ങളുടെ ഗോതമ്പ് ഇറക്കുമതിയുടെ 70% റഷ്യയിൽ നിന്നും ഉക്രൈനിൽ നിന്നുമാണ്. ടർക്കി ഇപ്പോൾ തന്നെ വലിയ വിലക്കയറ്റത്തിന്റെ പിടിയിലാണ്. ടർക്കിയിലെ വിലക്കയറ്റം 50%ത്തോളമാണ്. ഭക്ഷണം, വൈദ്യുതി തുടങ്ങിയവയുടെയെല്ലാം വില ഈജിപ്റ്റിലും ടർക്കിയിലും കുതിച്ചുയരും.

ലോകത്തെവിടെയായാലും ഭക്ഷ്യവസ്തുക്കളുടെയും ഗ്യാസിന്റെയും മറ്റും വിലർദ്ധനവ് ഏറ്റവും കൂടുതലായി ബാധിക്കുന്നത് സാധാരണ ജനങ്ങളെയാണ്. സാധാരണ ജനങ്ങൾ അവരുടെ വരുമാനത്തിന്റെ നല്ല പങ്ക് ഭക്ഷണത്തിനും, തണുപ്പുരാജ്യങ്ങളിൽ വീട് ചൂടാക്കാനുമാണ് ചെലവിടുന്നത്. വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ലെബനൻ അവരുടെ ഗോതമ്പ് ഇറക്കുമതിയുടെ 50% നടത്തുന്നത് ഉക്രൈനിൽ നിന്നാണ്. ഈ പ്രതിസന്ധി ലെബനനിലെ സാധാരണ മനുഷ്യരെ പട്ടിണിയിലേക്കുവരെ നയിക്കാം.

## ലോഹങ്ങൾക്ക് ദൗർലഭ്യം

പല്ലേഡിയം, നിക്കൽ, അലുമിനിയം, ചെമ്പ് തുടങ്ങിയ ലോഹങ്ങളുടെ പ്രധാന ഉല്പാദനകേന്ദ്രം റഷ്യയാണ്. വാഹനങ്ങളുടെ പുകബഹിർഗമന സംവിധാനത്തിൽ ഉപയോഗിക്കുന്ന ഒരു ലോഹമാണ് പല്ലേഡിയം. പല്ലിന്റെ ക്രിത്രിമ ഫില്ലിങ്ങിന്, മൊബൈൽ ഫോൺ നിർമ്മാണത്തിനും

എല്ലാം പല്ലേഡിയം ഉപയോഗിക്കുന്നുണ്ട്. സ്റ്റീൽ ഉൽപ്പാദനത്തിനും, കാർബാറ്ററികളുടെ നിർമ്മാണത്തിനും നിക്കൽ ഉപയോഗിക്കുന്നുണ്ട്. റഷ്യ ഉക്രൈനെ ആക്രമിച്ചപ്പോൾ തന്നെ പല്ലേഡിയം, നിക്കൽ തുടങ്ങിയ ലോഹങ്ങളുടെ വില ഉയർന്നു. പല്ലേഡിയത്തിന്റെയും നിക്കലിന്റെയും വിതരണം താളം തെറ്റിയാൽ അത് മൊബൈൽ നിർമ്മാണം ഇലക്ട്രിക് കാർ നിർമ്മാണം തുടങ്ങിയവയെല്ലാം ബാധിക്കും.

## റൂബിളിന്റെ വിലയിടിവും

യുദ്ധം മൂലം ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടാൻ പോകുന്നത് റഷ്യ തന്നെയാണ്. റൂബിളിന്റെ വില അന്തർദേശീയ കറൻസി മാർക്കറ്റിൽ കുത്തനെ താഴ്ന്നു. യുദ്ധം തുടങ്ങുന്നതിന് തൊട്ടുമുൻപ് റൂബിളിന്റെ മൂല്യം ഡോളറൊന്നിന് 85.35 ആയിരുന്നത് ഫെബ്രുവരി 28 ന് 120 എന്ന നിലയിലേക്ക് താഴ്ന്നു. ഇതുമൂലം റഷ്യയുടെ കടം ഒന്നര പതിറ്റാണ്ടിലെ ഏറ്റവും ഉയർന്ന നിലയിലേക്കായി.

## സ്വിഫ്റ്റിൽ നിന്നുള്ള റഷ്യയെ പുറത്താക്കൽ

അന്താരാഷ്ട്ര പേമെന്റ് ശൃംഖലയായ സ്വിഫ്റ്റിൽ നിന്നും റഷ്യയെ പുറത്താക്കാൻ അമേരിക്കയും ക്യാനഡയും, യൂറോപ്യൻ രാജ്യങ്ങളും ചേർന്ന് തീരുമാനിച്ചിരിക്കുകയാണ്. അന്തർദേശീയ സാമ്പത്തിക ഇടപാടുകളിൽ നിന്നും റഷ്യയെ അകറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. റഷ്യക്കെതിരെ അമേരിക്കയും വിവിധ ലോകരാജ്യങ്ങളും പ്രഖ്യാപിച്ച സാമ്പത്തിക ഉപരോധത്തിൽ ഏറ്റവും പ്രഹരശേഷിയുള്ളതായാണ് ഇതിനെ വിശേഷിപ്പിക്കുന്നത്.

സ്വിഫ്റ്റ് അന്താരാഷ്ട്ര സാമ്പത്തിക ഇടപാടുകൾക്കായി ബെൽജിയം ആസ്ഥാനമായി 1973ൽ ഉണ്ടായ ബാങ്കുകളുടെ സഹകരണ കൂട്ടായ്മയാണ് സൊസൈറ്റി ഫോർ വേൾഡ് വൈഡ് ഇന്റർബാങ്ക് ഫിനാൻഷ്യൽ ടെലികമ്മ്യൂണിക്കേഷന്റെ ചുരുക്കപ്പേരാണ് സ്വിഫ്റ്റ് (SWIFT) ലോകത്തെ ബാങ്കിടപാടുകൾ സുരക്ഷിതമായി സുഗമമായി നടക്കാനുള്ള ഒരു സംവിധാനമാണ് സ്വിഫ്റ്റ്.

റഷ്യയിലെ പ്രധാന ബാങ്കുകളെ സ്വിഫ്റ്റിൽ നിന്നും പുറത്താക്കുന്നതോടെ അവരുടെ അന്തർദേശീയ പണമിടപാടുകൾ നടത്താൻ കഴിയാതാവും. അസംസ്കൃത എണ്ണ പ്രകൃതി വാതക കയറ്റുമതിയാണ് റഷ്യയുടെ വരുമാനത്തിന്റെ 40%. സ്വിഫ്റ്റിൽ നിന്ന് റഷ്യൻ ബാങ്കുകളെ പുറത്താക്കുന്നത് ഈ വ്യാപാരത്തെ ബാധിക്കും.

സ്വിഫ്റ്റ് ഉപരോധത്തിന് യുക്രൈൻ തുടക്കം മുതൽ യൂറോപ്പിനോടാവശ്യപ്പെടുന്നുണ്ട്. ബ്രിട്ടൻ ഇതിനെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ റഷ്യയുടെ പ്രധാന വാണിജ്യവ്യാപാരപങ്കാളിയായ ജർമ്മനിക്ക് ഇതിൽ ആശങ്കയുമുണ്ട്.

## ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വെല്ലുവിളികൾ

പെട്രോളിന്റെയും, ഡീസലിന്റെയും, ഗ്യാസിന്റെയും മറ്റും വില യുദ്ധത്തിന്റെ ഫലമായി ഇന്ത്യൻ കമ്പോളത്തിലും ഉയരും. പെട്രോൾ, ഡീസൽ വിലകൾ ഉയരുന്നതോടെ പണപ്പെരുപ്പവും ഉയരും. ആഗോളതലത്തിൽ ഗോതമ്പിന്റെ വില ഉയരുന്നത് സ്വാഭാവികമായി ഇന്ത്യൻ ഉപഭോക്താക്കളെയും ബാധിക്കും. ഭക്ഷ്യഎണ്ണയുടെ 70% വും ഇറക്കുമതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. ആഗോളതലത്തിൽ ഉണ്ടാകുന്ന ഭക്ഷ്യവിലക്കയറ്റം ഇന്ത്യയെയും പിടികൂടും.

എണ്ണവില ഉയരുന്നതോടെ ഇറക്കുമതി ചിലവ് ഉയരുകയും കറന്റ് അക്കൗണ്ട് കമ്മി വർധിക്കുകയും ചെയ്യും. ബാങ്ക് ഓഫ് ബറോഡ ഗവേഷണ വിഭാഗത്തിന്റെ വിലയിരുത്തൽ പ്രകാരം എണ്ണവില 10% ഉയർന്നാൽ ജിഡിപിയുടെ 0.40 ശതാനം തുക ഇറക്കുമതിക്കുള്ള അധികചിലവായി നൽകേണ്ടി വരും.

വളത്തിനും വളം നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾക്കുമായി ഇന്ത്യ റഷ്യയെ നന്നായി ആശ്രയിക്കുന്നുണ്ട്. ഇവയുടെ വിതരണക്രമത്തിലെ തടസ്സം ഇന്ത്യൻ കാർഷിക മേഖലയ്ക്കു തിരിച്ചടിയാകും. പല്ലേഡിയം, നിക്കൽ, അലുമിനിയം, ചെമ്പ്, കൊബാൾട്ട്, റേഡിയം തുടങ്ങിയ ലോഹങ്ങൾ മുൻ സൂചിപ്പിച്ചതുപോലെ റഷ്യയിൽ നല്ല രീതിയിൽ ഉൽപ്പാദിപ്പിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്നുണ്ട്. വാഹനനിർമ്മാണം, സൗരോർജപാനൽ, ബാറ്ററി തുടങ്ങിയവയുടെ ഉല്പാദനത്തെ ഇതു ബാധിക്കും. മാത്രമല്ല ഈ ചരക്കുകളുടെ വില ഉയരുകയും ചെയ്യും.

ഉക്രൈൻ യുദ്ധത്തിന്റെ ഏറ്റവും ദീർഘനാളത്തേക്കു നിൽക്കാൻ പോകുന്ന പ്രത്യാഘാതം സാമ്പത്തികരംഗത്തു തന്നെയായിരിക്കും. റഷ്യൻ ബാങ്കുകളെ സ്വിഫ്റ്റിൽ നിന്ന് പുറത്താക്കുന്നതോടെ ചൈനയും റഷ്യയുമായി അവരവരുടെ നാണയങ്ങളിൽ അവരവരുടെ സ്വന്തം സംവിധാനത്തിലൂടെ വ്യാപാരഇടപാടുകൾ നടത്തും. ഇത് ദീർഘകാലാടിസ്ഥാനത്തിൽ ഡോളറിന് ക്ഷീണമുണ്ടാക്കാം.

സ്വിഫ്റ്റിൽ നിന്ന് റഷ്യൻ ബാങ്കുകളെ പുറത്താക്കുന്നത് റഷ്യയെ മാത്രമല്ല റഷ്യയുമായി വ്യാപാരബന്ധമുള്ള എല്ലാ രാജ്യങ്ങളെയും കമ്പനികളെയും അത് ബാധിക്കും. അവരുടെ ഇടപാടുകൾ താളം തെറ്റും.

ഇത്തരത്തിൽ ഉക്രൈൻ യുദ്ധം ലോകത്തെ സാമ്പത്തിക രംഗത്തെ ദീർഘനാളത്തേക്കു പിടിച്ചുലക്കും. ●

# എൻറ്റിസി മില്ലുകളിലെ തൊഴിലാളികളോടുള്ള ബിജെപി സർക്കാരിന്റെ ക്രൂരത അവസാനിപ്പിക്കണം

ഇന്ത്യയിൽ 23 ഫാക്ടറികളാണ് നാഷണൽ ടെക്സ്റ്റൈൽസ് കോർപറേഷനുള്ളത്. കേരളത്തിൽ 6 ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ കൊല്ലം പാർവ്വതി മിൽ അടച്ചുപൂട്ടിയിട്ട് ഏതാണ്ട് 16 വർഷം പിന്നിടുന്നു. മറ്റ് ഫാക്ടറികൾ എല്ലാം തന്നെ 2020 മാർച്ചിൽ കൊറോണ വ്യാപകമായി ലോക്ഡൗൺ പ്രഖ്യാപിക്കുന്നതുവരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതാണ്. ലോക്ഡൗൺ പ്രഖ്യാപിച്ചതിനുശേഷം പ്രതിമാസം 35% വേതനം മാത്രമാണ് തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളത്. പിരിഞ്ഞ് പോകുന്നവർക്ക് ഇന്ന് ഗ്രാറ്റുവിറ്റി പോലും നൽകുന്നില്ല. 2021 ലെ വാർഷികബോണസ് നൽകിയില്ല. ഭക്ഷ്യസാധനങ്ങൾ വാങ്ങിയിരുന്ന കോർപറേറ്റീവ് സ്റ്റോറുകൾ എല്ലാം അടച്ചുപൂട്ടി. കേരളത്തിൽ കണ്ണൂർ സ്പിന്നിംഗ് മിൽ, കോമളപുരം, അളഗപ്പ, വിജയമോഹിനി സ്പിന്നിംഗ് മില്ലുകളും, മനി സ്പിന്നിംഗ് മില്ലുകളുമാണുള്ളത്. നാലായിരത്തോളം സ്ഥിരം ജീവനക്കാരും ബദലി, കാഷ്വൽ, കോൺട്രാക്റ്റ് ഉൾപ്പെടെ 5000ത്തോളം തൊഴിലാളികളും അതിൽ നല്ലൊരു ശതമാനം സ്ത്രീതൊഴിലാളികളുമാണുള്ളത്.

5000 ഏക്കർ ഭൂമിയാണ് എൻറ്റിസിക്ക് സ്വന്തമായി ഇന്ത്യയിലുള്ളത്. ഇതിൽ 23 ഫാക്ടറികൾക്കായി 300 ഏക്കർ ഭൂമി മാത്രമാണ് ഉപയോഗത്തിലുള്ളത്. 1200 കോടി രൂപയോളം മഹാരാഷ്ട്ര സർക്കാരും റെയിൽവെയും എൻറ്റിസി ഭൂമി ഏറ്റെടുത്ത വകയിൽ നൽകാനുണ്ട്. ഈ പണം വാങ്ങിയെടുക്കാനുള്ള ഒരു നടപടിയും കോർപറേഷന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. എൻറ്റിസിയിലെ സീനിയർ ഉദ്യോഗസ്ഥന്മാർ വേറെ ലാവണങ്ങൾ തേടി പോവുകയാണ്. തൊഴിലാളികൾ ലോട്ടറി വിറ്റും, കൂലിവേല ചെയ്തും കുടുംബം പോറ്റേണ്ടുന്ന സ്ഥിതി.

കേരളത്തിലെ മുഖ്യമന്ത്രി, വ്യവസായമന്ത്രി കേന്ദ്രസർക്കാരിനോട് മില്ലുകൾ തുറക്കണമെന്ന് പലവട്ടം ആവശ്യപ്പെട്ടു. എൻറ്റിസിയിലെ തൊഴിലാളിസംഘടനകൾ ദേശീയതലത്തിൽ “സേവ് എൻറ്റിസി സമിതി” രൂപീകരിച്ച് പാർലമെന്റിന് മുന്നിൽ പ്രതിഷേധിച്ചു. കരിദിനം ആചരിച്ചു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം പാർലമെന്റിൽ പ്രശ്നം ഉന്നയിച്ചു. ട്രേഡ് യൂണിയൻ നേതാക്കൾ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ശ്രീ.പിയൂഷ് ഗോയലിനെ സന്ദർശിച്ച് ചർച്ച നടത്തി. നൂലും വസ്ത്രവുമുണ്ടാക്കുന്ന ജോലി ഈ സർക്കാർ ചെയ്യുവാൻ പോകുന്നില്ല. എന്ന അതിവിചിത്രമായ നിലപാട്, മന്ത്രി സ്ഥാനത്തിന് തന്നെ യോജിക്കാത്ത വിധം പ്രകടിപ്പിക്കുകയാണ് ചെയ്തത്. നിർദ്ദേശങ്ങൾ പലതും സമർപ്പിച്ചെങ്കിലും തരിമ്പും അനങ്ങാത്ത കേന്ദ്രബിജെപി സർക്കാരിന്റെ നിലപാടുകളെ തുറന്നെതിർക്കുവാൻ ടെക്സ്റ്റൈയിൽ മിൽ തൊഴിലാളികൾക്ക് പിന്തുണയുമായി ഇനിയും കൂടുതൽ സമരമുഖങ്ങൾ തുറക്കേണ്ടി വരും



2022 മാർച്ച് 28, 29 തീയതികളിൽ നടക്കുന്ന ദ്വിദിന ദേശീയ പണിമുടക്കിനോട് അനുബന്ധിച്ച് സംയുക്ത ട്രേഡ് യൂണിയൻ സാംസ്കാരിക സമിതി തയ്യാറാക്കിയ ‘സമരം പൂക്കേണ്ട കാലം’ (സംവിധാനം പ്രമോദ് പയ്യന്നൂർ). തിരുവനന്തപുരം ഭാരത് ഭവനിൽ വച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും, അഭിനേതാവും എം.എൽ.എയുമായ എം. മുകേഷും ചേർന്ന് പ്രകാശനം ചെയ്യുന്നു.

ആശംസകളോടെ....

## മണക്കാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1796

മണക്കാട് പി.ഒ., വെങ്ങല്ലൂർ, തൊടുപുഴ 685608, ഫോൺ : 04862222689, 9188252689 , Email : mkdscbitdno1796@gmail.com

**Class I Bank**

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **വി.ബി.ദിലീപ്കുമാർ** (9446864136) | **നിർമ്മൽ ഷാജി** (9946522469) |

**ബാങ്കിന്റെ മറ്റു സേവനങ്ങൾ :** നീതി സൂപ്പർ മാർക്കറ്റ് & ഇക്കോ ഷോപ്പ്
SMS Alert Locker Facility NEFT/RTGS
ഗ്രൂപ്പ് നിക്ഷേപ പദ്ധതികൾ (GDCS)

---

ആശംസകളോടെ....

## കല്ലാർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം കെ.180

ചിത്തിരപുരം പി.ഒ., H.O: ചിത്തിരപുരം ഫോൺ : 04865263279

Email : kallarcobank@gmail.com

ബ്രാഞ്ചുകൾ :

| ചിത്തിരപുരം | ആനച്ചാൽ | കല്ലാർ | കുരിശുപാറ |
|---|---|---|---|
| 263240 | 263264 | 04864 278512 | 278116 |

---

ആശംസകളോടെ....

## മാങ്കുളം സർവീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ ഐ 108, മാങ്കുളം പി.ഒ., H.O: മാങ്കുളം ഫോൺ : 04864 218215, 218028

Email : mankulamscb@gmail.com

| | |
|---|---|
| **എ.പി.സുനിൽ** | **ബിനോയി സെബാസ്റ്റ്യൻ** |
| പ്രസിഡന്റ് | സെക്രട്ടറി |
| 9446800736 | 9447827065 |

---

# MALANAD SERVICE CO-OPERATIVE BANK

**LTD. No.K340**

HO : Vagamon,Idukki Dist. Kerala,Tel : 04869 248239,216309,mscbvgmn@gmail.com
Branches : Ealappara Tel : 04869 242309,216309, Pasuppara Tel : 04869 246309,
Pulimkatta Tel : 04869 240009




MASCO Hill Resort
Near Masco Tea Factory VAGAMON
Tel: 04869 248349, 248549
Mob: Mob: 9539435389
9744994735, 9447073221
www.mascohillresorts.com

# ഡിസംബറിന്റെ നഷ്ടം

അങ്ങനെയങ്ങനെ
ഡിസംബറിന്റെ നഷ്ടം
ജനുവരിയുടെ ലാഭമായി

പകലവൻ ചിരിച്ചപ്പോൾ
ഞാനും ചിരിച്ചു.
പകലവനെരിഞ്ഞപ്പോൾ
ഞാനെരിഞ്ഞു

ഇരവിന്റെ കമ്പളത്തിൽ നിദ്രതേടി
ഇടക്കിടെ ഉണർന്നുനോക്കുമ്പോൾ
ചിരിക്കുന്നുണ്ടൊരുയക്ഷി
നിലാവു പോലെ.

പറന്നുപോയൊരു കരിയില
തിരഞ്ഞു നാടെങ്ങും ഹരിതകനഷ്ടം
വരണ്ട മണ്ണിടം പിളർന്നു വേരുകൾ
ഒരു ജല കണം
തിരഞ്ഞു പോകുമ്പോൾ

നുണക്കുഴികളിൽ
ചിരിയുറഞ്ഞുപോയ്
ഒഴുക്കുനിന്നുപോയ്
പുഴ മരിച്ചുപോയ്

അകലെ വാനിലെ നരച്ചതാടികൾ
ചികഞ്ഞു നോക്കുന്നു
ജലകണത്തിനായ്.

വരണ്ട മണ്ണിലെ കനൽപൊരികളിൽ
തൊലി ഞൊറിഞ്ഞുപോയ്
കൊഴുപുറഞ്ഞുപോയ്

കൊഴിഞ്ഞ പല്ലുപോൽ
കഴിഞ്ഞ കാലങ്ങൾ
രുചികൾ തേടുന്നു, പുതിയ ലാഭങ്ങൾ.

ഡിസംബറിന്റെ
തലനരച്ചപ്പോൾ
തിരഞ്ഞതില്ല ഞാൻ
കറുത്ത ചായങ്ങൾ.

നരച്ച താടികൾ
കറുത്തു വന്നിടാം
പിറന്നു മേടങ്ങൾ
മഴ പൊഴിച്ചിടാം.

നനഞ്ഞു നമ്മൾക്കും
കുളിർന്നു നിന്നിടാം
കറുത്ത കമ്പളം
ഹരിതകമാകും.



കെ.എ.മണി
(സെക്രട്ടറി, ജനറൽ വർക്കേഴ്സ്
യൂണിയൻ, ഇടുക്കി)




# എൽ.ഐ.സി. സമരപ്രഖ്യാപന കൺവൻഷൻ

**എൽഐസിയുടെ 5 ശതമാനം ഓഹരി വിൽക്കാനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിരിക്കുന്നു. 49 ശതമാനം ഓഹരിവരെ വിൽക്കാൻ നിയമഭേദഗതി ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ നീക്കം 30 കോടിയോളം വരുന്ന പോളിസി ഉടമസ്ഥരുടെ താൽപ്പര്യങ്ങൾക്കു വിരുദ്ധമാണ്. രാജ്യത്തിന്റെ വികസനത്തിനും സാധാരണക്കാരുടെ സുരക്ഷയ്ക്കും ഇതു വിലങ്ങുതടിയാകും. ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്ക് വിരുദ്ധവുമാണ്.**

1. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പോളിസി ഉടമസ്ഥരുടെയും ജീവനക്കാരുടെയും കൊച്ചിയിലെ ഈ മഹാസമ്മേളനം ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരി ക്കുന്നതിനുള്ള കേന്ദ്രസർക്കാർ നീക്കത്തെ ചെറുക്കുന്നതിനുള്ള ഒരു മഹാപ്രസ്ഥാനത്തിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. എൽഐസിയുടെ 5 ശതമാനം ഓഹരി വിൽക്കാനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിരിക്കുന്നു. 49 ശതമാനം ഓഹരിവരെ വിൽക്കാൻ നിയമഭേദഗതി ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ നീക്കം 30 കോടിയോളം വരുന്ന പോളിസി ഉടമസ്ഥരുടെ താൽപ്പര്യങ്ങൾക്കു വിരുദ്ധമാണ്. രാജ്യത്തിന്റെ വികസനത്തിനും സാധാരണക്കാരുടെ സുരക്ഷയ്ക്കും ഇതു വിലങ്ങുതടിയാകും. ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങൾക്ക് വിരുദ്ധവുമാണ്.

## രാജ്യത്തിന്റെ അഭിമാനസ്തംഭം

2. എൽഐസി ഇന്ന് ലോകത്തെ തന്നെ ഏറ്റവും വലിയ ലൈഫ് ഇൻഷ്വറൻസ് സ്ഥാപനമാണ്. ഔദ്യോഗിക കണക്കു പ്രകാരം 38 ലക്ഷം കോടി രൂപയാണ് എൽഐസിയുടെ മൊത്തം ആസ്തികൾ. 8 സോണൽ ഓഫീസുകളും 113 ഡിവിഷണൽ ഓഫീസുകളും 2048 ബ്രാഞ്ച് ഓഫീസുകളും 1546 സാറ്റലൈറ്റ് ഓഫീസുകളുമുണ്ട്. രാജ്യം മുഴുവൻ എൽഐസിയുടെ ശൃംഖലയുണ്ട്. 108987 ജീവനക്കാരും 1353808 ഏജന്റുമാരുമുണ്ട്. എൽഐസി പെൻഷൻ ഫണ്ടും എൽഐസി കാർഡ് സർവ്വീസസും പൂർണ്ണമായും എൽഐസിയുടെ ഉടമസ്ഥതയിലുള്ള കമ്പനികളാണ്. എൽഐസി ഹൗസിംഗ് ഫിനാൻസ്, എൽഐസി മ്യൂച്ചൽ ഫണ്ട്, എഎംസി എന്നിവ സബ്സിഡിയറി ആയുണ്ട്. ഐഡിബിഐയിൽ ഭൂരിപക്ഷ ഓഹരികളുമുണ്ട്. 14 രാജ്യങ്ങളിൽ ഇടപാടുകൾ നടത്തുന്നു. 30 കോടി വ്യക്തിഗത പോളിസികളും 12 കോടി ഗ്രൂപ്പ് പോളിസികളുമുണ്ട്.



പൊതുമേഖലാ നിയന്ത്രണം ഇൻഷ്വറൻസ് മേഖലയിൽ ഇല്ലായ്മ ചെയ്യണമെങ്കിൽ ഒറ്റവഴിയേയുള്ളൂ. എൽഐസിയെ സ്വകാര്യവൽക്കരിക്കുക. സ്വകാര്യവൽക്കരണത്തിന്റെ ഏറ്റവും വലിയ നഷ്ടം പോളിസി ഉടമകൾക്കാണ്.

## സ്വകാര്യവൽക്കരണനയം

3. കഴിഞ്ഞ ഏഴുപതിറ്റാണ്ടുകൊണ്ട് രൂപംകൊണ്ട പൊതുമേഖലയെ വിറ്റ് കാശാക്കുന്നത് കേന്ദ്രസർക്കാർ നയമായി അംഗീകരിച്ചിരിക്കുകയാണ്. സമ്പന്നരുടെമേൽ നികുതി ചുമത്തി വിഭവസമാഹരണം നടത്തുന്നതിനു പകരം അവർക്ക് ഇളവുകൾ നൽകുകയാണ് സമീപനം. അതുകൊണ്ട് ബജറ്റിൽ വിഭവ സമാഹരണത്തിന് കടബാധ്യത സൃഷ്ടിക്കാത്ത ഒരു എളുപ്പ പോംവഴിയായിട്ടാണ് പൊതുമേഖലാ സ്വകാര്യവൽക്കരണത്തെ അവർ കാണുന്നത്. അതോടൊപ്പം രാജ്യത്തിന്റെ പൊതുമുതൽ കുത്തകകളുടെ സ്വകാര്യ സ്വത്തായി മാറ്റി അവരെ വളർത്താനും ഇതുവഴി കഴിയും.
4. 1994ൽ മൽഹോത്ര കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ലൈഫ് ഇൻഷ്വറൻസ് മേഖല സ്വകാര്യ കമ്പനികൾക്കു തുറന്നുകൊടുത്തു. എന്നിട്ടും 2020ൽ ലൈഫ് ഇൻഷ്വറൻസ് ബിസിനസിന്റെ 34 ശതമാനമേ സ്വകാര്യ കമ്പനികൾക്കു കൈയ്യടക്കാൻ കഴിഞ്ഞിട്ടുള്ളൂ. സ്വകാര്യ കമ്പനികൾക്കും എൽഐസിക്കും കമ്പോളമത്സരത്തിൽ തുല്യ അവസരം നൽകണമെന്നു പറഞ്ഞ് എൽഐസിയുടെ ആകർഷകമായ പല ഇൻഷ്വറൻസ് ഉൽപ്പന്നങ്ങൾക്കും റെഗുലേറ്ററി അതോറിറ്റി അനുമതി നിഷേധിച്ചു കഴിഞ്ഞിട്ടും ഇതാണ് അവസ്ഥ. അത്ര യ്ക്കു വലിയ ചെറുത്തുനിൽപ്പാണ് എൽഐസി ജീവനക്കാരും ഏജന്റുമാരും തങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനം സംരക്ഷിക്കുന്നതിന് നടത്തിയത്. കമ്പോളമത്സരത്തിൽ എൽഐസിയെ തോൽപ്പിക്കാനാവില്ലെന്ന് ഇപ്പോൾ ഏതാണ്ട് വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് ഇനി പൊതുമേഖലാ നിയന്ത്രണം ഇൻഷ്വറൻസ് മേഖലയിൽ ഇല്ലായ്മ ചെയ്യണമെങ്കിൽ ഒറ്റവഴിയേയുള്ളൂ. എൽഐസിയെ സ്വകാര്യവൽക്കരിക്കുക. ബിഎസ്എൻഎല്ലും മറ്റും പോലെ വെടക്കാക്കി തനിക്കാ

ക്കാൻ പ്രയാസമാണ്. സ്വകാര്യവൽക്കരണത്തിന്റെ ഏറ്റവും വലിയ നഷ്ടം പോളിസി ഉടമകൾക്കാണ്.

## എൽഐസി, പോളിസി ഉടമകളുടെ ട്രസ്റ്റ്

5. പോളിസി ഉടമകളുടെ ട്രസ്റ്റുപോലെയാണ്എൽഐസി പ്രവർത്തിക്കുന്നത്. 5 കോടി രൂപയാണ് 64 വർഷം മുമ്പ് കേന്ദ്രസർക്കാർ മുതൽമുടക്കിയത്. ഇപ്പോൾ 38 ലക്ഷം കോടി രൂപയുടെ ആസ്തികളുണ്ട്. എൽഐസിയുടെ ഭീമാകാരമായ ഫണ്ട് പോളിസി ഉടമസ്ഥർ നൽകിയിട്ടുള്ള പ്രീമിയത്തിൽനിന്നും ഉണ്ടാ ക്കിയിട്ടുള്ളതാണ്. അവർ നൽകിയിരിക്കുന്ന ഫണ്ട് നല്ല രീതിയിൽ നിക്ഷേപിച്ച് അതിൽനിന്നും കിട്ടുന്ന വാർഷിക ലാഭത്തിന്റെ 5 ശതമാനം ഓഹരി ഉടമസ്ഥനായ കേന്ദ്രസർക്കാരിനു നൽകും. ബാക്കി 95 ശതമാനവും പോളിസി ഉടമസ്ഥർക്കു ബോണസായി നൽകുന്നു. ഇതുവരെ 28965 കോടി രൂപ ഡിവിഡന്റായി കേന്ദ്രസർക്കാരിനു നൽകിയിട്ടുണ്ട്. ഏതാണ്ട് 6 ലക്ഷത്തോളം കോടി രൂപ ബോണസായി പോളിസി ഉടമസ്ഥർക്കും നൽകിയിട്ടുണ്ട്.




ബജറ്റിൽ വിഭവ സമാഹരണത്തിന് കടബാധ്യത സൃഷ്ടിക്കാത്ത ഒരു എളുപ്പ പോംവഴിയായിട്ടാണ് പൊതുമേഖലാ സ്വകാര്യവൽക്കരണത്തെ അവർ കാണുന്നത്. അതോടൊപ്പം രാജ്യത്തിന്റെ പൊതുമുതൽ കുത്തകകളുടെ സ്വകാര്യ സ്വത്തായി മാറ്റി അവരെ വളർത്താനും ഇതുവഴി കഴിയും.

## ബോണസ് കുറയുന്നു

6. ഇത്തരത്തിൽ പോളിസി ഉടമസ്ഥർക്ക് ലഭിക്കുന്ന ബോണസ് കുത്തനെ കുറയാനാണു പോകുന്നത്. ലൈഫ് ഇൻഷ്വറൻസ് പോളിസികൾ രണ്ടുതരമുണ്ട്. റിസ്ക് കവറേജിനു പുറമേ സമ്പാദ്യത്തിന്റെ ഒരു ഘടകവുംകൂടി പ്രീമിയത്തിൽ ഉൾപ്പെടുന്ന പാർട്ടിസിപ്പേറ്റിംഗ് പോളിസികളും റിസ്ക് കവറേജു മാത്രമുള്ള നോൺ പാർട്ടിസിപ്പേറ്റിംഗ് പോളിസികളും. ഇതുവരെ എൽഐസിയുടെ ലൈഫ് ഫണ്ടിൽ രണ്ടുതരം പോളിസികളും ഉൾപ്പെടും. രണ്ടിൽ നിന്നുള്ള ലാഭവും ബോണസായി വിതരണം ചെയ്യപ്പെടും. എന്നാൽ സ്വകാര്യവൽക്കരണത്തോടെ പാർട്ടിസിപ്പേറ്റിംഗ് പോളിസികളുടെ ലാഭമേ ബോണസായി വിതരണം ചെയ്യൂ. ബാക്കി ഓഹരി ഉടമസ്ഥരുടെ ഡിവിഡന്റായി വിതരണം ചെയ്യും. ഇങ്ങനെയാണ് ഇപ്പോൾ സ്വകാര്യ ലൈഫ് ഇൻഷ്വറൻസ് കമ്പനികൾ പ്രവർത്തിക്കുന്നത്. ഇത് എൽഐസിക്കും ബാധകമാകും.
7. ഇതിനു പുറമേ 95 ശതമാനം ലാഭവും ഇപ്പോൾ ബോണസായി വിതരണം ചെയ്യുന്നുണ്ടല്ലോ. അത് ഇപ്പോൾ തന്നെ 90 ശതമാനമായി കുറച്ചിട്ടുണ്ട്. സ്വകാര്യവൽക്കരണം ഏറുംതോറും അത് ഇനിയും കുറയും. സ്വകാര്യ മുതലാളിമാർകൂടി എൽഐസിയുടെ ഉടമസ്ഥരായി വരുമ്പോൾ മറ്റേത് സ്വകാര്യ കമ്പനിക ളെയും പോലെ ലാഭം പരമാവധി ആക്കി ഓഹരി ഉടമസ്ഥർക്കു നൽകുന്ന ഒരു കമ്പനിയായി എൽഐസി മാറും. നഷ്ടം പോളിസി ഉടമസ്ഥർക്കായിരിക്കും.

## അരക്ഷിതാവസ്ഥ

8. ഇന്നു പോളിസി ഉടമസ്ഥർക്ക് അവരുടെ പ്രീമിയത്തിന്



**പിഎം ജീവൻ ജ്യോതി ഭീമാ യോജന, പിഎം വയ വന്ദനാ യോജന , അടൽ പെൻഷൻ യോജന തുടങ്ങി 13 തരം പെൻഷൻ സ്കീമുകൾ എൽഐസി ഫണ്ട് ലിമിറ്റഡ് നിലവിലുണ്ട്. സ്ത്രീകൾക്കും പാവങ്ങൾക്കും വേണ്ടിയുള്ള ഇത്തരം പദ്ധതികളെല്ലാം അവതാളത്തിലാകും.**

സമ്പൂർണ്ണ സുരക്ഷിതത്വമുണ്ട്. അതിനു സർക്കാർ ഗ്യാരണ്ടിയുണ്ട്. എന്നാൽ സ്വകാര്യ ഓഹരി ഉടമസ്ഥർകൂടി വരുമ്പോൾ ഈ ഗ്യാരണ്ടി ഉണ്ടാവില്ല. ഫലം, പോളിസി ഉടമസ്ഥരുടെ അരക്ഷിതാവസ്ഥയായിരിക്കും. 1990നും 2020 നും ഇടയ്ക്ക് അമേരിക്കയിൽ 82 ഇൻഷ്വറൻസ് കമ്പനികൾ പൊളിഞ്ഞു. ഇതിൽ ലോകത്തെ ഏറ്റവും വലിയ ഇൻഷ്വറൻസ് കമ്പനിയായ അമേരിക്കൻ ഇന്റർനാഷണൽ ഗ്രൂപ്പും ഉൾപ്പെടും. ഇത്തരമൊരു അരക്ഷിതാവസ്ഥയാണ് ഇന്ത്യയിലെ പോളിസി ഉടമസ്ഥരെ കാത്തിരിക്കുന്നത്.

## സാധാരണക്കാരോട് അവഗണന

9. പാവപ്പെട്ടവരും സാധാരണക്കാരും അവഗണിക്കപ്പെടും. 2020–21ൽ എൽഐസിയുടെ ശരാശരി പോളിസി പ്രീമിയം 16156 രൂപയായിരുന്നു. സ്വകാര്യ മേഖലയുടേത് 89004 രൂപയും. സ്വകാര്യ മേഖല കൂടുതൽ വൻകിട പോളിസി ഉടമസ്ഥൻമാരിലാണു ശ്രദ്ധിക്കുന്നതെന്നു വ്യക്തം. അതുപോലെ തന്നെ നഗരമേഖലയിലാണ് ശ്രദ്ധ. 2020–21ൽ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ 78 ശതമാനം ബ്രാഞ്ചുകളും ഒരുലക്ഷത്തിലേറെ ജനസംഖ്യയുള്ള നഗരങ്ങളിലായിരുന്നു. എൽഐസിയിൽ ഇത് 37 ശതമാനമേ വരൂ. 20000ത്തിൽ താഴെ ജനസംഖ്യയുള്ള ചെറുപട്ടണങ്ങളിലാണ് 24 ശതമാനം ബ്രാഞ്ചുകൾ. സ്വകാര്യ ഇൻഷ്വറൻസുകാരുടെ 3 ശതമാനത്തിൽ താഴെ ബ്രാഞ്ചുകളേ ഇവിടങ്ങളിലുള്ളൂ. സ്വകാര്യവൽക്കരണ ത്തിന്റെ ഫലമായി ഗ്രാമീണ മേഖലയും ചെറുകിട പോളിസി ഉടമസ്ഥരും അവഗണിക്കപ്പെടും.

## സ്ത്രീകളും പാവപ്പെട്ടവരും

10. കേരളമൊഴികെ മഹാഭൂരിപക്ഷം ഇന്ത്യക്കാർക്കും യാതൊരുവിധത്തിലുള്ള സാമൂഹ്യസുരക്ഷിതത്വ വലയവുമില്ല. അവർക്കായി ഒട്ടേറെ സാമൂഹ്യസുരക്ഷാ പദ്ധതികൾ എൽഐസി നടപ്പിലാക്കുന്നുണ്ട്. 330 രൂപയ്ക്ക് 2 ലക്ഷം രൂപയുടെ കവറേജ് നൽകുന്ന പിഎം ജീവൻ ജ്യോതി ഭീമാ യോജനയ്ക്ക് 1.50 കോടി ഗുണഭോക്താക്കളുണ്ട്. പിഎം വയ വന്ദനാ യോജന ഒരു നിശ്ചിത ഡെപ്പോസിറ്റിന്റെ അടിസ്ഥാനത്തിൽ മാസംതോറും പെൻഷൻ നൽകുന്ന പരിപാടിയാണ്. അടൽ പെൻഷൻ യോജന എന്നത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അവർ മാസംതോറും അടയ്ക്കുന്ന ഒരു ചെറിയ പ്രീമിയത്തിന് പെൻഷൻ നൽകുന്ന പദ്ധതിയാണ്. ഇതുപോലെ 13 തരം പെൻഷൻ സ്കീമുകൾ എൽഐസി ഫണ്ട് ലിമിറ്റഡ് നിലവിലുണ്ട്. ഇതിനെല്ലാം പുറമേ സ്വയംസഹായ സംഘങ്ങൾ വഴി മൈക്രോ ഇൻഷ്വറൻസിനുള്ള പദ്ധതിയുമുണ്ട്. സ്വകാര്യവൽക്കരണം ക്രോസ് സബ്സിഡി ഇല്ലാതാക്കും. സ്ത്രീകൾക്കും പാവങ്ങൾക്കും വേണ്ടിയുള്ള ഇത്തരം പദ്ധതികളെല്ലാം അവതാളത്തിലാകും.

## അൺഫെയർ ബിസിനസ് പ്രാക്ടീസസ്

11. 2019–20ൽ അൺഫെയർ ബിസിനസ് പ്രാക്ടീസസ് പരാതികൾ (ബിസിനസ് നടത്തിപ്പിലെ തട്ടിപ്പുകൾ) 43444 ആയിരുന്നു. അവയിൽ 90 ശതമാനവും സ്വകാര്യ കമ്പനികളുമായി ബന്ധപ്പെട്ടവയാണ്. മൊത്തം ഇൻഷ്വറൻസ് ഇടപാടുകളുടെ 34 ശതമാനമേ സ്വകാര്യ മേഖലയുടേതായിട്ടുള്ളൂവെന്നത് ഓർക്കുക. സ്വകാര്യ കമ്പനികളുടെ ഇടപാടുകളുടെ സിംഹഭാഗവും ബാങ്ക് ഓഫീസുകൾ വഴിയാണ്. എൽഐസി ക്കാവട്ടെ 13.50 ലക്ഷം ഏജന്റുമാരുമുണ്ട്. എന്നിട്ടും എൽഐസിക്കാണു താരതമ്യേന ചെലവ് കുറവ്. 2020–21ൽ ഓപ്പറേറ്റിംഗ് ചെലവുകൾ പ്രീമിയത്തിന്റെ 8.68 ശതമാനമേ വരൂ. സ്വകാര്യ കമ്പനികളുടേതാവട്ടെ ഈ തോത് 11.72 ശതമാനവുമാണ്. അങ്ങനെ എൽഐസി താരതമ്യേന ചുരുങ്ങിയ ചെലവിൽ കൂടുതൽ ആളുകൾക്ക് സേവനം നൽകുന്നു.

## ദേശീയനഷ്ടം

12. കേന്ദ്രസർക്കാരിന് മേൽപ്പറഞ്ഞ സാമൂഹ്യപ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തയില്ല. എന്തിന് തങ്ങളുടെ പോലും നാളത്തെ താൽപ്പര്യങ്ങളെ പരിഗണിക്കുന്നില്ല. ഇന്ന് എത്ര കോടി ഷെയർ വിറ്റുകിട്ടും എന്നതിനെ ക്കുറിച്ചു മാത്രമാണ് ചിന്ത. എൽഐസി ഇപ്പോൾ 38 ലക്ഷം കോടി രൂപ സെക്യൂരിറ്റികൾ, ഷെയറുകൾ, പശ്ചാത്തലസൗകര്യങ്ങൾ തുടങ്ങിയവയിൽ നിക്ഷേപിച്ചിട്ടുണ്ട്. വൈദ്യുതി, പാർപ്പിടം, കുടിവെള്ളം, റോഡ്, റെയിൽവേ തുടങ്ങിയ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളിൽ 2020–21ൽ എൽഐസിയുടെ നിക്ഷേപം 26322 കോടി രൂപയായിരുന്നു. താരതമ്യേന താഴ്ന്ന പലിശയ്ക്കാണ് ഈ നിക്ഷേപങ്ങൾ മുഴുവൻ. എന്നാൽ സ്വകാര്യ ഉടമസ്ഥന്മാർ കൂടുതൽ പലിശയോ ലാഭമോ കിട്ടുന്ന നിക്ഷേപങ്ങളിലേക്ക് എൽഐസി യെ മാറാൻ നിർബന്ധിക്കും. ഇന്നു കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് ഉറപ്പായും ലഭ്യമായ ഒരു ധന സ്രോതസ്സാണ് ഇല്ലാതാവുക.

13. ഓഹരി വിൽക്കുന്നതിനുവേണ്ടി എൽഐസിയുടെ വാല്യുവേഷൻ പൂർത്തീകരിച്ചു. ഷെയർ വാങ്ങാൻ പോകുന്ന ഇൻവെസ്റ്റേഴ്സിനു ഭാവിയിൽ വർഷംതോറും കിട്ടാവുന്ന ലാഭവിഹിതത്തിന്റെ അടിസ്ഥാന ത്തിലാണ് എൽഐസിയുടെ മൂല്യം തീരുമാനിച്ചിരിക്കുന്നത്. ഇതിനെയാണ് എംബഡഡ് വാല്യു എന്നു വിളിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ എൽഐസിയുടെ എംബഡഡ് വാല്യു നാലുലക്ഷം കോടി രൂപയേ വരൂ. ഇതിന്റെ മൂന്നോ നാലോ മടങ്ങ് മൂല്യമായി കരുതിയാണ് ഓഹരി വില തീരുമാനിക്കുന്നത്. ഇത് കമ്പനിയുടെ യഥാർത്ഥമൂല്യത്തെ പ്രതിഫലിപ്പിക്കില്ല. മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റപ്പോഴെല്ലാം തെളിഞ്ഞ ഒരു വസ്തുതയാണിത്. ഇന്ത്യൻ റെയിൽവേ കഴിഞ്ഞാൽ ഏറ്റവുമധികം ഭൂസ്വത്ത്, അതും നഗരങ്ങളിൽ ഉള്ള പൊതുമേഖലാ സ്ഥാപനമാണ് എൽഐസി. ഈ



**ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശക തത്വങ്ങളുടെ നിരാകരണമായിരിക്കും എൽഐസി പോലുള്ള ഒരു സ്ഥാപനത്തിന്റെ സ്വകാര്യവൽക്കരണം. എൽഐസിയിൽ എസ്.സി/എസ്.റ്റി/ ഒബിസി വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ സംവരണം ലഭിക്കുന്നത് സ്ഥാപനം പൊതുമേഖലയിലായതുകൊണ്ടാണ്. ഈ ദുർബല വിഭാഗങ്ങളുടെ ഭാവി തൊഴിലവസരങ്ങൾക്ക് സ്വകാര്യവൽക്കരണം വലിയ തിരിച്ചടിയാകും.**



**അന്തർദേശീയ ഫിനാൻസ് മൂലധനത്തിന്റെകൂടി താൽപ്പര്യമാണ് എൽഐസിയുടെ സ്വകാര്യവൽ ക്കരണം. ഇന്നത്തെ ലോക മുതലാളിത്തത്തിൽ ആധിപത്യം പുലർത്തുന്നത് വ്യവസായികളല്ല. ബാങ്ക്, ഇൻഷ്വറൻസ് തുടങ്ങിയ ധനകാര്യ മേഖലയിലെ ഭീമൻ മൂലധന കമ്പനികളാണ്. ഫാക്ടറികളിലും വയലേല കളിലും സൃഷ്ടിക്കപ്പെടുന്ന സമ്പത്ത് ധനകാര്യ മേഖലയിലെ തിരിമറികളിലൂടെയാണ് ഈ കുത്തകകളുടെ കൈയ്യിൽ എത്തുന്നത്.**



സ്വത്തൊക്കെ സ്വകാര്യ ഉടമസ്ഥതയിലേക്കു പെടുവിലയ്ക്കു നീങ്ങുകയാണ്.

## എൽഐസി, വിൽപ്പന അഭിമാന പ്രശ്നം

14. 2021–22ൽ 1.75 ലക്ഷം കോടി രൂപയാണ് പൊതുമേഖലാ സ്വകാര്യവൽക്കരണത്തിലൂടെ സമാഹരിക്കാൻ കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടത്. പക്ഷെ ഇതുവരെ 9240 കോടി രൂപയ്ക്കുള്ള പൊതുസ്വത്തേ വിൽക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ നാണക്കേട് മറയ്ക്കാൻ എൽഐസി ഓഹരി വിറ്റേപറ്റൂ. ഇതു വിജയിക്കുമെന്ന് ഉറപ്പിക്കാൻ ഓഹരിവില താഴ്ത്തി നിശ്ചയിക്കാനും മടിക്കില്ലായെന്ന് വിദഗ്ദർ ആശങ്കപ്പെടുന്നു. വിദേശ നിക്ഷേപ കമ്പനികളെ എൽഐസി ഷെയർ വാങ്ങാൻ അനുവാദം നൽകിയിരിക്കുകയാണ്. രാജ്യത്തിന്റെ അഭിമാനസ്തംഭമായ ഈ സ്ഥാപനം വിദേശികളുടെ നിയന്ത്രണത്തിൽ എത്തിച്ചേർന്നേക്കാം. ഇതിനിടെ ആങ്കർ ഇൻവെസ്റ്റേഴ്സിനെക്കുറിച്ചും ചർച്ച തുടങ്ങിയിട്ടുണ്ട്. അതായത്, എല്ലാം ചില്ലറയായിട്ടു വിൽക്കാതെ ഏതെങ്കിലുമൊരു പ്രധാന കമ്പനിക്ക് മൊത്തമായി നല്ല പങ്ക് ഷെയറും വിൽക്കുക. എന്നുവച്ചാൽ എൽഐസിയുടെ ഡയറക്ടർ ബോർഡിൽ കോർപ്പറേറ്റ് ഡയറക്ടർമാരും ഇപ്പോൾതന്നെ വന്നുതുടങ്ങും.

## വിദേശ ധനമൂലധനം

15. അന്തർദേശീയ ഫിനാൻസ് മൂലധനത്തിന്റെകൂടി താൽപ്പര്യമാണ് എൽഐസിയുടെ സ്വകാര്യവൽ ക്കരണം. ഇന്നത്തെ ലോക മുതലാളിത്തത്തിൽ ആധിപത്യം പുലർത്തുന്നത് വ്യവസായികളല്ല. ബാങ്ക്, ഇൻഷ്വറൻസ് തുടങ്ങിയ ധനകാര്യ മേഖലയിലെ ഭീമൻ മൂലധന കമ്പനികളാണ്. ഫാക്ടറികളിലും വയലേല കളിലും സൃഷ്ടിക്കപ്പെടുന്ന സമ്പത്ത് ധനകാര്യ മേഖലയിലെ തിരിമറികളിലൂടെയാണ് ഈ കുത്തകകളുടെ കൈയ്യിൽ എത്തുന്നത്. ഈ പശ്ചാത്തലത്തിലാണ് ധനകാര്യ മേഖല തങ്ങൾക്കു തുറന്നുകിട്ടണമെന്ന് അവർ വാശിപിടിക്കുന്നത്. ലോകത്തെ ഏറ്റവും വലിയ ലൈഫ് ഇൻഷ്വറൻസ് കമ്പനി തങ്ങളുടെ വരുതി യാലിക്കാമെന്ന് അവർ സ്വപ്നം കാണുന്നുണ്ട്.

## ഭരണഘടനാ വിരുദ്ധം

16. ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശക തത്വങ്ങളുടെ നിരാകരണമായിരിക്കും എൽഐസി പോലുള്ള ഒരു സ്ഥാപനത്തിന്റെ സ്വകാര്യവൽക്കരണം. എൽഐസിയിൽ എസ്.സി/എസ്.റ്റി/ഒബിസി വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ സംവരണം ലഭിക്കുന്നത് സ്ഥാപനം പൊതുമേഖലയിലായതുകൊണ്ടാണ്. ഈ ദുർബല വിഭാഗങ്ങളുടെ ഭാവി തൊഴിലവസരങ്ങൾക്ക് സ്വകാര്യവൽക്കരണം വലിയ തിരിച്ചടിയാകും.●

# എൽഐസി യെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ട്



**"എൽഐസിയെ സംരക്ഷിക്കുവാൻ കേരളം ഒറ്റക്കെട്ട്" എന്ന പ്രസ്ഥാനം വിദൂരമല്ലാത്ത ഭാവിയിൽ "രാജ്യം ഒറ്റക്കെട്ട്" എന്ന നിലയിൽ പടർന്ന് പന്തലിക്കും.**

**കെ.എൻ.ഗോപിനാഥ്**

28 ലക്ഷം കോടിരൂപയുടെ ആസ്തിയുള്ള എൽഐസിയുടെ ഉപഭോക്താക്കൾ 42 കോടിയോളം വരുന്ന പോളിസി ഉടമകളാണ്. ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണത്തിനായി ജീവിതമാണ് (ലൈഫ്) ഇൻഷ്വൂർ ചെയ്യുന്നത്. ഗ്രൂപ്പ് ഇൻഷ്വൂറൻസ്, പെൻഷൻ, ചികിത്സാപദ്ധതി, ഭവനവായ്പ എന്നിങ്ങനെ വ്യക്തഗത വായ്പകൾ നിരവധിയാണ്. മോട്ടോർ ക്ലയിന്റുകൾക്ക് സർക്കാർ ഗാരന്റിയുള്ള ജനറൽ ഇൻഷ്വറൻസിൽ 100 ശതമാനം വിദേശപങ്കാളിത്തം തീരുമാനിച്ചതിന്റെ പിന്നാലെയാണ് എൽഐസിയെ ഘട്ടംഘട്ടമായി സ്വകാര്യവൽക്കരിക്കാൻ ആദ്യപടി എന്ന നിലയിൽ 5 ശതമാനം ഓഹരി വിൽക്കാൻ കേന്ദ്രബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഓഹരി വാങ്ങുന്ന പോളിസി ഉടമകളെ എൽഐസിയുടെ ഉടമസ്ഥന്മാരാക്കുമെന്നാണ് മാനേജ്മെന്റും, ബിജെപിയും സർക്കാരും പ്രചരിപ്പിക്കുന്നത്. ശുദ്ധ അസംബന്ധമാണിത്. പോളിസിയെടുത്ത് എൽഐസിയെ ശക്തിപ്പെടുത്തി സർക്കാരിന് സാമ്പത്തിക സ്രോതസ്സായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോളിസി ഉടമകളെ കടക്കാരാക്കി മാറ്റാനുള്ള നീക്കമാണ് ഇതിന് പിന്നിലുള്ളത്. ഈ ചതിയും ഗൂഢാലോചനയും പോളിസി ഉടമകൾ മനസിലാക്കണം. തൊഴിലാളികളുമായി കൈകോർത്ത് എൽഐസിയെ സംരക്ഷിക്കുവാൻ വലിയ ബഹുജന പ്രസ്ഥാനത്തിന് രൂപം നൽകണം. മാർച്ച് 13 ലെ എറണാകുളം കൺവെൻഷൻ ഇതിന്റെ തുടക്കമായിരുന്നു. രാജ്യം മുഴുവനും പോളിസി ഉടമകളും ജീവനക്കാരും ഏജന്റുമാരും ഒന്നുകൂടി പ്രതിരോധസമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. "എൽഐസിയെ സംരക്ഷിക്കുവാൻ കേരളം ഒറ്റക്കെട്ട്" എന്ന പ്രസ്ഥാനം വിദൂരമല്ലാത്ത ഭാവിയിൽ "രാജ്യം ഒറ്റക്കെട്ട്" എന്ന നിലയിൽ പടർന്ന് പന്തലിക്കും.

എൽഐസിയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിന്റെ ആദ്യപടിയായി അഞ്ച് ശതമാനം ഓഹരികൾ കമ്പോളത്തിൽ വിൽക്കാ




നുള്ള നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടു പോവുകയാണ്. ഇതിനെതിരെ എൽഐസിയെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ട് എന്ന സന്ദേശം ഉയർത്തി സംസ്ഥാനതല സമരപ്രഖ്യാപന കൺവെൻഷൻ 2022 മാർച്ച് 13ന് രാവിലെ 10 മണിക്ക് എറണാകുളം ടൗൺ ഹാളിൽ ചേർന്നു.

സ്വകാര്യ ലൈഫ് ഇൻഷൂറൻസ് കമ്പനികളുടെ ചൂഷണത്തിൽ നിന്നും പോളിസി ഉടമകളെ സംരക്ഷിച്ച് അവരുടെ നിക്ഷേപത്തിന് സുരക്ഷിതത്വവും മാന്യമായ പ്രതിഫലവും ഉറപ്പാക്കുക, പിന്നോക്ക പ്രദേശങ്ങളിലേയ്ക്കും ദുർബല ജനവിഭാഗങ്ങളിലേയ്ക്കും ഇൻഷുറൻസ് പരിരക്ഷ എത്തിക്കുക, ജനങ്ങളുടെ സമ്പാദ്യത്തെ നാടിൻറെ വികസനത്തിനുള്ള ദീർഘകാല നിക്ഷേപമാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളോടെയാണ് 1956ൽ ലൈഫ് ഇൻഷുറൻസ് വ്യവസായം ദേശാസാത്കരിച്ചു ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ


മാർച്ച് 2022 / സിഐടിയു സന്ദേശം ● 38

ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ചത്. ഈ ലക്ഷ്യങ്ങൾ പൂർണമായി നിറവേറ്റിയ ചരിതാർഥ്യത്തിന്റെതാണ് 65 വർഷത്തെ എൽ ഐ സി യുടെ പ്രവർത്തനം.

അഞ്ചു കോടി രൂപ മുതൽമുടക്കിൽ ആരംഭിച്ച എൽ ഐ സി യുടെ ആസ്തി (38 ലക്ഷം കോടിയിലേറെ രൂപ ) കേന്ദ്ര സർക്കാരിന്റെ ഒരു വർഷത്തെ ആകെ ബജറ്റ് എസ്റ്റിമേറ്റിന് ഏകദേശം തുല്യമാണ് എന്നത് സ്ഥാപനത്തിന്റെ കരുത്തും വലിപ്പവും വ്യക്തമാക്കുന്നു. ആകെ വരുമാനത്തിൽ നിന്നും എല്ലാ ചെലവുകളും നിറവേറ്റി കഴിഞ്ഞാൽ ശരാശരി നാലു ലക്ഷം കോടി രൂപയോളം ഓരോ വർഷവും എൽഐസി മിച്ചമുണ്ടാക്കുന്നു. ഈ പണമത്രയും നാടിന്റെ വികസനപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. പഞ്ചവത്സര പദ്ധതികളിലും മറ്റു സാമൂഹ്യ ക്ഷേമ മേഖലകളിലും എൽഐസിയുടെ പിന്തുണ അതുല്യമാണ്. നാടിന്റെ വികസനത്തിനുള്ള ബൃഹത്തായ ഈ വിഭവ സ്രോതസ്സാണ് എൽ ഐ സി യുടെ സ്വകാര്യവത്കരണത്തോടെ ഇല്ലാതാകുക.

പോളിസികളുടെ എണ്ണത്തിലും ക്ലെയിം തീർപ്പാക്കുന്നതിലെ മികവിലും ലോകത്തിലെ തന്നെ മുൻനിര സ്ഥാപനമാണ് എൽഐസി. പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ എൽഐസിയുടെ ഊന്നൽ പോളിസി ഉടമകളുടെ താൽപര്യം സംരക്ഷിക്കുന്നതിലാണ്. എന്നാൽ ഓഹരി വിൽപ്പന നടപ്പായാൽ ഓഹരി ഉടമകൾക്ക് പരമാവധി ഡിവിഡന്റ് നൽകുന്നതിൽ ആവും സ്ഥാപനത്തിന്റെ ഊന്നൽ. അതിനായി പരമാവധി ലാഭം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ എൽഐസിയുടെ ബിസിനസിന്റെ ഘടന, നിക്ഷേപ രീതി, ബോണസ് വിതരണം തുടങ്ങിയവയെല്ലാം പുനക്രമീകരിക്കപ്പെടും.

ഗ്രാമീണ മേഖലയിൽ നിന്നും കുറഞ്ഞ വരുമാനക്കാരിൽ നിന്നുമുള്ള ബിസിനസ്സിൽ വരുമാനം കുറവും ചെലവ് കൂടുതലുമാണെന്നതിനാൽ അത്തരം മേഖലകളെ അവഗണിക്കാൻ സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികളെ പോലെ എൽ ഐ സിയും നിർബന്ധിതമാകും. ഇവിടെ ഹനിക്കപ്പെടുന്നത് പോളിസി ഉടമകളുടെയും സമൂഹത്തിന്റെ ആകെയും താല്പര്യമാണ്. ഐപിഒ വഴി 5 ശതമാനം ഓഹരികൾ മാത്രമാണ് ഇപ്പോൾ വിൽക്കുന്നതെന്നും അത് സ്വകാര്യവല്ക്കരണം അല്ല എന്നും പ്രചരിപ്പിച്ച് ഓഹരി വിൽപന യെ ന്യായീകരിക്കാൻ ആണ് സർക്കാർ ശ്രമം. എന്നാൽ ഓഹരി വിൽപ്പന സ്വകാര്യവൽക്കരണത്തിന്റെ ആദ്യ ചുവടാണെന്നും സർക്കാരിന്റെ യഥാർത്ഥ ലക്ഷ്യം സ്വകാര്യവല്ക്കരണം ആണെന്നും വ്യക്തമാക്കുന്നതാണ് ബാങ്കിംഗ് മേഖലയിലും പൊതുമേഖലാ ജനറൽ ഇൻഷുറൻസ് രംഗത്തും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ. അതുകൊണ്ടുതന്നെ ഓഹരി വില്പനെക്കെതിരായ ചെറുത്തുനിൽപ്പ് ശക്തിപ്പെടുത്തിക്കൊണ്ടല്ലാതെ എൽഐസിയെ പൊതുമേഖലയിൽ സംരക്ഷിക്കാൻ ആവില്ല.

എൽഐസിയുടെ കരുത്തും അതിന്റെ യഥാർത്ഥ ഉടമകളും 40 കോടിയിലേറെ വരുന്ന അതിലെ പോളിസി ഉടമകൾ ആണ്. അവരുടെ അറിവോ അനുവാദമോ ഇല്ലാതെയാണ് എൽഐസിയുടെ ഘടനയും പ്രവർത്തനരീതിയും സർക്കാർ മാറ്റുന്നത്. പാർലമെൻറിൽ പോലും വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും അവസരം നൽകാതെ ബജറ്റിനോടൊപ്പം ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയാണ് എൽഐസി ആക്ട് സർക്കാർ ഭേദഗതി ചെയ്തത്. ജനാധിപത്യത്തെ അപഹസിച്ചും ജനാഭിപ്രായം പരിഗണിക്കാതെയുമുള്ള സർക്കാർ നടപടിക്കെതിരെ മുഴുവൻ പോളിസി ഉടമകളും ജനാധിപത്യ വിശ്വാസികളും രംഗത്തിറങ്ങേണ്ടതുണ്ട്. നാടിന്റെ വികസനം ഉറപ്പാക്കാനും പോളിസി ഉടമകളുടെ താൽപര്യം സംരക്ഷിക്കാനും എൽഐസി പൊതുമേഖലയിൽ നില നിൽക്കണം .

ഹൈബി ഈഡൻ എംപി, ശ്രീ എളമരം കരീം, എംപി, ഡോക്ടർ തോമസ് ഐസക് , ശ്രീ ആർ ചന്ദ്രശേഖരൻ, ശ്രീ കെ പി രാജേന്ദ്രൻ തുടങ്ങി ജനപ്രതിനിധികൾ, സമുന്നതരായ ട്രേഡ് യൂണിയൻ നേതാക്കൾ, സാമൂഹ്യ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലെ പ്രഗൽഭർ എന്നിവരെല്ലാം ഈ കൺവെൻഷനിൽ അണിനിരന്നു. "എൽഐസി യെ സംരക്ഷിക്കാൻ കേരളം ഒറ്റക്കെട്ട്" എന്ന സന്ദേശം ഉയർത്തി വരുംനാളുകളിൽ കേരളത്തിൽ സംഘടിപ്പിക്കുന്ന വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾക്ക് കൺവെൻഷൻ രൂപം നൽകി.

### കൺവെൻഷൻ തീരുമാനിച്ച പ്രക്ഷോഭ പരിപാടികൾ

- ഒരുകോടി ഒപ്പുകൾ കേരളത്തിൽ നിന്ന് ശേഖരിക്കും.
- 10000 കേന്ദ്രങ്ങളിൽ പോളിസി ഉടമകളുടെയും ഏജന്റുമാരുടെയും സംയുക്ത സംഘാടകസമിതി.
- ഏപ്രിൽ മാസത്തിൽ പ്രചാരകർക്കു വേണ്ടിയുള്ള ശില്പശാല.
- പാർലമെന്റ് മാർച്ച്.

# വൻകിട ടയർ കമ്പനികൾക്ക് 1788 കോടി രൂപ പിഴ

**പി.എസ്. രാജൻ** (ജന.സെക്രട്ടറി, കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ)

**ടയർ കമ്പനികൾ ഒത്തുകളിച്ചും റബ്ബർ വില ഇടിക്കുകയും, ടയർ വില കൂട്ടുകയും ചെയ്യുന്ന തന്ത്രം പതിറ്റാണ്ടുകളായി തുടർന്ന് വരുന്നതാണെങ്കിലും വിവരങ്ങൾ ലഭ്യമായ 2011-2012, 2012 -2013 വർഷങ്ങളിലെ കണക്കുകൾ മാത്രം പരിശോധിച്ചാണ് കോംപറ്റീഷൻ കമ്മീഷൻ 1,788 കോടി രൂപ പിഴ ചുമത്തിയിരിക്കുന്നത്. കൃഷിക്കാർക്കും, റബ്ബർ ഉത്പാദകർക്കും മാത്രമല്ല, നഷ്ടം സംഭവിച്ചത്. ഈ മേഖലയിൽ പണിയെടുക്കുന്ന കേരളത്തിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് അവരുടെ കൂലിയിലും ബോണസിലും, ആനുകൂല്യങ്ങളിലും വലിയ നഷ്ടം സംഭവിച്ചിരിക്കുന്നു.**

ടയർ വില കൂട്ടാൻ ഒത്തുകളിച്ച എം.അർ.എഫ്. അടക്കം അഞ്ച് കമ്പനികൾക്ക് കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (CCI) 1.788 കോടി രൂപ പിഴ ചുമത്തി. എം.അർ.എഫ്. 622.09 കോടി, അപ്പോളോ ടയേഴ്സ് 425.53 കോടി, ജെ.കെ. ടയർ 309.95 കോടി, സിയറ്റ് 252.16 കോടി, ബിർളാ ടയേഴ്സ് 178.33 കോടി എന്നിങ്ങനെയാണ് പിഴ ചുമത്തിയത്. ഇതിനുപുറമേ ടയർ ഉത്പാദന കമ്പനികളുടെ കൂട്ടായ്മയായ ഓട്ടോമോട്ടീവ് ടയർ മാനുഫാ ക്ചേഴ്സ് (ATMA) 8.4 ലക്ഷം രൂപ പിഴ ഒടുക്കണം.

അനഭിലഷണീയമായ ബിസിനസ്സ് രീതികൾ തടയുന്നതിന് 2002–ൽ പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ.

മലയാള മനോരമ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള എം.ആർ.എഫ്. ഇന്ത്യയിലെ ഏറ്റവും വലിയ ടയർ ഉത്പാദന കമ്പനിയാണ്. ദുർഘട വഴികളിൽ ഓടിക്കുന്ന വണ്ടികളിൽ ഉപയോഗിക്കുന്ന ക്രോസ്പ്ലേ/ ബയസ് ടയറുകളുടെ ഉത്പാദനവും, വിതരണവും നിയന്ത്രിച്ച് അവരവർ ഉത്പാദിപ്പിക്കുന്ന ടയറുകളുടെ വിലകൂട്ടാൻ കമ്പനികൾ ഒത്തുകളിച്ചു എന്ന് CCI കണ്ടെത്തി. ഓരോ ഇനം ടയറുകളുടെയും ഉദ്പാദനം, ആഭ്യന്തര വിൽപ്പന, കയറ്റുമതി തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ടയർ കമ്പനികൾ പരസ്പരം കൈമാറി ഒത്തുകളിച്ച് വിലയുടെ കാര്യത്തിൽ തീരുമാനമെടു ത്തു. അപ്രകാരം ചെയ്യുന്നത് കോപപറ്റീഷൻ ആക്ടിന്റെ അന്ത:സത്തയ്ക്ക് എതിരാണ് എന്ന് CCIചൂണ്ടിക്കാട്ടി.

ആൾ ഇന്ത്യ ടയർ ഡിലേഴ്സിന്റെ പരാതിയിലാണ് CCI നടപടി സ്വീകരിച്ചത്. ഒത്തുകളിച്ച കമ്പനികൾക്കെതിരെ 2018ൽ CCI ഇറക്കിയ ഉത്തരവിനെതിരെ അന്ന് എം.ആർ.എഫ്. കമ്പനി മദ്രാസ് ഹൈക്കോടതിയിൽ ഹർജി നൽകി സ്റ്റേ സമ്പാദിച്ചിരുന്നു. 2022 ജനുവരിയിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചും, സുപ്രീം കോടതിയും എം.ആർ.എഫ്.ന്റെ ഹർജി തള്ളിയതിനെത്തുടർന്നാണ് CCIയുടെ 1,788 കോടി പിഴ ചുമത്താനുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നത്.

ഒരു വ്യവസായ മേഖലയെ മൊത്തത്തിൽ



നിയന്ത്രിക്കാനും, ഉത്പന്നത്തിന്റെ വില നിർണ്ണയിക്കാനും, പ്രബലരായ കമ്പനികൾ നടത്തുന്ന ഇടപെടലുകളെ കാർട്ടലൈസേഷൻ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. കാർട്ടലൈസേഷന്റെ തെളിവുകളായ ഇ.മെയിലുകളും, മറ്റ് ചില അനുബന്ധ തെളിവുകളും അന്വേഷിച്ച് കണ്ടെടുത്ത ശേഷമാണ് CCI നടപടി സ്വീകരിച്ചത്.

ടയർ കമ്പനികൾ ഒത്തുകളിച്ചും റബ്ബർ വില ഇടിക്കുകയും, ടയർ വില കൂട്ടുകയും ചെയ്യുന്ന തന്ത്രം പതിറ്റാണ്ടുകളായി തുടർന്ന് വരുന്നതാ

ണെങ്കിലും വിവരങ്ങൾ ലഭ്യമായ 2011–2012, 2012 2013 വർഷങ്ങളിലെ കണക്കുകൾ മാത്രം പരിശോധിച്ചാണ് കോംപറ്റീഷൻ കമ്മീഷൻ 1,788 കോടി രൂപ പിഴ ചുമത്തിയിരിക്കുന്നത്.

ടയറിന്റെ വില വർദ്ധിപ്പിക്കാൻ മാത്രമല്ല, അസംസ്കൃതവസ്തുവായ കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ വില ഇടിക്കാനും ടയർ കമ്പനികൾ ഒത്തുകളിച്ചിട്ടുണ്ട്. അതിന്റെ ഫലമായി 20102011–ൽ മാത്രം കേരളത്തിലെ റബ്ബർ കർഷകർക്ക് 11,600/ കോടി രൂപയുടെ നഷ്ടം ഉണ്ടായി. റബ്ബറിന്റെ വില ഇടിഞ്ഞെങ്കിലും ഓട്ടോമോട്ടീവ് ടയറിന്റെ വിലയിൽ ഒരു കുറവും ഉണ്ടായിട്ടില്ല. കർഷകരെയും, ടയർ ഉപഭോക്താക്കളെയും പിടിച്ച് പറിച്ചാണ് ടയർ കമ്പനികൾ കോടികളുടെ ലാഭം ഉണ്ടാക്കിയത്. കേന്ദ്ര സർക്കാരും, സ്വതന്ത്ര വ്യാപാര കരാറുകളും കർഷകരെ ചൂഷണം ചെയ്യു കയാണ്. റബ്ബറിന് മിനിമം താങ്ങുവില പ്രഖ്യാപനം ഇത്തവണത്തെ ബജറ്റിലും പ്രഖ്യാപിച്ചിട്ടില്ല. 2022–ഓടെ കൃഷി വരുമാനം ഇരട്ടിയാക്കും എന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനം റബ്ബർ വിലയിൽ നടപ്പാവില്ല. കാരണം റബ്ബർ ബോർഡിന് ഇത്തവണ വെറും 268.76 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയത്.

ഇത് മാത്രമല്ല, റബ്ബർ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് ലഭിക്കേണ്ട കാർഷിക വായ്പകൾ പ്രമുഖ സ്വകാര്യ ബാങ്കുകളുടെ സഹായത്തോടെ ടയർ കമ്പനികൾ കൈക്കലാക്കി എന്ന ആരോപണം രാജ്യത്ത് ശക്തമാണ്. വിഷയം പാർലമെന്റിൽ ഉന്നയിക്കപ്പെട്ടിരിക്കുന്നു. റബ്ബർ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് ലഭിയ്ക്കേണ്ട കാർഷിക വായ്പകൾ പ്രമുഖ സ്വകാര്യ ബാങ്കുകളുടെ സഹായത്തോടെ വഴിതിരിച്ചെടുത്ത് കൊള്ള നടത്തുന്നു. ടയറിന്റെ വില തട്ടിപ്പിന് പുറകെയാണ് കാർഷിക വായ്പയുടെ കുറഞ്ഞ പലിശ നിരക്കിന്റെ 3,8% മുതൽ 4.5% വരെ പ്രയോജനം വൻകിട കോർപ്പറേറ്റ് ടയർ വ്യവസ്ഥയിൽ തട്ടിയെടുക്കുന്നത്. ആക്സിസ് ബാങ്ക്, HSBC, സിറ്റി ബാങ്ക് തുടങ്ങിയ പ്രമുഖ സ്വകാര്യ ബാങ്കുകളാണ് ഈ തട്ടിപ്പിന് ടയർ കമ്പനികൾക്ക് ഒത്താശ ചെയ്യുന്നത് എന്ന് രേഖകൾ തെളി യിക്കുന്നു.

കാർഷിക വായ്പകൾ മുൻഗണനാ മേഖലയിലെ വായ്പാ പദ്ധതി (പി.എസ്.എൽ.) പ്രകാരം ബിൽ കിഴിവ് (ഡിസ്കൗണ്ടിംഗ്) പരിധി ലഭ്യമായാൽ റബ്ബർ പ്രൊഡ്യൂസർമാർ അടക്കമുള്ള റബ്ബർ വിതരണക്കാരെ നിർബന്ധിക്കും. ടയർ നിർമ്മാതാക്കളുടെ സഹായത്തോടെ ബാങ്കുകളാണ് ഈ തട്ടിപ്പിന് കൂട്ട് നിൽക്കുന്നത്. ഇതനുസരിച്ച് ആറ് മാസത്തേക്കുള്ള (180 ദിവസം) കിഴിവ് ലഭിക്കുന്ന ബില്ലുകളുടെ പലിശ ടയർ കോർപ്പറേറ്റ് കമ്പനികൾ നൽകുന്നു. ഭക്ഷ്യ, കാർഷിക സംസ്കരണത്തിന് (ഫുഡ് ആൻഡ് അഗ്രോ പ്രോസസിംഗ്) കീഴിലുള്ള വിതരണക്കാരും, സംസ്കര ണക്കാരുമാണെന്നുള്ള പ്രഖ്യാപനമാണ് റബ്ബർ വ്യാപാരികളിൽ നിന്നും സ്വകാര്യ ബാങ്കുകൾ എഴുതി വാങ്ങുന്നത്. റബ്ബർ കർഷകർക്ക് വേണ്ടിയാണ് തങ്ങൾ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത് വാങ്ങുന്നത് എന്ന തെറ്റായ സമ്മതമാണ് റബ്ബർ വിതരണക്കാർ നൽകുന്നത്. ഇതനുസരിച്ച് രേഖകളിൽ റബ്ബർ വിതരണക്കാരായ വൻകിട വ്യാപാരികളിൽ നിന്നും ബാങ്കുകൾ മുൻകൂട്ടി ഒപ്പിട്ട് വാങ്ങുന്നതിനാൽ ടയർ കമ്പനികൾക്ക് നേരിട്ട് പ്രശ്നമില്ല. സമ്മതപത്രം നൽകാത്ത വ്യാപാരികളിൽ നിന്ന് റബ്ബർ വാങ്ങില്ലെന്ന ഭീഷണിയാണ് വിതരണക്കാരെ ഈ തട്ടിപ്പിന് കൂട്ടുനിൽക്കാൻ നിർബന്ധിക്കുന്നത്. എങ്കിലും തങ്ങളുടെ പേരിലുള്ള കാർഷിക വായ്പകളുടെ പ്രയോജനം തങ്ങൾക്ക് ലഭിക്കുന്നില്ല എന്ന് വിതരണക്കാരും പരാതിപ്പെട്ടു തുടങ്ങിയതോടെയാണ് പ്രശ്നം സങ്കീർണ്ണമായത്.

കർഷകരിൽ നിന്ന് ടയർ കമ്പനികളും, വ്യവസായികളും, വൻകിട വിതരണക്കാരും നേരിട്ട് റബ്ബർ വാങ്ങാത്തതിനാൽ തെറ്റായ വിവരമാണ് ബാങ്കുകൾക്ക് നൽകുന്നത്. അൻപതോളം മാത്രമുള്ള വിതരണക്കാരിലൂടെയാണ് വ്യവസായികൾ സ്വാഭാവിക റബ്ബർ ശേഖരിക്കുന്നത്. ഈ സൗകര്യത്തെ എതിർക്കുന്ന റബ്ബർ വിതരണക്കാർക്ക് ടയർ കമ്പനികൾ ഓർഡർ നൽകുന്നില്ല. അതിനാൽ കോർപ്പറേറ്റ് കമ്പനികളുമായി പൊരുത്തപ്പെടാൻ വിതരണക്കാർ നിർബന്ധിതരാകുന്നു. റബ്ബർ വിതരണക്കാരും ഫലത്തിൽ കോർപ്പറേറ്റുകളുടെ ആർത്തിക്ക് ബലിയാക്കപ്പെടുകയാണ്.

കർഷകരെയും, ഉപഭോക്താക്കളെയും ഒരുപോലെ വഞ്ചിക്കുന്ന വൻകിട ടയർ കമ്പനികളുടെ ഒത്തുകളിക്കെതിരെ കൂടുതൽ ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും കേന്ദ്ര ഏജൻസികളും സ്വീകരിക്കണം. കൃഷിക്കാർക്കും, റബ്ബർ ഉത്പാദകർക്കും മാത്രമല്ല, നഷ്ടം സംഭവിച്ചത്. ഈ മേഖലയിൽ പണിയെടുക്കുന്ന കേരളത്തിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് അവരുടെ കൂലിയിലും ബോണസിലും, ആനുകൂല്യങ്ങളിലും വലിയ നഷ്ടം സംഭവിച്ചിരിക്കുന്നു. ആയതിനാൽ നഷ്ടം നേരിട്ട തൊഴിലാളികൾക്കും. കൃഷിക്കാർക്കും ടയർ കമ്പനികളിൽനിന്ന് ഈടാക്കുന്ന പിഴത്തുക 1,788 കോടി രൂപ നൽകി സഹായിക്കാനുള്ള അടിയന്തിര മേൽനടപടികൾ കൈക്കൊള്ളണം.●




# തൊഴിലാളി വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്ര പുരോഗതിയും തടസ്സങ്ങളും



എൻ.പത്മലോചനൻ

**1883 മാർച്ച് 14 ന് കാറൽ മാർക്സിന്റെയും 1895 ആഗസ്റ്റ് 5 ന് ഫ്രെഡറിക് ഏംഗൽസിന്റെയും നിര്യാണം മൂലം ലോകതൊഴിലാളികൾക്കും, ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനും ഉണ്ടായ നഷ്ടം ചരിത്രപരമാണ്. മഹാന്മാരായ അവർ ഈ പ്രസ്ഥാനങ്ങളുടെ ആദ്യപഥികരായിരുന്നു. അവർ മുതലാളിത്ത വ്യവസ്ഥിതിയേയും ലോകത്തിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെയും വിശകലനം ചെയ്തു. തൊഴിലാളികളുടെ മൗലികമായ സാമ്പത്തിക-രാഷ്ട്രീയ പരിപാടി നടപ്പാക്കുന്നതിനുള്ള പൊതുതന്ത്രത്തിനും അടവുകൾക്കും അവർ രൂപം നൽകി. പുതിയ സാമൂഹ്യവ്യവസ്ഥിതി - സോഷ്യലിസം കൊണ്ടു വരുന്നതിനുള്ള തത്വങ്ങൾ എന്തെന്ന് അവർ വ്യക്തമാക്കി. ഓരോ രാജ്യങ്ങളും ഒരേതരത്തിലല്ല ഇവ സംഘടിപ്പിക്കേണ്ടതെന്ന് അവർ വ്യക്തമായി ചൂണ്ടിക്കാട്ടി. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ അതിവിശിഷ്ടരായ രണ്ട് നേതാക്കന്മാരെ വി.ഐ.ലെനിനും ജോസഫ് സ്റ്റാലിനും ലോകതൊഴിലാളി വർഗ്ഗത്തിനു ലഭിച്ചു.**

തുടർന്നു ഈ പതിറ്റാണ്ടുകളിൽ നടത്തിയ

കഠിനവും തീക്ഷ്ണവുമായ പോരാട്ടങ്ങളിൽ കൂടി തൊഴിലാളികൾ ഒട്ടേറെ സുപ്രധാന സാമ്പത്തികരാഷ്ട്രീയ നേട്ടങ്ങൾ കൈവരിച്ചു. അതിന വർക്ക് സഹായകരമായത് അവർ കെട്ടിപ്പടുത്ത സംഘടനയായിരുന്നു.

അവരുടെ സംഘടനയെപ്പറ്റി മാർക്സും ഏംഗൽസും ഇപ്രകാരം വിലയിരുത്തി. "അവരുടെ പോരാട്ടങ്ങളുടെ യഥാർത്ഥ ഫലം കിടക്കുന്നത് അത് പെട്ടെന്ന് ലഭിക്കുന്ന നേട്ടങ്ങളിലല്ല. മറിച്ച് തൊഴിലാളികളുടെ നിത്യവും വികസിച്ചുകൊണ്ടിരിക്കുന്ന സംഘടനയിലാണ്." മാർക്സിസം, ലോകത്തിലെ സംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പരാജയപ്പെടുത്താനാകാത്ത പ്രത്യയശാസ്ത്രമാണെന്ന് ലെനിന്റെ ക്ലാസിക് രചനകളിലൂടെയും റഷ്യയിലെ 1905 ലെ വിപ്ലവപ്രവർത്തനങ്ങളിലൂടെയും തെളിയിച്ചു.

ഒന്നാം ലോകയുദ്ധത്തെ തുടർന്നുള്ള വർഷങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ മഹത്തായ സാർവദേശീയ വിപ്ലവമുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1917 റഷ്യൻ വിപ്ലവത്തിൽ നിന്നും ആവേശം കൊണ്ടായിരുന്നു ആ മുന്നേറ്റം. ഉശിരൻ പണിമുടക്കുകളിൽ അതിന്റെ പ്രതിഫലനം കാണാമായിരുന്നു. തൊഴിലാളികളുടെ നേതൃത്വം ഏറ്റെടുക്കാൻ വേണ്ടത്ര കരുത്താർജ്ജിക്കാൻ ഇടതുപക്ഷത്തിന് കഴിയാതിരുന്നതുമൂലം തൊഴിലാളികളുടെ മുന്നേറ്റത്തെ തളർത്താൻ മുതലാളിത്തത്തിന്റെ ഭാഗത്തുനിന്നുമുള്ള ശക്തമായ പ്രത്യാക്രമണങ്ങൾക്കു കഴിഞ്ഞു.

യുദ്ധാനന്തരമുള്ള ആദ്യകാലഘട്ടത്തിൽ ഇറ്റലിയായിരുന്നു അത്യുജ്വല വിപ്ലവകേന്ദ്രമായിരുന്നത്. ജനങ്ങളിലാകെ വ്യാപിച്ചിരുന്ന കടുത്ത അസംതൃപ്തി, 1920 ൽ സെപ്റ്റംബറിൽ അഞ്ച് ലക്ഷത്തിലേറെ ലോഹതൊഴിലാളികളുടെ പണിമുടക്കിനിടയാക്കി. തങ്ങളുടെ കൂലിവർദ്ധന അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന സാഹചര്യത്തിൽ വിൽപ്പനശാലകളിൽ തടസ്സം സൃഷ്ടിക്കുന്ന ഒരു നയം തൊഴിലാളികൾ സ്വീകരിച്ചു. "ലോക്ക്ഔട്ട്" ഭീഷണിയായിരുന്നു ഇതിനുള്ള തൊഴിലുടമകളുടെ മറുപടി. തൊഴിലാളികൾ ഇതിനോട് പ്രതികരിച്ചു. തൊഴിലാളികൾ സ്ഥാപനങ്ങൾക്കു മുകളിൽ ചെങ്കൊടികൾ ഉയർത്തി. അവർ ആയുധം അണിഞ്ഞു. എല്ലാ ഉരുക്കു മില്ലുകളും ലോഹമുരുക്കുന്ന പണിശാലകളും യന്ത്രോപകരണവില്പനശാലകളും പൊതുവിൽ ഇറ്റലിയിലെ ലോഹവ്യവസായശാലകളാകെ തൊഴിലാളികൾ ഏറ്റെടുക്കുകയും ചെയ്തു. കർഷകജനസാമാന്യമാകെ പണിമുടക്കിയ തൊഴിലാളികൾക്കു പിന്നിൽ ഉറച്ചുനിന്നു. പെട്ടെന്നുള്ള തൊഴിലാളിവർഗ്ഗകടന്നാക്രമണം മൂലം ഗ്രിയോലിത്തി സർക്കാർ സ്തംഭിക്കുകയും നിസ്സഹായരായി മാറുകയും ചെയ്തു.

ഇറ്റാലിയൻ മുതലാളിത്തത്തെ ബാധിച്ച ഈ അതിഭയങ്കര പ്രതിസന്ധിഘട്ടത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയേയും ട്രേഡ് യൂണിയനുകളെയും നിയന്ത്രിച്ചിരുന്ന അവസരവാദികളായ സോഷ്യൽ ഡെമോക്രാറ്റുകൾ, പ്രതിസന്ധിയിൽപ്പെട്ടു നട്ടം തിരിയുന്ന മുതലാളിമാരുടെ രക്ഷയ്ക്കെത്തി. ജനറൽ കോൺഫെഡറേഷൻ ഓഫ് ഇറ്റാലിയൻ ലേബറിന്റെയും, സോഷ്യലിസ്റ്റ് പാർട്ടിയുടെയും 1920സെപ്റ്റംബർ 9 ന് ചേർന്ന സംയുക്തയോഗത്തിൽ പോരാട്ടത്തെ അധികാരം പിടിച്ചെടുക്കുന്നതിനുള്ളതാക്കി മാറ്റണമെന്ന് ഇടതുപക്ഷവിഭാഗം ആവശ്യപ്പെട്ടു. എന്നാൽ മറ്റു വിഭാഗങ്ങൾ ഇതിനെ വീറ്റോ ചെയ്തു. പകരം അവർ ട്രേഡ് യൂണിയൻ അടിസ്ഥാനത്തിൽ ഒത്തുതീർപ്പുണ്ടാക്കാനാണ് നീക്കം നടത്തിയത്. സർക്കാർ അതു സമ്മതിച്ചു. യൂണിയനുകൾ പണിമുടക്കം പിൻവലിക്കുന്നതിന് പകരമായ ചില ആനുകൂല്യങ്ങൾ അനുവദിക്കാമെന്ന് സമ്മതിച്ചു. എന്നാൽ അവയിൽ പലതും യാഥാർത്ഥ്യമായതുമില്ല.

തൊഴിലാളികൾ പണിമുടക്കം നടത്തിയ ജർമ്മനിയിലും ഇതേവിധത്തിലുള്ള ഒറ്റുകൊടുക്കലായിരുന്നു നടന്നത്. തൊഴിലാളി സംഘടനാമെമ്പർഷിപ്പ് കുതിച്ചുയർന്നെങ്കിലും വിപ്ലവത്തിലേക്കു മുന്നേറുമെന്ന് പ്രതീക്ഷിച്ച തൊഴിലാളികൾക്കിടയിൽ ആശങ്കയും ആശയക്കുഴപ്പവും നിരാശയും ബാധിച്ചു. തൊഴിലുടമകൾ നിഷ്ഠൂരമായ പ്രത്യാക്രമണം നടത്തി. 1922 ൽ 'മുസ്സോളിനി' അധികാരത്തിൽ എത്തുന്നതിനും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ തന്നെ തകർച്ചയ്ക്കും, ഇറ്റാലിയൻ ജനതയ്ക്ക്മേൽ ഫാസിസത്തിന്റെ കടന്നാക്രമണത്തിനുമെല്ലാം അത് ഇടയാക്കി.

യൂറോപ്പിൽ മറ്റെല്ലായിടത്തും, റഷ്യൻ വിപ്ലവത്തിന്റെ വലിയതോതിലുള്ള സ്വാധീനത്തിന്റെ ഫലമായി, യുദ്ധാനന്തരമുള്ള ആദ്യഘട്ടത്തിൽ ട്രെയിഡ് യൂണിയനുകൾ അതിവേഗത്തിലായിരുന്നു വളർന്നത്. പുതുതായി സ്വാതന്ത്ര്യം നേടിയ പോളണ്ടിൽ യൂണിയനുകൾ 1920 ൽ തങ്ങളുടെ ആദ്യദേശീയ കൺവെൻഷൻ ചേർന്നു. എല്ലാവിഭാഗങ്ങളിലുമായി 10 ലക്ഷം ട്രെയിഡ് യൂണിയൻ അംഗങ്ങൾ ഉണ്ടായിരുന്നു. ചെക്കോസ്ലോവാക്യയിൽ ട്രേഡ് യൂണിയൻ അംഗസംഖ്യ 1918 ൽ 1,51,247 ആയിരുന്നത് 1920 ൽ 7,27,055 ആയി വർദ്ധിച്ചു. 1920 ൽ ആസ്ട്രിയയിൽ യൂണിയനുകളിൽ 9,10,000 അംഗങ്ങൾ ഉണ്ടായിരുന്നു. ഹങ്കറിയിൽ 1918 ജനുവരിയിൽ ഒരുലക്ഷം യൂണിയൻ

**ആദ്യത്തെ അഖിലചൈനാ ലേബർ കോൺഫറൻസ് 1922-ൽ കാന്റേണിൽ ചേർന്നു. 8 മണിക്കൂർ ജോലി, വ്യവസായ അടിസ്ഥാനത്തിലുള്ള യൂണിയനുകൾ, പണിമുടക്കങ്ങളിൽ പരസ്പരം സഹായം, ട്രേഡ് യൂണിയനുകളുടെ സ്ഥിരമായ ഫെഡറേഷൻ രൂപീകരണം എന്നിവ യായിരുന്നു സമ്മേളനം മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചൈനീസ് ട്രേഡ് യൂണിയൻ പ്രസ്ഥാനം കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലായി.**




അംഗങ്ങൾ ഉണ്ടായിരുന്നത് 1919 ജൂണിൽ 8 ലക്ഷമായി അംഗസംഖ്യ വർദ്ധിച്ചു. സ്പെയിൻ, സ്കാൻഡിനേവിയ തുടങ്ങിയ രാജ്യങ്ങളിലും ഇതുപോലുള്ള വളർച്ച ഉണ്ടായി. ഈ കാലഘട്ടത്തിൽ ഈ രാജ്യങ്ങൾ മിക്കതിലും കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപീകരിക്കപ്പെടുകയുണ്ടായി.

യുദ്ധാനന്തരകാലത്ത് അമേരിക്കയിലും കാനഡയിലും തൊഴിലാളികൾ സാമ്രാജ്യത്വ യുദ്ധത്തെ കാര്യമാക്കാതെ ഉശിരൻ പണിമുടക്കുകൾ നടത്തുകയും സംഘടന ശക്തിപ്പെടുത്തുകയും ചെയ്തു. യുദ്ധകാലത്തുണ്ടായ ശമ്പളഇടിവ് നികത്താനായിരുന്നു ഈ നീക്കം. പക്ഷേ, ഈ നേട്ടങ്ങളെ ആകെ തുടച്ചുനീക്കാൻ അമേരിക്കൻ മുതലുടമാ കുത്തകകൾ കച്ചകെട്ടി ഇറങ്ങുകയാണുണ്ടായത്.

അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ പൊതുപണിമുടക്ക് പരമ്പരയായിരുന്നു ഇതിന്റെ പൊതുവായ ഫലം. എല്ലാവ്യവസായങ്ങളെയും ഈ പണിമുടക്കു ബാധിച്ചു. ഉരുക്ക്, ഇറച്ചി, ഇറച്ചി പാക്കിംഗ്, കപ്പലുകളിൽ ചരക്കുകളുടെ കയറ്റിറക്ക്, കൽക്കരിയും ലോഹഖനനവും, റെയിൽവേ, ടെക്സ്റ്റൈൽസ്, ലോഹം, ബിൽഡിംഗ്, വസ്ത്രനിർമ്മാണം, അച്ചടി തുടങ്ങിയവ ഇതിൽപ്പെടുന്നു.

1918 മുതൽ 1922 വരെ അമേരിക്കൻ തൊഴിലാളി പ്രസ്ഥാനത്തെ നശിപ്പിക്കാനോ ദുർബലപ്പെടുത്താനോ മുതലുടമകൾ സർവ്വശക്തിയും ഉപയോഗിച്ചായിരുന്നു പയറ്റിയത്. തുടക്കം 1919 സെപ്റ്റംബറിലെ 3,67,000 ഉരുക്കു തൊഴിലാളികളുടെ പണിമുടക്കം ആയിരുന്നു. തൊഴിലാളി ഭാഗത്തെ ഏറ്റവും വലിയ മുന്നേറ്റം. എന്നാൽ വ്യവസായങ്ങളിൽ ഒരു വിഭാഗം ട്രസ്റ്റുകളായിമാറ്റപ്പെട്ടു. അവിടങ്ങളിൽ മുതലുടമകളുടെ എതിർപ്പുമൂലം യൂണിയനുകൾ ദുർബലപ്പെട്ടു. ട്രസ്റ്റുകളായി മാറ്റപ്പെടാത്ത വ്യവസായങ്ങളിൽ യൂണിയനുകൾ തളരാതെ പിടിച്ചുനിന്നു.

കുത്തകമുതലാളിമാർ നടത്തിയ കടുത്ത പ്രത്യാക്രമണത്തിന്റെ മുന്നിൽ പിന്തിരിപ്പൻമാരായ യൂണിയൻ നേതാക്കൾ തൊഴിലാളിവർഗ്ഗ വഞ്ചന നടത്താൻ മടിച്ചില്ല. പല പണിമുടക്കങ്ങളും അവർ അട്ടിമറിച്ചു. ട്രെയിഡ്‌യൂണിയനുകളുടെ വിപുലമായ ഐക്യനീക്കത്തെയും അവർ അട്ടിമറിച്ചു.

ലാറ്റിൻ അമേരിക്കയിൽ ഒന്നാം ലോക യുദ്ധത്തിന്റെയും റഷ്യൻ വിപ്ലവത്തിന്റെയും പൊതുവായ അനന്തരഫലമെന്ന നിലയിൽ ഒട്ടേറെ പണിമുടക്കങ്ങൾ ഉണ്ടായി. പതിവുപോലെ ഈ പണിമുടക്കങ്ങൾ തൊഴിലുടമകളിൽ നിന്നും ഭരണകൂടത്തിൽ നിന്നും ഉള്ള സായുധക്രമണങ്ങൾക്കു വിധേയമായി. 1919 ജനുവരിയിൽ അർജന്റീനയിലെ ബ്യൂണേസ് അയേഴ്സിൽ പണിമുടക്കിയ 1500 തൊഴിലാളികളെ കൂട്ടക്കൊല ചെയ്തു. 1921 ജൂണിൽ പാറ്റഗോണിയയിൽ പണിമുടക്കിയ 2000 തൊഴിലാളികളെ കൂട്ടക്കൊല ചെയ്തു. 1925 ജൂണിൽ ചിലിയിൽ നടന്ന നൈട്രേറ്റ് പണിമുടക്കിൽ പങ്കെടുത്ത 3000 തൊഴിലാളികൾ അരുംകൊല ചെയ്യപ്പെട്ടു. 1928 ഡിസംബറിൽ കൊളമ്പിയായിലെ വാഴത്തോട്ടത്തിൽ പണിമുടക്കിയ 1500 പേരെ യുണൈറ്റഡ് ഫ്രൂട്ട് കമ്പനിയുടെ ഏജന്റുമാർ കൊന്നൊടുക്കി. ലാറ്റിനമേരിക്കയിൽ തൊഴിലാളി യൂണിയനുകൾ നടത്തിയ ഏതാനും ശ്രദ്ധേയമായ പ്രക്ഷോഭം മെക്സിക്കോയിലായിരുന്നു. അവിടെ അവർ മെക്സിക്കൻ വിപ്ലവത്തിൽ നിർണായക പങ്കു വഹിച്ചു. ഈ കാലഘട്ടത്തിലായിരുന്നു മിക്കവാറും ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപം കൊണ്ടത്. പുതുതായി തൊഴിലാളി പ്രസ്ഥാനങ്ങൾ വളർന്നു വരുന്നതിൽ അവർ നിർണായക പങ്കു വഹിച്ചു. ലാറ്റിനമേരിക്കയിലെ യുവ ട്രേഡ് യൂണിയനുകൾ ശക്തമായ സാമ്രാജ്യത്വ വിരുദ്ധ ആവേശം സൃഷ്ടിച്ചിരുന്നു.

### ഏഷ്യയിൽ വളർന്നുകൊണ്ടിരുന്ന ട്രേഡ് യൂണിയനുകൾ

ലോകത്തിൽ ഒട്ടേറെ രാജ്യങ്ങളിൽ പണിമുടക്കങ്ങൾ നടന്നിരുന്നുവെങ്കിലും ഏഷ്യയിൽ ജപ്പാൻ ഒഴികെ മറ്റു രാജ്യങ്ങളിൽ ട്രേഡ് യൂണിയനുകൾ ആദ്യഘട്ടത്തിൽ വളർന്നിരുന്നില്ല. ഫിലിപ്പൻസിൽ രൂപപ്പെട്ടുതുടങ്ങിയിരുന്നു. ഒന്നാം ലോകയുദ്ധാനന്തരം, പ്രത്യേകിച്ച് 1917 ലെ റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനത്തിന്റെ ഫലമായി ഏഷ്യയിൽ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ചിത്രം പാടേ മാറിമറിഞ്ഞു. 1919 ൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ രൂപീകരിക്കപ്പെട്ടതുമുതൽ, കോളനികളിലും അർദ്ധകോളനികളിലും ട്രേഡ് യൂണിയനുകളുടെയും ദേശീയവിമോചനപ്രസ്ഥാനങ്ങളുടെയും വളർച്ചയ്ക്ക് അത് മുഖ്യഊന്നൽ നൽകി.

ജപ്പാനിൽ വ്യവസായങ്ങൾ വലിയ തോതിൽ വളർന്നു വരുന്നതിന് യുദ്ധം കാരണമായി. ഇതിന് ആനുപാതികമായി തൊഴിലാളിവർഗ്ഗത്തിന്റെ എണ്ണത്തിനും ഉയർച്ചയുണ്ടായി. 1914 നും 1919 നും ഇടയ്ക്ക് ജപ്പാനിൽ ഫാക്ടറികളുടെ എണ്ണം 17,000 ത്തിൽ നിന്ന് 44,000 ആയി വർദ്ധിച്ചു. ഫാക്ടറി തൊഴിലാളികളുടെ എണ്ണം 8,54,000 ൽ നിന്നും 17,77,000 ആയും ഉയർന്നു. പണിമുടക്കങ്ങൾ 1918 ൽ 417 ആയി ഉയർന്നു. റഷ്യൻ വിപ്ലവം ജപ്പാനിലെ തൊഴിലാളിവർഗ്ഗത്തെ അഗാധമായി സ്വാധീനിക്കുകയും ചെയ്തു.

1918 ആഗസ്റ്റിൽ നടന്ന അപ്പത്തിനു വേണ്ടിയുള്ള കലാപം ബഹുജനസമരങ്ങളുടെ മൂർദ്ധന്യാവസ്ഥയിലായിരുന്നു. ഈ നൂറ്റാണ്ടിൽ ജപ്പാൻ ജനത നടത്തിയ മഹത്തായ വിപ്ലവം എന്നാണ് അത് വിശേഷിക്കപ്പെട്ടത്. 1920 ൽ ജപ്പാനിൽ ആദ്യമായി മെയ്ദിനം ആചരിച്ചു. 1923 ൽ ട്രേഡ് യൂണിയൻ അംഗങ്ങളുടെ എണ്ണം 1,25,000 ആയി ഉയർന്നു. 1922 ൽ ജപ്പാനിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടു. യുവജനവിഭാഗത്തിൽ പാർട്ടി പ്രധാനഘടകമായി മാറി. ഉടൻ തന്നെ പാർട്ടി നിരോധിക്കപ്പെട്ടു.

അമേരിക്കൻ കോളനിയായിരുന്ന ഫിലിപ്പൻസിൽ ട്രേഡ് യൂണിയനുകളുടെ ഫെഡറേഷൻ രൂപീകരിച്ചു. ഏകദേശം ഒരുലക്ഷം അംഗങ്ങൾ അതിലുണ്ടായിരുന്നു.

### ഇന്ത്യ

1914 ൽ ഇന്ത്യയിൽ ഖനിതൊഴിലാളികളെയും റയിൽവേതൊഴിലാളികളെയും കൂടാതെ ഫാക്ടറി തൊഴിലാളികളുടെ മാത്രം എണ്ണം 9,51,000 ആയിരുന്നു. 1922 ആയപ്പോൾ അത് 13,61,000 ആയി വർദ്ധിച്ചു. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ ഇന്ത്യൻ വംശജനായ രജനി പമീദത്ത് രേഖപ്പെടുത്തുന്നത്, "19191922 കാലത്ത് ഇന്ത്യൻ ബഹുജനപോരാട്ടങ്ങളുടെ രണ്ടാമത്തെ വലിയ തരംഗങ്ങൾ ഉയർന്നുവന്നു. 1918 ന്റെ അവസാന മാസങ്ങളിലും 1919 ന്റെ ആദ്യ മാസങ്ങളിലും ഇന്ത്യ അതുവരെ കണ്ടിട്ടില്ലാത്ത വിധം പണിമുടക്കു പ്രസ്ഥാനങ്ങൾക്കു തുടക്കം കുറിച്ചു. സർക്കാർ ഉരുക്കു മുഷ്ടി ഉപയോഗിച്ചാണ് ഇതിനെ നേരിട്ടത്. അമൃത്സറിലെ പണിമുടക്കിൽ 379 തൊഴിലാളികൾ കൊല്ലപ്പെട്ടു. 1920 ലെ ആദ്യത്തെ ആറുമാസക്കാലം പതിനഞ്ചു ലക്ഷം തൊഴിലാളികൾ പങ്കെടുത്ത 200 ലേറെ പണിമുടക്കങ്ങൾ നടന്നു.

### ചൈന

ഈ കാലഘട്ടത്തിൽ ചൈനയിൽ നിരവധി പണിമുടക്കങ്ങൾ നടന്നു. 1919 മെയ് നാലിന് മെയ്ദിനാചരണത്തിൽ ചൈനീസ് തൊഴിലാളിവർഗ്ഗം അവരുടെ കരുത്ത് തെളിയിച്ചു. തൊഴിലാളികളുടെ രാഷ്ട്രീയപണിമുടക്കത്തിന് ജനകീയ വിപ്ലവപ്രസ്ഥാനത്തിന്റെ ആ ഘട്ടത്തിന്റെ നേതാവും, ലെനിന്റെ സുഹൃത്തുമായിരുന്ന സൺയാത് സൺ പിന്തുണ നൽകി.

ഏഷ്യൻ രാജ്യങ്ങളിൽ എല്ലാമെന്നപോലെ ചൈനയിലും ട്രേഡ് യൂണിയനുകൾ സംഘടിപ്പിച്ചതിലെ ആദ്യ പഥികർ കമ്മ്യൂണിസ്റ്റുകാരായിരുന്നു. 1921 ൽ മൗസേദൂങ്ങും മറ്റുചിലരും ചേർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. അവരുടെ പ്രവർത്തനത്തിന്റെ ആദ്യഘട്ടം ട്രേഡ് യൂണിയനുകൾ കെട്ടിപ്പടുക്കുക എന്നതായിരുന്നു. അന്നത്തെ ചൈനയിലെ ജനസംഖ്യ 45 കോടിയായിരുന്നു. എന്നാൽ ഫാക്ടറി തൊഴിലാളികളുടെ എണ്ണം വെറും പത്ത് ലക്ഷം മാത്രം. ചൈനീസ് ദേശീയവിമോചന പ്രസ്ഥാനത്തിന്റെ വികാസത്തിൽ നേതൃത്വപരമായ ശക്തിയായി മാറേണ്ടത് തൊഴിലാളി വർഗ്ഗം ആയിരിക്കണമെന്ന് മാവോയ്ക്കും സഹപ്രവർത്തകർക്കും ബോധ്യമുണ്ടായിരുന്നു.

ആദ്യത്തെ അഖിലചൈനാ ലേബർകോൺഫറൻസ് 1922 മെയ് മാസത്തിൽ കാന്റേണിൽ ചേർന്നു. മൂന്ന് ലക്ഷം തൊഴിലാളികളെ പ്രതിനിധീകരിച്ച് 162 പ്രതിനിധികൾ പങ്കെടുത്തു. 8 മണിക്കൂർ ജോലി, വ്യവസായ അടിസ്ഥാനത്തിലുള്ള യൂണിയനുകൾ, പണിമുടക്കങ്ങളിൽ പരസ്പരം സഹായം, ട്രേഡ് യൂണിയനുകളുടെ സ്ഥിരമായ ഫെഡറേഷൻ രൂപീകരണം എന്നിവയായിരുന്നു സമ്മേളനം മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചൈനീസ് ട്രേഡ് യൂണിയൻ പ്രസ്ഥാനം കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലായി. (തുടരും)

# ചുമട്ട് തൊഴിലാളികളുടെ ജോലിയും കൂലിയും സംരക്ഷിക്കുക

മാനവ സമൂഹത്തിന്റെ തുടക്കം മുതലേ ചുമടുപണി വ്യത്യസ്ത തലങ്ങളിൽ ഉണ്ടായിരുന്നു. രാജഭരണകാലത്ത് കൂറ്റൻ കോട്ടകളുടെയും കൊട്ടാരങ്ങളുടെയും സ്മാരകങ്ങളുടെയും ആരാധനാലയങ്ങളുടെയും നിർമ്മാണത്തിൽ മുഖ്യപങ്ക് വഹിച്ചവരാണ് ചുമട്ടുകാർ. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് തൊഴിലിന്റെ സ്വഭാവവും രീതിയുമെല്ലാം മാറിമാറി വന്നു. മനുഷ്യാദ്ധ്വാനം ഒന്നുകൊണ്ട് മാത്രം നടത്തി വന്നിരുന്ന ചുമടുപണികൾ ഇന്ന് യന്ത്രങ്ങളുടെയും മറ്റും സഹായത്തോടെ ഇറക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. കയറ്റിറക്ക് സാധനങ്ങളുടെയും രീതികളും മാറിയിട്ടുണ്ട്.

1978ൽ ചുമട്ടുതൊഴിലാളി നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തൊഴിൽ മേഖലയെ ചിട്ടപ്പെടുത്താനും അനാവശ്യ തർക്കങ്ങൾ ഒഴിവാക്കാനും യൂണിയൻ ഇടപെട്ട് പ്രവർത്തിച്ചിട്ടുണ്ട്. ഇന്നു കാണുന്ന നിലയിൽ ചുമട്ടുതൊഴിലാളികളെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും കൈപിടിച്ചുയർത്തുവാനുള്ള പ്രവർത്തനം സി.ഐ.ടി.യു ഏറ്റെടുത്തു. ചുമട്ടുതൊഴിലാളികളുടെ ജോലിയും കൂലിയും സംരക്ഷിക്കാൻ ഒരു നിയമം പ്രാബല്യത്തിൽ വരുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് 70കളിൽ കരുത്തുള്ള സമരങ്ങൾ നയിച്ചതോടൊപ്പം നിയമം എങ്ങനെയാവണമെന്നതിന്റെ കരടും യൂണയൻ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നീണ്ട പ്രക്ഷോഭങ്ങൾക്കൊടുവിൽ ചുമട്ടുതൊഴിലാളികൾക്കും യൂണിയനുമെതിരെ മ്ലേച്ഛമായ പ്രചരണമഴിച്ചുവിട്ടവർക്കു തന്നെ നിയമം നടപ്പാക്കേണ്ടതായി വന്നു.

1978ൽ നിയമം പാസ്സാക്കിയെങ്കിലും ചട്ടങ്ങളും മറ്റും തയ്യാറാക്കി നിയമം നടപ്പാക്കാനുള്ള ശ്രമം സർക്കാർ ഭാഗത്തു നിന്നുണ്ടായില്ല. ഇതിനെതിരെയും വ്യാപക സമരങ്ങൾ നടത്തിയത് സി.ഐ.ടി.യു നേതൃത്വമാണ്. 1975 ലാണ് ജില്ലകളിൽ പ്രവർത്തിച്ചിരുന്ന യൂണിയനുകൾ എല്ലാം ചേർന്നുകൊണ്ടുള്ള ഹെഡ്‌ലോഡ് & ജനറൽ വർക്കേഴ്സ് ഫെഡറേഷൻ രൂപീകരിക്കുന്നത്.

ഫെഡറേഷന്റെ നിരന്തരമായ പ്രവർത്തനങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ഫലമായി 1984ൽ പരീക്ഷണാർത്ഥം തിരുവനന്തപുരത്തെ ചെന്തിട്ട (38), ചാല




**ആർ. രാമു**
ജനറൽ സെക്രട്ടറി
ഹെഡ്‌ലോഡ് ആന്റ് ജനറൽ വർക്കേഴ്സ് ഫെഡറേഷൻ (സി.ഐ.ടി.യു)


(39) കോർപ്പറേഷൻ വാർഡുകളിൽ പദ്ധതി നടപ്പാക്കി. 2002 ൽ തൊഴിലാളിയുടെ ജോലി നിഷേധിക്കത്തക്ക നിലയിൽ കൊണ്ടുവന്ന ഭേദഗതിക്കെതിരെ എല്ലാ വിഭാഗം തൊഴിലാളികളെയും കൂട്ടിയോജിപ്പിച്ച് ഫെഡറേഷൻ നടത്തിയ ചെറുത്തു നിൽപ്പിന്റെ ഭാഗമായി നിയമം നടപ്പാക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. തുടർന്നുവന്ന എൽ.ഡി.എഫ് സർക്കാർ 2002 ലെ കരിനിയമത്തിലെ ദോഷവശങ്ങൾ മാറ്റുകയുണ്ടായി.

1984ൽ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനമാരംഭിച്ച ശേഷം അറ്റാച്ച്ഡ് വിഭാഗത്തിനും സ്കാറ്റേർഡ് വിഭാഗത്തിനും 26 എ കാർഡ് നൽകി. അൺ അറ്റാച്ച്ഡ് വിഭാഗത്തെ ഉൾപ്പെടുത്തിയാണ് പദ്ധതി രൂപീകരിച്ചത്. തുടർന്ന് തൊണ്ണൂറുകളിൽ രണ്ടുവിഭാഗക്കാരെയും ക്ഷേമപദ്ധതിയിൽ അംഗങ്ങളാക്കി ചേർക്കാനുള്ള തീരുമാനം ബോർഡ് കൈക്കൊണ്ടു. ഇപ്പോൾ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളെ പദ്ധതിയിൽ നിന്നും ഒഴിവാക്കി. അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ ഉടമ ക്ഷേമനിധി ബോർഡാണ്. സർക്കാർ ജീവനക്കാർക്ക് തുല്യമായ ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കാനാവശ്യമായ പല തീരുമാനങ്ങളും ഫെഡറേഷന്റെ പ്രവർത്തനഫലമായി നടന്നുവരുന്നു.

ഇന്ത്യാരാജ്യത്ത് കേരളത്തിൽ മാത്രമാണ് ചുമട്ടുതൊഴിലാളികൾക്ക് ഒരു നിയമവും ക്ഷേമ ബോർഡുമുള്ളത്. സ്വന്തം ജീവിത ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നുകൊണ്ടും സമൂഹത്തെ സഹായിക്കുന്ന പ്രവർത്തനത്തിലേയ്ക്ക് തൊഴിലാളിയെ ഒരുക്കിയെടുത്തതും ഫെഡറേഷന്റെ പ്രവർത്തനമാണ്. തൊഴിലാളികളുടെ നന്മയ്ക്കുദാഹരണമായി ചില കാര്യങ്ങൾ സമൂഹം മനസ്സിലാക്കുന്നത് നല്ലതാണ്. ഈ കോവിഡ് മഹാമാരിക്കാലത്ത്.

തങ്ങൾ തൊഴിലെടുക്കുന്ന തെരുവുകളിലുണ്ടാവുന്ന എല്ലാ അപകടങ്ങളിലും ദുരന്തങ്ങളിലും തീപിടിത്തമടക്കമുള്ള കാര്യങ്ങളിലും സഹായമാദ്യം എത്തിക്കുന്നത് ചുമട്ടു തൊഴിലാളിയാണ്. വാഹനാപകടങ്ങളിലും മറ്റും പെടുന്നവരെ പെട്ടെന്നു തന്നെ ആശുപത്രിയിലെത്തിക്കാനും രക്തം നൽകി അവരുടെ ജീവൻ രക്ഷിക്കാനാവശ്യമായ ശ്രമം നടത്തിയ നിരവധി സംഭവങ്ങളുണ്ട്. ചോരയിൽ കുളിച്ചു കിടന്ന സാംസ്കാരിക നായകൻ അയ്യനേത്തിനെ ആശുപത്രിയിലെത്തിച്ചത് ചുമട്ടുതൊഴിലാളിയായിരുന്നു.

സമൂഹത്തിന് ബാദ്ധ്യതയായി നിന്നിരുന്ന ചുമട്ടുതൊഴിലാളിയാണ് ഇന്ന് ജനങ്ങൾക്ക് സഹായകരമായ എല്ലാവിധമായ പ്രവർത്തനങ്ങളിലും ഇടപെടുന്നത്. എന്നിട്ടുപോലും അവന്റെ പ്രവർത്തനങ്ങളെ ഒന്നാകെ അപഹസിച്ചുകൊണ്ടും സമൂഹത്തിൽ നിന്നും ചുമട്ടു

തൊഴിലാളിയെ ഒറ്റപ്പെടുത്താനുമായി ഇല്ലാക്കഥകൾ പോലും സംഭവമാക്കാൻ ചില മാദ്ധ്യമങ്ങളും ചാനലുകളും കൊണ്ടുപിടിച്ച ശ്രമം നടത്തുകയാണ്. നന്നായ് അദ്ധ്വാനിച്ചു കൂലി നേടുന്ന ഒരു വിഭാഗത്തിനെതിരെ ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്നവർ അവന്റെ വിശദീകരണം പോലും ചോദിക്കാതെയാണ് നുണകൾ പ്രചരിപ്പിക്കുന്നത്.

കോവിഡ് വേളയിൽ കടലയുടെ പേരിലും, മ്യൂസിയത്ത് പുല്ലിറക്കുന്നതിന്റെ പേരിലും, ഐഎസ്ആർഒ റോക്കറ്റിറക്കാൻ യൂണിയനുകൾ 10 ലക്ഷം ആവശ്യപ്പെട്ട വാർത്തയും വാക്സിനിറക്കാൻ അമിത കൂലി ചോദിച്ചെന്ന വാർത്തയും പച്ചക്കള്ളമായിരുന്നു എന്ന് പിന്നീട് തെളിഞ്ഞു. തൊഴിലാളികൾ നടത്തുന്ന നന്മയുള്ള പ്രവർത്തനങ്ങൾക്ക് ഒരുവരി പ്രചരണം പോലും നൽകാത്തവർ തങ്ങൾ പ്രചരിപ്പിച്ച കള്ളവാർത്തകൾക്ക് ഒരു തിരുത്തുപോലും നൽകിയില്ല. ഈ പ്രചരണങ്ങൾക്കു പിന്നിൽ ഒരു ഗൂഢോദ്ദേശമുണ്ട്. ചമുട്ടു തൊഴിലാളികളുടെ പേരിൽ, പുരോഗമനാശയങ്ങൾ നടപ്പാക്കുന്ന എൽഡിഎഫ് സർക്കാരിനെതിരെ ജനങ്ങളെ അണിനിരത്തുകയാണ് ഒരു തന്ത്രം. രണ്ടാമത്തേത് തൊഴിലാളിയുടെ തൊഴിലവകാശത്തെ അംഗീകരിക്കാതിരിക്കാൻ ഉടമകളെയും കരാറുകാരെയും പ്രേരിപ്പിക്കുക എന്നതാണ്.

കേരളത്തിൽ 26 എ കാർഡുള്ളവരാണ് ചുമട്ടു തൊഴിലാളികൾ. ചുമട്ടുപണി ചെയ്യുന്നവർക്കാണ് 26 അ കാർഡ് നൽകുന്നത്. 1978ലെ ചുമട്ടുതൊഴിലാളി നിയമത്തിലും പിന്നീട് വന്ന ഭേദഗതികളിലും 26 അ കാർഡ് വിതരണം ചെയ്യാനുള്ള നിയമവശം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ നിയമപരമായി എഎൽഒമാർ നടത്തുന്ന പ്രവർത്തനത്തിനെതിരെ നിയമത്തിലില്ലാത്ത തരത്തിൽ 26 എ കാർഡ് അനുവദിക്കാനുള്ള ചില കോടതി ഉത്തരവുകൾ നിരാശാജനകമാണ്. ചുമട്ടു തൊഴിലാളി നിയമം പ്രാബല്യത്തിൽ വന്ന പ്രദേശങ്ങളിൽ ചുമട്ടു പണിക്കുള്ള അവകാശം രജിസ്ട്രേഷൻ ലഭിച്ച തൊഴിലാളികൾക്കെന്നിരിക്കെ അവരുടെ തൊഴിൽ നിഷേധിച്ച് നടത്തുന്ന കോടതി ഉത്തരവുകൾ അവന്റെ ജീവിതത്തെ തകരാറിലാക്കുന്നതും പ്രദേശത്തിൽ സംഘർഷങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമാണ്. തൊഴിലാളിയുടെ തെറ്റായ പ്രവണതകൾ തടയുന്നതോടൊപ്പം അവന്റെ തൊഴിലെടുക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം. ചുമട്ടു തൊഴിലാളികളെ ശത്രുക്കളായി കാണുന്ന ചില കോടതി നടപടികൾ പുനഃപരിശോധിക്കപ്പെടേണ്ടതായുണ്ട്.

ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് കാലാകാലങ്ങളിൽ നിരവധിയായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നു. ബോർഡിന്റെ ഈ ബഡ്ജറ്റ് അവതരണവേളയിലും തൊഴിലാളിക്കു ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അനാവശ്യ തർക്കങ്ങളും സംഘട്ടനങ്ങളും ഒഴിവാക്കാൻ പദ്ധതി കൂടുതൽ പ്രദേശത്ത് വ്യാപിപ്പിക്കുന്നുണ്ട്.

തൊഴിലാളിയുടെ തൊഴിലും കൂലിയും നഷ്ടപ്പെടുന്ന തരത്തിലുണ്ടാവുന്ന വിധികൾക്കും ഉത്തരവുകൾക്കുമെതിരെ നിലവിലുള്ള ചുമട്ടു തൊഴിലാളി നിയമത്തിൽ ഭേദഗതികൾ വരുത്തണമെന്ന ആവശ്യം ഫെഡറേഷൻ നേതൃത്വം നിർദ്ദേശങ്ങളടക്കം രേഖാമൂലം സംസ്ഥാന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഒരു ലക്ഷത്തിനു താഴെ മാത്രം തൊഴിലാളികളാണ് ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ 26 എ കാർഡ് വാങ്ങിയ മൂന്നര ലക്ഷത്തോളം പേർ സംസ്ഥാനത്തുണ്ട്. പണിയെടുക്കാത്തവർക്ക് 26 എ കാർഡ് നൽകുകയും യഥാർത്ഥ തൊഴിലാളികൾക്ക് കാർഡ് നിഷേധിക്കപ്പെടുകയും ചെയ്ത നിരവധി സംഭവങ്ങളുണ്ട്. സമഗ്രമായ പരിശോധനയിലൂടെ അനധികൃതമായി 26 എ കാർഡ് നേടിയവരെ ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഒരു കാലാവധി വച്ച് കൊണ്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാത്ത മുഴുവൻ തൊഴിലാളികളുടെയും കാർഡ് റദ്ദ് ചെയ്യിക്കുന്നതിലൂടെ ഈ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

അതോടൊപ്പം തന്നെ ജനങ്ങൾക്കെന്നും എന്തിനും സഹായമെത്തിക്കാൻ കഴിയുന്ന തലത്തിലേക്ക് തൊഴിലാളികളെ ശാസ്ത്രീതമായി ഉയർത്തിക്കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്കും ഫെഡറേഷൻ രൂപം നൽകുന്നു. അശരണർക്കും ആലംബഹീനർക്കും കിടപ്പുരോഗികൾക്കം ധനസഹായമടക്കമുള്ള കാര്യങ്ങൾക്കു രൂപം നൽകി നടത്തിവരികയാണ്. മേയ് മാസത്തോടെ മുന്നൂറിൽപ്പരം ആൾക്കാർക്ക് 40 ലക്ഷത്തോളം രൂപയുടെ സഹായം നൽകാനുള്ള സഹായഹസ്തം പദ്ധതിക്കാണ് യൂണിയൻ രൂപം നൽകിയിട്ടുള്ളത്. ഇത് കൂടാതെ ദുരന്തങ്ങൾ, അപകടങ്ങൾ, അസുഖങ്ങൾ തുടങ്ങിയുള്ള പ്രശ്നങ്ങൾ നേരിടാൻ ശാസ്ത്രീയമായി ഇടപെട്ട് സഹായം നൽകാനായ് ബ്ലൂബ്രിഗേഡ് എന്ന പേരിൽ ഒരു സന്നദ്ധ സംഘടന രൂപീകരിച്ച് പ്രവർത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്.

അമിതകൂലി, നോക്കുകൂലി തുടങ്ങിയ തെറ്റായ പ്രവണതകൾക്കെതിരെ ബോധവൽക്കരണവും വ്യാപക ക്യാമ്പയിനും നടത്താനും ഫെഡറേഷൻ തീരുമാനിച്ചിട്ടുണ്ട്. മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്കനുസരിച്ച് കയറ്റിറക്കു രംഗത്ത് ശാസ്ത്രീയമായ പരിശീലനം അത്യന്താപേക്ഷിതമായി മാറിയിട്ടുണ്ട്. പുതിയ ടെക്നോളജിക്കനുസരിച്ച് തൊഴിലാളികൾക്ക് തൊഴിൽ രംഗത്ത് പരിശീലനം നൽകാനുള്ള പ്രവർത്തനങ്ങൾക്ക് ക്ഷേമനിധി ബോർഡ് രൂപം നൽകി വരുന്നുണ്ട് അത് കൂടുതൽ വ്യാപിപ്പിക്കും. ചുമടു രംഗത്തെ തൊഴിലാളിക്ക് ജോലിയും കൂലിയും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം സമൂഹത്തിന്റെ നന്മയ്ക്കായുള്ള സന്നദ്ധ സേനാംഗമായി ചുമട്ടു തൊഴിലാളിയെ പരിപൂർണ്ണമായി മാറ്റിയെടുക്കാനായുള്ള പ്രവർത്തനത്തിനും ഫെഡറേഷൻ നേതൃത്വം നൽകും.●

# തൊഴിലാളിവിരുദ്ധ സമീപനം തുടർന്ന് ഇ.പി.എഫ്.ഒ

പെൻഷൻ നൽകാതിരിക്കാൻ എല്ലാവിധ അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുന്നതിന്റെ പിന്നാലെ ഇപ്പോൾ പെൻഷൻ ഫണ്ടിന്റെ പലിശയിലും കൈയിട്ടുവാരുകയാണ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ. 44 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ പലിശനിരക്കിലേക്ക് താഴ്ത്തി 8.1 ശതമാനത്തിലെത്തിക്കാനാണ് ഗുവാഹാട്ടിയിൽചേർന്ന ഇ.പി.എഫ്. ട്രസ്റ്റിന്റെ തീരുമാനം. തൊഴിലാളി സംഘടനാപ്രതിനിധികളുടെ എതിർപ്പ് അവഗണിച്ചാണ് പലിശനിരക്കിൽ ദശാംശം നാലു ശതമാനത്തിന്റെ കുറവുവരുത്തിയത്. പതിനേഴു ലക്ഷം കോടിയോളം രൂപ, അതായത്, രാജ്യത്തിന്റെ മൊത്തം ദേശീയോത്പാദനത്തിന്റെ എട്ടരശതമാനത്തോളമുള്ള സഞ്ചിതനിധിയാണ് ഇ.പി.എഫ്. കേന്ദ്രസർക്കാരിന്റെ വികസനപ്രവർത്തനങ്ങൾക്കും മൂലധനച്ചെലവുകൾക്കും യഥേഷ്ടം ഉപയോഗിക്കുന്ന ഈ ഫണ്ടിന്റെ പലിശനിരക്ക് ഏഴുവർഷത്തിനിടയിൽ പടിപടിയായി ദശാംശം ഏഴു ശതമാനമാണ് കുറച്ചത്. കോവിഡ് രൂക്ഷമായതിനാൽ രണ്ടുവർഷമായി ബാധിച്ചിരുന്ന മരവിപ്പ് ഇപ്പോൾ വിട്ടുമാറിയെന്നും സാമ്പത്തികരംഗം ചടുലമായെന്നും കേന്ദ്രധനമന്ത്രി ആവർത്തിക്കുന്നതിനിടയിൽ പി.എഫ്. പലിശനിരക്ക് കുറയ്ക്കുന്നതിന് എന്തു ന്യായീകരണമാണുള്ളത്?

കുറഞ്ഞ പെൻഷൻ ആയിരം രൂപയിൽനിന്ന് വർധിപ്പിക്കണമെന്ന നിർദേശത്തിലടക്കം ഗുവാഹാട്ടി യോഗത്തിൽ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും വെറുതേയായി. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പെൻഷൻ വാങ്ങി ജീവിക്കുന്ന 65 ലക്ഷത്തിലേറെ കുടുംബങ്ങളാണുള്ളത്. അതിൽ 23 ലക്ഷം പേർക്കും കിട്ടുന്നത് ആയിരം രൂപയോ അതിലും കുറവോ ആണ്. കുറഞ്ഞ പെൻഷൻ വർധിപ്പിക്കുന്ന കാര്യം മൂന്നുകൊല്ലംമുമ്പ് പാർലമെന്റിൽ ചർച്ചചെയ്യുതും സർക്കാർ അതിനോട് വാക്കാൽ അനുഭാവം പ്രകടിപ്പിച്ചതുമാണ്. ശമ്പളത്തിനാനുപാതികമായി പെൻഷൻഫണ്ടിലേക്ക് വിഹിതം സ്വീകരിക്കുകയും അതിന്റെ തോതനുസരിച്ച് പെൻഷൻ നൽകണമെന്നും കേരള ഹൈക്കോടതി വിധിച്ചിട്ട് മൂന്നരക്കൊല്ലമായി. കേന്ദ്ര തൊഴിൽവകുപ്പും പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനും നൽകിയ അപ്പീൽ 2019 ഏപ്രിലിൽത്തന്നെ സുപ്രീംകോടതി തള്ളിയതോടെ ഹൈക്കോടതിവിധി പൂർണരൂപത്തിൽ നടപ്പാക്കാൻ ബാധ്യസ്ഥമായിരുന്നു. എന്നാൽ, കോടതിവിധി നടപ്പാക്കിയാൽ ഇ.പി.എഫ്. സംവിധാനമേ തകർന്നുപോകുമെന്ന വിലാപവുമായി പുനഃപരിശോധനാഹർജി നൽകി സമ്മർദത്തിലാക്കുകയായിരുന്നു തൊഴിൽവകുപ്പ്. കുറഞ്ഞപെൻഷൻ ആയിരം രൂപയിൽനിന്ന് വർധിപ്പിക്കാൻ മൂന്നുവർഷം ചർച്ചചെയ്തിട്ടും തീരുമാനമെടുക്കാനാവാത്ത ഇ.പി.എഫ്. ട്രസ്റ്റിന് പലിശനിരക്ക് കുറയ്ക്കാൻ അല്പസമയത്തെ കൂടിയാലോചനയേ വേണ്ടിവന്നുള്ളൂ.

# കേരള വാട്ടർ അതോറിറ്റി ഹിതപരിശോധനയിൽ സിഐടിയു വലിയ സംഘടന

കേരള വാട്ടർ അതോറിറ്റിയിൽ നടന്ന ട്രേഡ് യൂണിയൻ ഹിത പരിശോധനയിൽ കേരള വാട്ടർ അതോറിറ്റി എംപ്ലോയിസ് യൂണിയൻ (സി.ഐ.ടി.യു) നെ ഏറ്റവും വലിയ സംഘടനയായി (49% ) തെരഞ്ഞെടുത്തു.

ആകെയുള്ള 5711 വോട്ടിൽ 5568പേർ വോട്ട് ചെയ്തു.സി.ഐ.ടി.യു 2703 വോട്ട് നേടി. ഐ എൻ.ടി.യു.സി 1623 (29 %) അംഗികാരവും ലഭിച്ചു. ഐ.എൻ.ടി.യു സി യുടെ വോട്ടിൽ 6 % കുറവുണ്ടായി. എ.ഐ.ടി.യു.സി നേതൃത്വത്തിലുള്ള കോൺഫെഡറേഷൻ 506 വോട്ട്നേടിയെങ്കിലും അംഗീകാരം ലഭിച്ചില്ല. മറ്റ് കാറ്റഗറിക്കൽ സംഘടനകൾക്ക് യഥാക്രമം 133,543വോട്ടും ലഭിച്ചു. പക്ഷേ അംഗീകാരം ലഭിച്ചില്ല. കാറ്റഗറിക്കൽ വികാരമുയർത്തി തൊഴിലാളി ഐക്യം തകർക്കാനുള്ള ബി.എം.എസിന്റെ നീക്കം വാട്ടർ അതോറിറ്റി ജീവനക്കാർ തള്ളികളഞ്ഞു.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പൊതുമേഖലാ സ്ഥാപനങ്ങളോടും ജലവിതരണ മേഖലയോടും സ്വീകരിക്കുന്ന ജനപക്ഷ നിലപാടുകൾക്ക് ജീവനക്കാരിൽ നിന്നും ലഭിച്ച പിന്തുണയാണ് സി.ഐ.ടി.യുവിനെ ഏറ്റവും വലിയ സംഘടനയായി തെരഞ്ഞെടുത്തത്. വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സർക്കാർ ഉറപ്പാക്കിയ ശമ്പള പരിഷ്ക്കരണം നടപടി ക്രമങ്ങളുടെ ഭാഗമായി കാലതാമസം നേരിട്ടപ്പോൾ സി.ഐ.ടി.യുവിനെയും സർക്കാരിനെതിരെയും വ്യാജ പ്രചരണങ്ങൾ ജീവനക്കാർ തള്ളിക്കളഞ്ഞു. കാറ്റഗറിക്കൽ വികാരങ്ങൾ ഉയർത്തി ജീവനക്കാരെ ഭിന്നിപ്പിക്കാനുള്ള കുത്സിത ശ്രമവും പരാജയപ്പെട്ടു.

# കെൽട്രോൺ എംപ്ലോയീസ് അസോസിയേഷൻ പതിനഞ്ചാം അഖിലേന്ത്യ സമ്മേളനം



2022 മാർച്ച് 11, 12 തീയതികളിൽ സ. ആർ.സി. ഗോപിനാഥ് നഗർ (ബിടിആർ മെമ്മോറിയൽ ഹാളിൽ ) വച്ചു ചേർന്നു. 11 ന് രാവിലെ 10.00ന് പ്രസിഡന്റ് സ. സി ജയൻബാബു പതാക ഉയർത്തി. രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പ്പാർച്ചന നടന്നു. 10.30ന് തൊഴിൽ നിയമ ഭേദഗതിയും, പൊതുമേഖല സ്വകാര്യവൽക്കരണവും എന്ന വിഷയത്തിൽ സ. കെ.എൻ. ഗോപിനാഥ് ഉത്ഘാടനം ചെയ്യു. സ.ജയൻബാബു അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് ശേഷം 3.0ന് ബഹു. വ്യവസായ വകുപ്പ് മന്ത്രി സ. പി. രാജീവ് സമ്മേളനം ഉത്ഘാടനം ചെയ്യു. സ. ജയൻബാബു അധ്യക്ഷത വഹിച്ചു. ആർ. സുനിൽ സ്വാഗതം പറഞ്ഞു. 12ന് രാവിലെ 10ന് വിദ്യാഭ്യാസ മന്ത്രി സ. വി.ശിവൻകുട്ടി പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യു. ജയൻബാബു അധ്യഷ്യത വഹിച്ചു. ആർ. സുനിൽ സ്വാഗതം പറഞ്ഞു. 212 പ്രതിനിധികൾ പങ്കെടുത്തു. **ഭാരവാഹികൾ :** സ. കടകംപള്ളി സുരേന്ദ്രൻ (പ്രസിഡന്റ്), ഡി മോഹനൻ (വർക്കിംഗ് പ്രസിഡന്റ് ), ആർ.സുനിൽ (ജനറൽ സെക്രട്ടറി) , പി എൻ വേണുഗോപാലൻ (ട്രെഷറർ)



ട്രേഡ് യൂണിയൻ സംയുക്ത സമരസമിതി ആഹ്വാനം ചെയ്ത 2022 മാർച്ച് 28, 29 തീയതികളിലെ പൊതുപണിമുടക്കിന്റെ ലോഗോ സ:എളമരം കരീം എംപി ഉദ്ഘാടനം ചെയ്യുന്നു. വാഴൂർ സോമൻ എം.എൽ.എ ഏറ്റുവാങ്ങി. വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ പങ്കെടുത്തു. കൊല്ലം സ്വദേശി ഫൈബിയാണ് ലോഗോ ഡിസൈൻ ചെയ്തത്.



ബിപിസിഎൽ സംരക്ഷണ സമര സഹായസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച തൊഴിലാളികളുടെ പ്രതിഷേധമാർച്ച് സിഐടിയു ദേശീയ സെക്രട്ടറി സ:കെ.ചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്യുന്നു.



തൊഴിലാളി ദ്രോഹ ജനവിരുദ്ധ കേന്ദ്രബഡ്ജറ്റിനെതിരെ ട്രേഡ് യൂണിയൻ സംയുക്തസമരസമിതി സംഘടിപ്പിച്ച സംസ്ഥാനവ്യാപക പ്രതിഷേധ സമരം തിരുവനന്തപുരത്ത് സിഐടിയു പ്രസിഡന്റ് സ:ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യു.



തൊഴിലാളി ദ്രോഹ ജനവിരുദ്ധ കേന്ദ്രബഡ്ജറ്റിനെതിരെ ട്രേഡ് യൂണിയൻ സംയുക്തസമരസമിതി സംഘടിപ്പിച്ച സംസ്ഥാനവ്യാപക പ്രതിഷേധ സമരം കാസർഗോഡ് സിഐടിയു സെക്രട്ടറി സ:ടി.കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു.



തൊഴിലാളി ദ്രോഹ ജനവിരുദ്ധ കേന്ദ്രബഡ്ജറ്റിനെതിരെ ട്രേഡ് യൂണിയൻ സംയുക്തസമരസമിതി സംഘടിപ്പിച്ച സംസ്ഥാന വ്യാപക പ്രതിഷേധ സമരം തൃശ്ശൂരിൽ സിഐടിയു സെക്രട്ടറി സ:യു.പി.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.




ദ്വിദിന ദേശീയ പണിമുടക്ക് വിജയിപ്പിക്കുന്നതിന് വേണ്ടി തൊഴിലെടുക്കുന്ന സ്ത്രീകൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ കൂട്ടായ്മയിൽ നിന്ന്.



കണ്ണൂർ




കോഴിക്കോട്



വയനാട്



പാലക്കാട്




കോട്ടയം



കൊല്ലം



എറണാകുളം




ഇടുക്കി



തൃശൂർ



ആലപ്പുഴ



തിരുവനന്തപുരം